കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഫാക്ടറി ആക്ട്, 1948

## (1948-ലെ 63-ാം നമ്പർ ആക്ട്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1977

വില:

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ഫാക്ടറി ആക്ട്, 1948

## (1948-ലെ 63-ാം നമ്പർ ആക്ട്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

# ഫാക്ററി ആക്ററ്, 1948

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ


അദ്ധ്യായം I

പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.
2. വ്യാഖ്യാനം.
3. ദിവസത്തിലെ സമയത്തെക്കുറിച്ചുള്ള പരാമർശങ്ങൾ.
4. വ്യത്യസ്ത വകുപ്പുകളെ വെവ്വേറെ ഫാക്ററികളായോ, രണ്ടോ അതിലധികമോ ഫാക്ററികളെ ഒററ ഫാക്ററിയായോ പ്രഖ്യാപിക്കാനുള്ള അധികാരം.
5. പൊതു അടിയന്തരാവസ്ഥയിൽ ഒഴിവാക്കാനുള്ള അധികാരം.
6. ഫാക്ററികളുടെ അംഗീകരണവും ലൈസൻസിങ്ങും രജിസ്ട്രേഷനും.
7. കൈവശക്കാരനാലുള്ള നോട്ടീസ്.

അദ്ധ്യായം II

പരിശോധനോദ്യോഗസ്ഥൻമാർ

8. ഇൻസ്പെക്റററർമാർ.
9. ഇൻസ്പെക്ററർമാരുടെ അധികാരങ്ങൾ.
10. സർട്ടിഫൈ ചെയ്യുന്ന സർജൻമാർ.

അദ്ധ്യായം III

ആരോഗ്യം

11. ശുചിത്വം.
12. നിരുപയോഗാവിശിഷ്ടങ്ങളും ബഹിഃസ്രാവങ്ങളും കൈയൊഴിക്കൽ.
13. വായുസഞ്ചാരവും താപനിലയും.
14. ധൂളിയും ധൂമവും.
15. കൃത്രിമ ആർദ്രീകരണം.
16. ആൾത്തിരക്ക്.
17. വെളിച്ചം.
18. കുടിക്കാനുള്ള വെള്ളം.
19. കക്കൂസുകളും മൂത്രപ്പുരകളും.
20. തുപ്പൽ പാത്രങ്ങൾ.

അദ്ധ്യായം IV

രക്ഷ

21. മെഷീനറി കെട്ടിയടയ്ക്കൽ.
22. ചലിച്ചുകൊണ്ടിരിക്കുന്ന മെഷീനറിയിൻമേലോ അതിന് അടുത്തോ ഉള്ള പ്രവൃത്തി.
23. അപായകരമായ യന്ത്രങ്ങളിൽ ചെറുപ്രായത്തിലുള്ള ആളുകളെ നിയോജിക്കുന്നത്.

24. ശക്തി വിച്ഛേദിക്കാനുള്ള സ്ട്രൈക്കിങ്ങ് ഗീയറും മററ് ഉപായങ്ങളും.
25. സ്വയം പ്രവർത്തിക്കുന്ന യന്ത്രങ്ങൾ.
26. പുതിയ മെഷിനറി വേഷ്ടനം ചെയ്യൽ.
27. പരുത്തി കടച്ചിൽ യന്ത്രത്തിന്റെ അടുത്തു സ്ത്രീകളേയും കുട്ടികളേയും നിയോജിക്കുന്നതിന്റെ നിരോധനം.
28. ഹായിസ്ററുകളും ലിഫ്ററുകളും.
29. ഉയർത്തൽ യന്ത്രങ്ങളും ചങ്ങലകളും കയറുകളും ഉയർത്തൽ ടാക്കിളുകളും
30. കറങ്ങുന്ന യന്ത്രം.
31. മർദ്ദ പ്ലാന്റ്.
32. തറകളും കോണിപ്പടികളും പ്രവേശനമാർഗ്ഗങ്ങളും.
33. കുഴികൾ, സമ്പുകൾ, തറകളിലുള്ള ദ്വാരങ്ങൾ മുതലായവ.
34. അത്യധികഭാരം.
35. കണ്ണുകളുടെ സംരക്ഷണം.
36. അപായകരമായ ധൂമത്തിനെതിരായ മുൻകരുതലുകൾ.
37. സ്ഫോടകമായതോ എളുപ്പം തീപിടിക്കാവുന്നതോ ആയ ധൂളി, വാതകം മുതലായവ.
38. അഗ്നിബാധ ഉണ്ടായാലുള്ള മുൻകരുതലുകൾ.
39. ന്യൂനതയുള്ള ഭാഗങ്ങളുടെ വിനിർദ്ദിഷ്ട വിവരങ്ങൾക്കോ സുസ്ഥിരതയുടെ പരീക്ഷണങ്ങൾക്കോ ആവശ്യപ്പെടാനുള്ള അധികാരം.
40. കെട്ടിടങ്ങളുടേയും മെഷിനറിയുടേയും രക്ഷ.
41. ഈ അദ്ധ്യായത്തിന് അനുപൂരകമായി ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

## അദ്ധ്യായം V

### ക്ഷേമം

42. കഴുകാനുള്ള സൗകര്യങ്ങൾ.
43. വസ്ത്രം സൂക്ഷിച്ചുവയ്ക്കുകയും ഉണക്കുകയും ചെയ്യാനുള്ള സൗകര്യങ്ങൾ.
44. ഇരിക്കാനുള്ള സൗകര്യങ്ങൾ.
45. പ്രഥമ ശുശ്രൂഷോപകരണങ്ങൾ.
46. കാൻറീനുകൾ.
47. ഷെൽട്ടറുകളും വിശ്രമ മുറികളും ലഘുഭക്ഷണ മുറികളും.
48. ശിശുശാലകൾ.
49. ക്ഷേമ ഉദ്യോഗസ്ഥൻമാർ.
50. ഈ അദ്ധ്യായത്തിന് അനുപൂരകമായി ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

## അദ്ധ്യായം VI

### പ്രായപൂർത്തിയായവരുടെ പ്രവൃത്തി മണിക്കൂറുകൾ

51. ആഴ്ചയിലെ മണിക്കൂറുകൾ.
52. ആഴ്ചയിലെ ഒഴിവുദിവസങ്ങൾ.
53. നഷ്ടപരിഹാര നിലയിലുള്ള ഒഴിവു ദിവസങ്ങൾ.
54. ദിവസത്തിലെ മണിക്കൂറുകൾ.
55. വിശ്രമത്തിനുള്ള ഇടവേളകൾ.

56. വ്യാപ്തി.
57. രാത്രി ഷിഫ്ററുകൾ.
58. പരസ്പര വ്യാപിയായ ഷിഫ്ററുകളുടെ നിരോധനം.
59. ഓവർടൈമിനുള്ള അധികകൂലി.
60. ഇരട്ട നിയോജനങ്ങളിൻമേലുള്ള നിയന്ത്രണം.
61. പ്രായപൂർത്തിയായവർക്കുള്ള പ്രവൃത്തി കാലയളവുകളുടെ നോട്ടീസ്.
62. പ്രായപൂർത്തിയായ തൊഴിലാളികളുടെ രജിസ്ററർ.
63. പ്രവൃത്തി മണിക്കൂറുകൾ 61-ാം വകുപ്പിൻകീഴിലെ നോട്ടീസിനും 62-ാം വകുപ്പിൻകീഴിലുള്ള രജിസ്ററിനും അനുരൂപമായിരിക്കണമെന്ന്.
64. ഒഴിവാക്കിക്കൊണ്ടുള്ള ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.
65. ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവുകൾ ഉണ്ടാക്കാനുള്ള അധികാരം.
66. സ്ത്രീകളുടെ നിയോജനത്തിനുള്ള കൂടുതൽ നിയന്ത്രണങ്ങൾ.

## അദ്ധ്യായം VII

### ചെറുപ്രായത്തിലുള്ള ആളുകളുടെ നിയോജനം.

67. ചെറുപ്രായത്തിലുള്ള കുട്ടികളുടെ നിയോജനം നിരോധിക്കുന്നത്.
68. പ്രായപൂർത്തിയായവരല്ലാത്ത തൊഴിലാളികൾ ടോക്കണുകൾ കൊണ്ടുനടക്കണമെന്ന്.
69. യോഗ്യതാ സർട്ടിഫിക്കററുകൾ.
70. പ്രായപൂർത്തി ആകാറായ ആൾക്ക് നല്കുന്ന യോഗ്യതാ സർട്ടിഫിക്കററിന്റെ പ്രഭാവം.
71. കുട്ടികൾക്കുള്ള പ്രവൃത്തി മണിക്കൂറുകൾ.
72. കുട്ടികൾക്കുള്ള പ്രവൃത്തിക്കാലയളവുകളുടെ നോട്ടീസ്.
73. കുട്ടികളായ തൊഴിലാളികളുടെ രജിസ്ററർ.
74. പ്രവൃത്തി മണിക്കൂറുകൾ 72-ാം വകുപ്പിൻകീഴിലെ നോട്ടീസിനും 73-ാം വകുപ്പിൻകീഴിലെ രജിസ്ററിനും അനുരൂപമായിരിക്കണമെന്ന്.
75. മെഡിക്കൽ പരിശോധനയ്ക്ക് ആവശ്യപ്പെടാനുള്ള അധികാരം.
76. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.
77. മററു ചില നിയമവ്യവസ്ഥകൾക്ക് തടസ്സമല്ലെന്ന്.

## അദ്ധ്യായം VIII

### കൂലിയോടുകൂടിയ വാർഷികാവധി

78. അദ്ധ്യായത്തിന്റെ ബാധകത.
79. കൂലിയോടുകൂടിയ വാർഷികാവധി.
80. അവധിക്കാലത്തെ കൂലി.
81. ചില സംഗതികളിൽ മുൻകൂറായി പണം കൊടുക്കുന്നത്.
82. കിട്ടിയിട്ടില്ലാത്ത കൂലി വസൂലാക്കുന്ന രീതി.
83. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.
84. ഫാക്ടറികളെ ഒഴിവാക്കാനുള്ള അധികാരം.

## അദ്ധ്യായം IX

### പ്രത്യേക വ്യവസ്ഥകൾ

85. ചില കെട്ടിടപരിസരങ്ങൾക്ക് ആക്ററ് ബാധകമാക്കാനുള്ള അധികാരം.
86. പൊതുസ്ഥാപനങ്ങളെ ഒഴിവാക്കാനുള്ള അധികാരം.

87. അപായകരമായ പ്രവർത്തനങ്ങൾ.
88. ചില അപകടങ്ങൾ സംബന്ധിച്ച നോട്ടീസ്.
89. ചില രോഗങ്ങളെക്കുറിച്ചുള്ള നോട്ടീസ്.
90. അപകടത്തിൻേറയോ രോഗത്തിൻേറയോ കേസ്സുകളിൽ അന്വേഷണ വിചാരണയ്ക്കു നിദേശിക്കാനുള്ള അധികാരം.
91. സാമ്പിളുകൾ എടുക്കാനുള്ള അധികാരം.

അദ്ധ്യായം X

ദണ്ഡനങ്ങളും നടപടിക്രമവും

92. കുററങ്ങൾക്കുള്ള സാമാന്യ ദണ്ഡനം.
93. ചില പരിതഃസ്ഥിതികളിൽ കെട്ടിട പരിസരങ്ങളുടെ ഉടമസ്ഥൻെറ ഉത്തരവാദിത്വം.
94. മുൻകുററസ്ഥാപനത്തിനുശേഷമുള്ള വർദ്ധിച്ച ദണ്ഡനം.
95. ഇൻസ്പെക്ടററെ തടസ്സപ്പെടുത്തുന്നതിനുള്ള ദണ്ഡനം.
96. 91-ാം വകുപ്പിൻകീഴിലുള്ള വിശ്ലേഷണത്തിൻെറ ഫലങ്ങൾ അന്യായമായി വെളിപ്പെടുത്തുന്നതിനുള്ള ശിക്ഷ.
97. തൊഴിലാളികളാലുള്ള കുററങ്ങൾ.
98. വ്യാജമായ യോഗ്യതാ സർട്ടിഫിക്കററ് ഉപയോഗിക്കുന്നതിനുള്ള ദണ്ഡനം.
99. കുട്ടിയുടെ ഇരട്ട നിയോജനം അനുവദിക്കുന്നതിനുള്ള ദണ്ഡനം.
100. ചില സംഗതികളിൽ കൈവശക്കാരനെ തീരുമാനിക്കൽ.
101. ചില സംഗതികളിൽ കൈവശക്കാരനേയോ മാനേജരേയോ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിവാക്കൽ.
102. ഉത്തരവുകൾ പാസ്സാക്കാനുള്ള കോടതിയുടെ അധികാരം.
103. നിയോജനം സംബന്ധിച്ച അനുമാനം.
104. വയസ്സ് സംബന്ധിച്ച് തെളിയിക്കേണ്ട ഭാരം.
105. കുററങ്ങൾ നടപടിക്കെടുക്കൽ.
106. പ്രാസിക്യൂഷനുകൾക്കുള്ള കാലഹരണം.

അദ്ധ്യായം XI

അനുപൂരകം

107. അപ്പീലുകൾ.
108. നോട്ടീസുകൾ പ്രദർശിപ്പിക്കുന്നത്.
109. നോട്ടീസുകൾ നടത്തുന്നത്.
110. റിട്ടേണുകൾ.
111. തൊഴിലാളികളുടെ കടപ്പാടുകൾ.
112. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള സാമാന്യാധികാരം.
113. നിദേശങ്ങൾ കൊടുക്കാനുള്ള കേന്ദ്രത്തിൻെറ അധികാരങ്ങൾ.
114. സൗകര്യങ്ങൾക്ക് ചാർജ്ജില്ലെന്ന്.
115. ചട്ടങ്ങളുടെ പ്രസിദ്ധീകരണം.
116. ഗവൺമെൻറിൻെറ ഫാക്ടററികൾക്ക് ആക്ററ് ബാധകമാകുന്നത്.
117. ഈ ആക്ററിൻകീഴിൽ പ്രവർത്തിക്കുന്ന ആളുകൾക്കുള്ള സംരക്ഷണം.
118. വിവരം വെളിപ്പെടുത്തുന്നതിനുള്ള നിയന്ത്രണം.
119. റദ്ദാക്കപ്പെട്ടു.
120. റദ്ദാക്കലും ഒഴിവാക്കലും.

പട്ടിക

നോട്ടീസ് കൊടുക്കേണ്ട രോഗങ്ങളുടെ ലിസ്ററ്.

# ഫാക്ടറി ആക്ട്, 1948

## (1948-ലെ 63-ാം നമ്പർ ആക്ട്)

[1948 സെപ്റ്റംബർ, 23]

ഫാക്ടറികളിലെ തൊഴിൽ ക്രമപ്പെടുത്തുന്ന നിയമം സഞ്ചയിക്കുകയും ഭേദഗതിചെയ്യുകയും ചെയ്യാനുള്ള ആക്ട്.

ഫാക്ടറികളിലെ തൊഴിൽ ക്രമപ്പെടുത്തുന്ന നിയമം സഞ്ചയിക്കുകയും ഭേദഗതിചെയ്യുകയും ചെയ്യുന്നത് സമിചീനമായിരിക്കുകയാൽ;

ഇതിനാൽ താഴെപറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

### അദ്ധ്യായം I

### പ്രാരംഭികം.

1. <u>ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.</u>—(1) ഈ ആക്റ്റിന്, ഫാക്ടറി ആക്ട്, 1948 എന്ന് പേർപറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് 1949 ഏപ്രിൽ 1-ാം ദിവസം പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. <u>വ്യാഖ്യാനം.</u>—ഈ ആക്റ്റിൽ വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി ഏതെങ്കിലും ഇല്ലാത്തപക്ഷം,—

(ക) ''പ്രായപൂർത്തിയായ ആൾ'' എന്നാൽ, തന്റെ പതിനെട്ടാമത്തെ വയസ്സു പൂർത്തിയായ ആൾ എന്നർത്ഥമാകുന്നു;

(ഖ) ''പ്രായപൂർത്തിയാകാറായ ആൾ'' എന്നാൽ, തന്റെ പതിനഞ്ചാമത്തെ വയസ്സു പൂർത്തിയായിരിക്കുകയും, എന്നാൽ പതിനെട്ടാമത്തെ വയസ്സ് പൂർത്തിയായിട്ടില്ലാതിരിക്കുകയും ചെയ്യുന്ന ആൾ എന്നർത്ഥമാകുന്നു;

(ഖഖ) ''കലണ്ടർ വർഷം'' എന്നാൽ ഏതെങ്കിലും വർഷത്തിൽ ജനുവരി ഒന്നാംദിവസം ആരംഭിക്കുന്ന പന്ത്രണ്ടുമാസക്കാലം എന്നർത്ഥമാകുന്നു;

(ഗ) ''കുട്ടി'' എന്നാൽ, തന്റെ പതിനഞ്ചാമത്തെ വയസ്സ് പൂർത്തിയായിട്ടില്ലാത്ത ആൾ എന്നർത്ഥമാകുന്നു;

(ഘ) ''ചെറുപ്രായത്തിലുള്ള ആൾ''എന്നാൽ, കുട്ടിയോ പ്രായപൂർത്തിയാകാറായ ആളോ എന്നർത്ഥമാകുന്നു;

(ങ) ''ദിവസം'' എന്നാൽ,അർദ്ധരാത്രി മുതൽആരംഭിക്കുന്ന ഇരുപത്തിനാലു മണിക്കൂർ കാലം എന്നർത്ഥമാകുന്നു;

(ച) ''ആഴ്ച'' എന്നാൽ ശനിയാഴ്ച രാത്രിയിലോ അല്ലെങ്കിൽ ഫാക്ടറികളുടെ ചീഫ് ഇൻസ്പെക്ടർ ഒരു പ്രത്യേക പ്രദേശത്തേയ്ക്ക് ലിഖിതമായി അംഗീകരിക്കുന്ന മറ്റുരാത്രിയിലോ അർദ്ധരാത്രി മുതൽ ആരംഭിക്കുന്ന ഏഴുദിവസക്കാലം എന്നർത്ഥമാകുന്നു;

(ഛ) ''ശക്തി'' എന്നാൽ,വൈദ്യുത ഊർജ്ജം എന്നോ, അല്ലെങ്കിൽ യന്ത്രപ്രേഷിതവും മനുഷ്യനാലോ മൃഗത്താലോ ഉത്പാദിപ്പിക്കപ്പെടുന്നതല്ലാത്തതുമായ മറ്റേതെങ്കിലും രൂപത്തിലുള്ള ഊർജ്ജം എന്നോ അർത്ഥമാകുന്നു;

(ജ) "മൂലചാലകം" എന്നാൽ, ഏതെങ്കിലും എൻജിനോ മോട്ടോറോ അല്ലെങ്കിൽ ശക്തി ഉത്പാദിപ്പിക്കുകയോ മററുവിധത്തിൽ നല്കുകയോ ചെയ്യുന്ന മററ് ഉപകരണമോ എന്നർത്ഥമാകുന്നു;

(ത്ധ) "പ്രേഷണമെഷിനറി" എന്നാൽ, മൂലചാലകത്തിന്റെ ചലനം ഏതെങ്കിലും മെഷിനറിയിലേക്കോ ഉപകരണത്തിലേക്കോ പ്രേഷണം ചെയ്യുകയോ ഏതെങ്കിലും മെഷിനറിയാലോ ഉപകരണത്താലോ സ്വീകരിക്കപ്പെടുകയോ ചെയ്യുന്ന ഏതെങ്കിലും ഷാഫ്ററോ, ചക്രമോ, ഡ്രമ്മോ, കപ്പിയോ, കപ്പികളുടെ കൂട്ടമോ, കപ്ലിങ്ങോ, ക്ലച്ചോ, ഡ്രൈവിങ്ങ് ബൽററോ, മററ് ഉപകരണമോ സൂത്രമോ എന്നർത്ഥമാകുന്നു;

(ഞ) "മെഷിനറി"യിൽ, മൂലചാലകങ്ങളും, പ്രേഷണമെഷിനറിയും ശക്തി ഉത്പാദിപ്പിക്കുകയോ, രൂപാന്തരപ്പെടുത്തുകയോ പ്രേഷണം ചെയ്യുകയോ അല്ലെങ്കിൽ പ്രയോഗിക്കുകയോ ചെയ്യുന്ന മററെല്ലാ ഉപകരണങ്ങളും ഉൾപ്പെടുന്നതാകുന്നു;

(ട) "നിർമ്മാണ പ്രക്രിയ" എന്നാൽ—

(i) ഏതെങ്കിലും സാധനം അല്ലെങ്കിൽ പദാർത്ഥം, അതിന്റെ ഉപയോഗമോ, വില്പനയോ പരിവഹണമോ ഡെലിവറിയോ വ്യയനമോ ലക്ഷ്യമാക്കി ഉണ്ടാക്കുകയോ, വ്യത്യാസപ്പെടുത്തുകയോ, കേടുപാടുതീർക്കുകയോ, മോടിപിടിപ്പിക്കുകയോ, മിനുക്കുപണിചെയ്യുകയോ, പാക്ക്ചെയ്യുകയോ, എണ്ണയിടുകയോ, കഴുകുകയോ, വൃത്തിയാക്കുകയോ, പൊളിക്കുകയോ, നശിപ്പിക്കുകയോ, മററുവിധത്തിൽ കൈകാര്യംചെയ്കയോ അനുയോജ്യമാക്കുകയോ;

(ii) എണ്ണയോ, വെള്ളമോ,അഴുക്കുചാൽവെള്ളമോ പമ്പുചെയ്യുകയോ,

(iii) യന്ത്രശക്തി ഉത്പാദിപ്പിക്കുകയോ, രൂപാന്തരപ്പെടുത്തുകയോ പ്രേഷണം ചെയ്യുകയോ,

(iv) അച്ചടിക്കുവേണ്ടി അച്ചുനിരത്തുകയോ, ലെററർപ്രസ്സ് വഴിയോ ലിത്തോഗ്രാഫ്വഴിയോ, ഫോട്ടോ ഗ്രെവ്യൂർവഴിയോ മററു സദൃശ പ്രക്രിയവഴിയോ ഉള്ള അച്ചടിയോ, ബുക്ക്ബൈൻഡിങ്ങോ;

(v) കപ്പലുകളോ ജലയാനങ്ങളോ നിർമ്മിക്കുകയോ, പുനർനിർമ്മാണം ചെയ്യുകയോ, കേടുപാടുതീർക്കുകയോ, റീഫിററ്ചെയ്യുകയോ മിനുക്കുപണി ചെയ്യുകയോ, പൊളിക്കുകയോ,

ചെയ്യുന്നതിനുള്ള ഏതെങ്കിലും പ്രക്രിയ എന്നർത്ഥമാകുന്നു.

(ഠ) "തൊഴിലാളി" എന്നാൽ, ഏതെങ്കിലും നിർമ്മാണ പ്രക്രിയയിലോ അല്ലെങ്കിൽ നിർമ്മാണപ്രക്രിയയ്ക്ക് ഉപയോഗിക്കുന്ന മെഷിനറിയുടേയോ കെട്ടിടപരിസരങ്ങളുടേയോ ഏതെങ്കിലും ഭാഗം വൃത്തിയാക്കുന്നതിലോ, അല്ലെങ്കിൽ നിർമ്മാണപ്രക്രിയക്കോ നിർമ്മാണപ്രക്രിയയുടെ വിഷയവസ്തുവിനോ ആനുഷംഗികമായതോ, അതുമായി ബന്ധപ്പെട്ടതോ ആയ മറേറതെങ്കിലും തരത്തിലുള്ള പ്രവൃത്തിയിലോ, കൂലിക്കുവേണ്ടിയായാലും അല്ലെങ്കിലും, നേരിട്ടോ ഏതെങ്കിലും ഏജൻസിയിലൂടെയോ നിയോജിക്കപ്പെടുന്ന ആരം എന്നർത്ഥമാകുന്നു.

(ഡ) "ഫാക്ററി" എന്നാൽ, ഏത് കെട്ടിടപരിസരങ്ങളിലാണോ—

(i) പത്തോ അതിലധികമോ തൊഴിലാളികരം പ്രവൃത്തിചെയ്തുകൊണ്ടിരിക്കുകയും അല്ലെങ്കിൽ തൊട്ടുമുമ്പുള്ള പന്ത്രണ്ടുമാസങ്ങളിലെ ഏതെങ്കിലും ദിവസം പ്രവർത്തിചെയ്തുകൊണ്ടിരുന്നിരിക്കുകയും ചെയ്യുകയും, അതിന്റെ ഏതെങ്കിലും ഭാഗത്ത് ശക്തിയുടെ സഹായത്തോടുകൂടി നിർമ്മാണ പ്രക്രിയ നടത്തിക്കൊണ്ടിരിക്കുകയോ സാധാരണമായി അപ്രകാരം നടത്താറുണ്ടായിരിക്കുകയോ, ചെയ്യുകയും; അല്ലെങ്കിൽ

(ii) ഇരുപതോ അതിലധികമോ തൊഴിലാളികൾ പ്രവൃത്തിചെയ്തു കൊണ്ടിരിക്കുകയും, അല്ലെങ്കിൽ തൊട്ടുമുമ്പുള്ള പന്ത്രണ്ടുമാസങ്ങളിലെ ഏതെങ്കിലും ദിവസം പ്രവൃത്തിചെയ്തുകൊണ്ടിരുന്നിരിക്കുകയും ചെയ്യുകയും, അതിന്റെ ഏതെങ്കിലും ഭാഗത്ത് ശക്തിയുടെ സഹായംകൂടാതെ നിർമ്മാണ പ്രക്രിയ നടത്തിക്കൊണ്ടിരിക്കുകയോ അല്ലെങ്കിൽ സാധാരണമായി അപ്രകാരം നടത്താറുണ്ടായിരിക്കുകയോ ചെയ്യുകയും,

ചെയ്യുന്നത്, അങ്ങനെയുള്ള ഏതെങ്കിലും കെട്ടിടപരിസരങ്ങൾ, അതിന്റെ അതിരുകൾ ഉൾപ്പെടെ, എന്നർത്ഥമാകുന്നതും, എന്നാൽ അതിൽ ഖനി ആക്റ്റ്, 1952 (1952–ലെ 35)–ന്റെ പ്രവർത്തനത്തിനു വിധേയമായ ഖനിയോ അല്ലെങ്കിൽ റയിൽവേ റണ്ണിങ്ഷെഡ്ഡോ ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

(ഢ) ഫാക്റ്ററിയുടെ ''കൈവശക്കാരൻ'' എന്നാൽ,ആ ഫാക്റ്ററിയുടെ കാര്യങ്ങളുടെ മേൽ, അന്തിമനിയന്ത്രണമുള്ള ആൾ എന്നർത്ഥമാകുന്നതും, മുൻപറഞ്ഞ കാര്യങ്ങൾ ഒരു മാനേജിങ് ഏജൻറിനെ ഭരമേല്പിച്ചിട്ടുള്ളിടത്ത്, അങ്ങനെയുള്ള ഏജൻറ് ആ ഫാക്റ്ററിയുടെ കൈവശക്കാരനായി കരുതപ്പെടുന്നതും ആകുന്നു;

(ണ) ''മാനേജിങ് ഏജൻറി''ന്, ഇൻഡ്യൻ കമ്പനി ആക്റ്റ്, 1913 (1913–ലെ 7) –ൽ അതിനു നല്കിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതാണ്;

(ത) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ, സ്റ്റേററ് ഗവൺമെൻറ് ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഥ) [റദ്ദാക്കപ്പെട്ടു]

(ദ) ഒരേ തരത്തിലുള്ള പ്രവൃത്തി തൊഴിലാളികളുടെ രണ്ടോ അതിലധികമോ സെററുകൾ ദിവസത്തിലെ വ്യത്യസ്തകാലയളവുകളിൽ പ്രവൃത്തി ചെയ്തുകൊണ്ട് നടത്തിക്കൊണ്ടുപോകുന്നിടത്ത്, അങ്ങനെയുള്ള സെററുകളിൽ ഓരോന്നിനും ''റിലെ'' എന്നും അങ്ങനെയുള്ള കാലയളവുകളിൽ ഓരോന്നിനും ''ഷിഫ്റ്റ്'' എന്നും പേർപറയപ്പെടുന്നു.

3. ദിവസത്തിലെ സമയത്തെക്കുറിച്ചുള്ള പരാമർശങ്ങൾ.—ദിവസത്തിലെ സമയത്തെക്കുറിച്ചുള്ള ഈ ആക്റ്റിലെ പരാമർശങ്ങൾ ഗ്രീനിജ്ജ്മാദ്ധ്യ സമയത്തിന് അഞ്ചരമണിക്കൂർ മുമ്പായിട്ടുള്ള ഇൻഡ്യൻ സ്റ്റാൻഡേർഡ് സമയത്തെക്കുറിച്ചുള്ള പരാമർശങ്ങളാകുന്നു:

എന്നാൽ, ഇൻഡ്യൻ സ്റ്റാൻഡേർഡ് സമയം സാധാരണമായി പാലിക്കുന്ന ഏതെങ്കിലും പ്രദേശത്തെയ്ക്ക് സ്റ്റേററ് ഗവൺമെൻറിന്—

(ക) ആ പ്രദേശം വിനിർദ്ദേശിച്ചുകൊണ്ടും,

(ഖ) അവിടെ സാധാരണമായി പാലിക്കുന്ന തദ്ദേശമാദ്ധ്യസമയം നിർവ്വചിച്ചുകൊണ്ടും,

(ഗ) ആ പ്രദേശത്ത് സ്ഥിതിചെയ്യുന്ന എല്ലാ ഫാക്റ്ററികളിലും അല്ലെങ്കിൽ അവയിൽ ഏതിലെങ്കിലും അങ്ങനെയുള്ള സമയം പാലിക്കാൻ അനുവദിച്ചുകൊണ്ടും,

ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

4. വ്യത്യസ്തവകുപ്പുകളെ വെവ്വേറെ ഫാക്റ്ററികളായോ രണ്ടോ അതിലധികമോ ഫാക്റ്ററികളെ ഒററ ഫാക്റ്ററിയായോ പ്രഖ്യാപിക്കാനുള്ള അധികാരം.—കൈവശക്കാരൻ ഇതിലേയ്ക്ക് കൊടുക്കുന്ന അപേക്ഷയിൻമേൽ, സ്റ്റേററ്ഗവൺമെൻറിന്, കൈവശക്കാരന്റെ ഒരു ഫാക്റ്ററിയുടെ, അപേക്ഷയിൽ വിനിർദ്ദേശിക്കുന്ന വ്യത്യസ്തമായ വകുപ്പുകളോ ശാഖകളോ, ഈ

ആക്റ്റിന്റെ എല്ലാ ആവശ്യങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ വെവ്വേറെ ഫാക്റ്ററികളായി കണക്കാക്കപ്പെടുന്നതാണെന്നോ, അല്ലെങ്കിൽ കൈവശക്കാരന്റെ അപേക്ഷയിൽ വിനിർദ്ദേശിക്കുന്ന രണ്ടോ അതിലധികമോ ഫാക്റ്ററികൾ, ഒററ ഫാക്റ്ററിയായി കണക്കാക്കപ്പെടുന്നതാണെന്നോ, ലിഖിതമായ ഉത്തരവു വഴി നിദേശിക്കാവുന്നതാണ്.

5. <u>പൊതു അടിയന്തരാവസ്ഥയിൽ ഒഴിവാക്കാനുള്ള അധികാരം.</u>—പൊതു അടിയന്തരാവസ്ഥയുടെ ഏതെങ്കിലും സംഗതിയിൽ, സ്റ്റേറ്റ് ഗവൺമെന്റിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഏതെങ്കിലും ഫാക്റ്ററിയേയോ, ഏതെങ്കിലും തരം അല്ലെങ്കിൽ ഇനം ഫാക്റ്ററികളേയോ, ഈ ആക്റ്റിലെ 67-ാം വകുപ്പ് ഒഴികെയുള്ള എല്ലാ വ്യവസ്ഥകളിൽനിന്നുമോ അവയിൽ ഏതിൽനിന്നെങ്കിലുമോ, യുക്തമെന്ന് തോന്നുന്ന കാലത്തേക്കും യുക്തമെന്നുതോന്നുന്ന ഉപാധികൾക്ക് വിധേയമായും, ഒഴിവാക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു വിജ്ഞാപനവും ഒരിക്കൽ മൂന്നുമാസത്തിൽ കവിയുന്ന കാലത്തേക്ക് പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

6. <u>ഫാക്റ്ററികളുടെ അംഗീകരണവും ലൈസൻസിങ്ങും രജിസ്ട്രേഷനും.</u>—(1) സ്റ്റേറ്റ് ഗവൺമെന്റിന്—

(ക) ഫാക്റ്ററി സ്ഥിതിചെയ്യേണ്ട സ്ഥാനത്തിനും ഏതെങ്കിലും ഫാക്റ്ററിയുടേയോ ഏതെങ്കിലും തരം അല്ലെങ്കിൽ ഇനം ഫാക്റ്ററികളുടേയോ നിർമ്മാണത്തിനും അല്ലെങ്കിൽ വിപുലീകരണത്തിനും, സ്റ്റേറ്റ്ഗവൺമെന്റിന്റേയോ ചീഫ്ഇൻസ്പെക്റ്ററുടേയോ ലിഖിതമായ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിക്കണമെന്ന് ആവശ്യപ്പെടുന്നതും;

(ഖ) അങ്ങനെയുള്ള അനുവാദത്തിനുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനുവേണ്ടി പ്ലാനുകളും വിനിർദ്ദിഷ്ട വിവരങ്ങളും ആവശ്യപ്പെടുന്നതും;

(ഗ) അങ്ങനെയുള്ള പ്ലാനുകളുടേയും വിനിർദ്ദിഷ്ട വിവരങ്ങളുടേയും പ്രകൃതവും, അവ സർട്ടിഫൈ ചെയ്യേണ്ടത് ആരാണെന്നുള്ളതും നിർണ്ണയിക്കുന്നതും;

(ഘ) ഫാക്റ്ററികളുടേയോ ഏതെങ്കിലും തരം അല്ലെങ്കിൽ ഇനം ഫാക്റ്ററികളുടേയോ രജിസ്ട്രേഷനും ലൈസൻസിങ്ങും ആവശ്യപ്പെടുന്നതും, അങ്ങനെയുള്ള രജിസ്ട്രേഷനും ലൈസൻസിങ്ങിനും ലൈസൻസുകൾ പുതുക്കുന്നതിനും കൊടുക്കേണ്ട ഫീസ് നിർണ്ണയിക്കുന്നതും;

(ങ) 7-ാം വകുപ്പിൽ വിനിർദ്ദേശിക്കുന്ന നോട്ടീസ് നല്കിയിട്ടില്ലാത്തപക്ഷം, യാതൊരു ലൈസൻസും നല്കുകയോ പുതുക്കുകയോ ചെയ്യാൻ പാടുള്ളതല്ലെന്ന് ആവശ്യപ്പെടുന്നതും,

ആയ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ ആവശ്യപ്പെടുന്ന പ്ലാനുകളും വിനിർദ്ദിഷ്ട വിവരങ്ങളും സഹിതമുള്ള, ആ ഉപവകുപ്പ് (ക) ഖണ്ഡത്തിൽ പരാമർശിച്ച അനുവാദത്തിനുള്ളതും, സ്റ്റേറ്റ്ഗവൺമെന്റിന്നോ ചീഫ് ഇൻസ്പെക്റ്റർക്കോ രജിസ്റ്റർ പോസ്റ്റ്‌വഴി അയച്ചുകൊടുക്കുന്നതുമായ ഒരു അപേക്ഷയിൻമേൽ, അത് അപ്രകാരം അയച്ചുകൊടുത്ത തീയതിതൊട്ട് മൂന്നുമാസത്തിനകം യാതൊരു ഉത്തരവും അപേക്ഷകനെ അറിയിക്കുന്നില്ലെങ്കിൽ, ആ അപേക്ഷയിൽ അപേക്ഷിച്ചിരുന്ന അനുവാദം നല്കപ്പെട്ടതായി കരുതപ്പെടുന്നതാകുന്നു.

(3) സ്റ്റേറ്റ്ഗവൺമെന്റോ ചീഫ് ഇൻസ്പെക്റ്ററോ, ഫാക്റ്ററിയുടെ സ്ഥാനത്തിനോ നിർമ്മാണത്തിനോ വിപുലീകരണത്തിനോ അല്ലെങ്കിൽ

ഒരു ഫാക്ടറിയുടെ രജിസ്ട്രേഷനും ലൈസൻസിങ്ങിനുമോ അനുവാദം നല്കാൻ വിസമ്മതിക്കുന്നുവെങ്കിൽ അപേക്ഷകന്, അങ്ങനെ വിസമ്മതിച്ച തീയതിതൊട്ട് മുപ്പതുദിവസത്തിനകം അപ്പീൽ കൊടുക്കപ്പെട്ട തീരുമാനം, സ്റേററ്ഗവൺമെൻറിൻേറതാണെങ്കിൽ കേന്ദ്രഗവൺമെൻറിലേക്കും, മററ് ഏതെങ്കിലും സംഗതിയിൽ സ്റേററ്ഗവൺമെൻറിലേക്കും അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

വിശദീകരണം.—ഏതെങ്കിലും പ്ലാൻേറാ മെഷിനറിയോ മാറിവയ്ക്കുകയോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടുന്ന പരിധികൾക്കുള്ളിൽ ഏതെങ്കിലും പ്ലാൻേറാ മെഷീനറിയോ കൂട്ടിച്ചേർക്കുകയോ ചെയ്തുവെന്ന കാരണത്താൽമാത്രം, ഒരു ഫാക്ടററി, ഈ വകുപ്പിൻെറ അർത്ഥത്തിൽ വിപുലീകരിക്കപ്പെട്ടതായി കരുതപ്പെടുന്നതല്ല.

7. കൈവശക്കാരനാലുള്ള നോട്ടീസ്.—(1) കൈവശക്കാരൻ താൻ ഏതെങ്കിലും കെട്ടിടപരിസരങ്ങൾ ഫാക്ടററിയായി കൈവശംവയ്ക്കുകയോ ഉപയോഗിക്കുകയോ ചെയ്യുവാൻ തുടങ്ങുന്നതിന് കുറഞ്ഞത് പതിനഞ്ചു ദിവസം മുമ്പ് ചീഫ് ഇൻസ്പെക്ടറർക്ക്—

(ക) ഫാക്ടററിയുടെ പേരും സ്ഥിതിയും;

(ഖ) കൈവശക്കാരൻെറ പേരും മേൽവിലാസവും;

(ഖഖ) 93-ാം വകുപ്പിൽ പരാമർശിച്ച കെട്ടിടപരിസരങ്ങളുടേയോ കെട്ടിടത്തിൻേറയോ (അതിൻെറ അതിർത്തികൾ ഉൾപ്പെടെ) ഉടമസ്ഥൻെറ പേരും മേൽവിലാസവും;

(ഗ) ഫാക്ടററി സംബന്ധിച്ച അറിയിപ്പുകൾ അയയ്ക്കാവുന്ന മേൽവിലാസവും;

(ഘ) (i) ഈ ആക്ടറിൻെറ പ്രാരംഭത്തീയതി നിലവിലിരുന്ന ഫാക്ടററികളുടെ സംഗതിയിൽ, കഴിഞ്ഞ പന്ത്രണ്ടുമാസക്കാലത്ത് ആ ഫാക്ടററിയിൽ നടത്തിക്കൊണ്ടുപോയിരുന്നതും,

(ii) എല്ലാ ഫാക്ടററികളുടേയും സംഗതിയിൽ, അടുത്ത പന്ത്രണ്ടു മാസക്കാലത്ത് ആ ഫാക്ടററിയിൽ നടത്തിക്കൊണ്ടുപോകാനുള്ളതും,

ആയ നിർമ്മാണപ്രക്രിയയുടെ പ്രകൃതവും;

(ങ) ഉപയോഗിക്കുന്ന ശക്തിയുടെ പ്രകൃതവും അളവും;

(ച) ഈ ആക്ടറിൻെറ ആവശ്യത്തിലേക്ക് ഫാക്ടററിയിലെ മാനേജരുടെ പേരും;

(ഛ) ആ ഫാക്ടററിയിൽ നിയോജിക്കപ്പെടാൻ ഇടയുള്ള തൊഴിലാളികളുടെ എണ്ണവും;

(ജ) ഈ ആക്ടറിൻെറ പ്രാരംഭത്തീയതി നിലവിലിരുന്ന ഫാക്ടററിയുടെ സംഗതിയിൽ, കഴിഞ്ഞ പന്ത്രണ്ടുമാസക്കാലത്ത് പ്രതിദിനം നിയോജിക്കപ്പെട്ടിരുന്ന തൊഴിലാളികളുടെ ശരാശരി എണ്ണവും;

(ത്ധ) നിർണ്ണയിക്കപ്പെടുന്ന മററുവിവരങ്ങളും,

അടങ്ങിയ ലിഖിതമായ നോട്ടീസ് അയച്ചുകൊടുക്കേണ്ടതാകുന്നു.

(2) ഈ ആക്ടറിൻെറ വ്യാപ്തിക്കുള്ളിൽ ആദ്യമായിവരുന്ന എല്ലാ സ്ഥാപനങ്ങളേയും സംബന്ധിച്ച്, കൈവശക്കാരൻ ഈ ആക്ടറിൻെറ പ്രാരംഭത്തീയതി മുതൽ മുപ്പതുദിവസത്തിനകം ചീഫ് ഇൻസ്പെക്ടറർക്ക് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ച വിവരങ്ങൾ അടങ്ങിയ ലിഖിതമായ നോട്ടീസ്, അയച്ചുകൊടുക്കേണ്ടതാകുന്നു.

(3) സാധാരണയായി വർഷത്തിൽ നൂററിയെൺപതു പ്രവൃത്തിദിവസങ്ങളിൽ കുറവായി നടത്തിക്കൊണ്ടുപോകാറുള്ള ഒരു നിർമ്മാണ പ്രക്രിയയിൽ ഏർപ്പെട്ടിട്ടുള്ള ഒരു ഫാക്ടറി, പ്രവൃത്തി പുനരാരംഭിക്കുന്നതിനുമുമ്പ് കൈവശക്കാരൻ പ്രവൃത്തി ആരംഭിക്കുന്ന തീയതിക്ക് കുറഞ്ഞത് മുപ്പതുദിവസം മുമ്പ് ചീഫ് ഇൻസ്പെക്ടറർക്ക് (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ച വിവരങ്ങൾ അടങ്ങിയ ലിഖിതമായ നോട്ടീസ്സ് അയച്ചുകൊടുക്കേണ്ടതാകുന്നു.

(4) ഒരു പുതിയ മാനേജർ നിയമിക്കപ്പെടുമ്പോഴെല്ലാം, അങ്ങനെയുള്ള ആൾ ചാർജ്ജ് ഏറെറടുക്കുന്ന തീയതിമുതൽ ഏഴുദിവസത്തിനകം കൈവശക്കാരൻ ഇൻസ്പെക്ടറർക്ക് ലിഖിതമായ നോട്ടീസും ചീഫ് ഇൻസ്പെക്ടറർക്ക് അതിന്റെ ഒരു പകർപ്പും അയച്ചുകൊടുക്കേണ്ടതാകുന്നു.

(5) ഫാക്ടറിയുടെ മാനേജരായി യാതൊരാളും പേർപറയപ്പെടാത്ത ഏതെങ്കിലും കാലത്തോ, അല്ലെങ്കിൽ പേരുപറയപ്പെട്ട ആൾ, ഫാക്ടറി മാനേജ് ചെയ്യാതിരിക്കുന്ന കാലത്തോ മാനേജരായി പ്രവർത്തിക്കുന്നതായി കാണപ്പെടുന്ന ഏതെങ്കിലും ആളോ,അങ്ങനെ കാണപ്പെടുന്നില്ലെങ്കിൽ കൈവശക്കാരൻ തന്നെയോ, ഈ ആക്ടിന്റെ ആവശ്യങ്ങൾക്ക് ഫാക്ടറിയുടെ മാനേജരായി കരുതപ്പെടുന്നതാകുന്നു.

## അദ്ധ്യായം II

## പരിശോധനോദ്യോഗസ്ഥന്മാർ

8. ഇൻസ്പെക്ടർമാർ.— (1) സ്റേററ്ഗവൺമെൻറിന് നിർണ്ണയിക്കപ്പെടുന്ന യോഗ്യതയുള്ള ആളുകളെ, ഈ ആക്ടിന്റെ ആവശ്യങ്ങൾക്ക് ഇൻസ്പെക്ടർമാരായി, ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, നിയമിക്കുകയും യുക്തമെന്ന് തോന്നുന്ന തദ്ദേശാതിർത്തികൾ അവർക്ക് നിശ്ചയിച്ചുകൊടുക്കുകയും ചെയ്യാവുന്നതാണ്.

(2) സ്റേററ്ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജാഞാപനം വഴി, ഏതെങ്കിലും ആളെ ചീഫ് ഇൻസ്പെക്ടറായി നിയമിക്കാവുന്നതും, അയാൾ ഈ ആക്ടിൻ കീഴിൽ ചീഫ് ഇൻസ്പെക്ടറർക്ക് നല്കപ്പെടുന്ന അധികാരങ്ങൾക്ക് പുറമേ സ്റേററ് മുഴുവൻ ഇൻസ്പെക്ടറുടെ അധികാങ്ങൾ പ്രയോഗിക്കുന്നതും ആകുന്നു.

(3) ഒരു ഫാക്ടറിയിലോ അതിൽ നടത്തികൊണ്ടുപോകുന്ന ഏതെങ്കിലും പ്രക്രിയയിലോ ബിസിനസ്സിലോ അതുമായി ബന്ധപ്പെട്ട ഏതെങ്കിലും പേററൻറിലോ മെഷിനറിയിലോ നേരിട്ടോ അല്ലാതെയോ താൽപര്യം ഉണ്ടായിരിക്കുകയോ ഉണ്ടാവുകയോ ചെയ്യുന്ന യാതൊരാളും (1)-ാം ഉപവകുപ്പിന്നോ (2)-ാം ഉപവകുപ്പിന്നോ (5)-ാം ഉപവകുപ്പിന്നോ കീഴിൽ നിയമിക്കപ്പെടുകയോ അല്ലെങ്കിൽ അപ്രകാരം നിയമിക്കപ്പെട്ടിരിക്കേ ഉദ്യോഗം തുടർന്ന് വഹിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(4) ഏതൊരു ഡിസ്ട്രിക്ട് മജിസ്ട്രേററ്റും തന്റെ ഡിസ്ട്രിക്ററിലേക്ക് ഇൻസ്പെക്ടറായിരിക്കുന്നതാണ്.

(5) സ്റേററ്ഗവൺമെൻറിന്, ഈ ആക്ടിന്റെ എല്ലാ ആവശ്യങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ യുക്തമെന്നു തോന്നുന്ന പബ്ലിക് ഉദ്യോഗസ്ഥന്മാരെ, അവർക്ക് യഥാക്രമം നിശ്ചയിച്ച് കൊടുക്കുന്ന തദ്ദേശാതിർത്തികൾക്കുള്ളിൽ അഡീഷണൽ ഇൻസ്പെക്ടർമാരായി മുൻപറഞ്ഞ വിജ്ഞാപനം വഴി നിയമിക്കാവുന്നതാണ്.

(6) ഒന്നിലധികം ഇൻസ്പെക്ടർമാരുള്ള ഏതെങ്കിലും പ്രദേശത്ത് സ്റേററ്ഗവൺമെൻറിന്, അങ്ങനെയുള്ള ഇൻസ്പെക്ടർമാർ യഥാക്രമം പ്രയോഗിക്കേണ്ട അധികാരങ്ങളും, ഏത് ഇൻസ്പെക്ടർക്കാണ് നിർണ്ണയിക്കപ്പെടുന്ന നോട്ടീസുകൾ അയച്ചു കൊടുക്കേണ്ടതെന്നും മുൻപറഞ്ഞതുപോലുള്ള വിജ്ഞാപനംവഴി പ്രഖ്യാപിക്കാവുന്നതാണ്.

(7) ഏതൊരു ചീഫ് ഇൻസ്പെക്ടറും, ഇൻസ്പെക്ടറും, ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) യുടെ അർത്ഥത്തിൽ പബ്ലിക്ക് സർവൻറായി കരുതപ്പെടുന്നതും സ്റേററ്ഗവൺമെൻറ് ഇതിലേക്ക് വിനിർദ്ദേശിക്കുന്ന അധികാരസ്ഥാനത്തിന് ഔദ്യോഗികമായി കീഴിലായിരിക്കുന്നതും ആണ്.

9. ഇൻസ്പെക്ടർമാരുടെ അധികാരങ്ങൾ.— ഇതിലേക്ക് ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, ഒരു ഇൻസ്പെക്ടർക്ക് താൻ നിയമിക്കപ്പെട്ടിട്ടുള്ള തദ്ദേശാതിർത്തികൾക്കുള്ളിൽ,—

(ക) ഗവൺമെൻറിൻേറയോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാപനത്തിൻേറയോ മററു പബ്ലിക് അധികാരസ്ഥാനത്തിൻേറയോ സർവ്വീസിലുള്ള ആളുകളായ, യുക്തമെന്ന് തോന്നുന്ന അസിസ്ററൻറുമാരോടുകൂടി ഫാക്ടറിയായി ഉപയോഗിക്കപ്പെടുന്നതോ ഉപയോഗിക്കപ്പെടുന്നുവെന്ന് തനിക്ക് വിശ്വസിക്കുവാൻ കാരണമുള്ളതോ ആയ ഏതെങ്കിലും സ്ഥലത്ത് പ്രവേശിക്കുകയും;

(ഖ) കെട്ടിടപരിസരങ്ങളും പ്ലാൻറും മെഷിനറിയും പരിശോധിക്കുകയും നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും രജിസ്ററും ഫാക്ടറിയെ സംബന്ധിച്ച മറേറതെങ്കിലും രേഖയും ഹാജരാക്കാൻ ആവശ്യപ്പെടുകയും, ഏതെങ്കിലും ആളുകളുടെ ഈ ആക്ടിൻെറ ആവശ്യങ്ങൾ നടപ്പാക്കുന്നതിനു ആവശ്യമാണെന്ന് താൻ കരുതുന്ന സ്റേററ്മെൻറുകൾ സ്ഥലത്തുവച്ചോ അല്ലാതെയോ എടുക്കുകയും ചെയ്യുകയും;

(ഗ) ഈ ആക്ടിൻെറ ആവശ്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി മററു നിർണ്ണയിക്കപ്പെടുന്ന അധികാരങ്ങൾ പ്രയോഗിക്കുകയും ;
ചെയ്യാവുന്നതാണ് :

എന്നാൽ, യാതൊരാളും ഏതെങ്കിലും ചോദ്യത്തിന് ഉത്തരം പറയുവാനോ, തന്നെ കുററത്തിനും ഉത്തരവാദിയാക്കാൻ പ്രവണതയുള്ളവിധം ഏതെങ്കിലും തെളിവു നല്കുവാനോ ഈ വകുപ്പിൻകീഴിൽ നിർബന്ധിക്കപ്പെടാൻ പാടുള്ളതല്ല.

10. സർട്ടിഫൈ ചെയ്യുന്ന സർജൻമാർ.— (1) സ്റേററ്ഗവൺമെൻറിന് ഈ ആക്ടിൻെറ ആവശ്യങ്ങൾക്കുവേണ്ടി യോഗ്യതയുള്ള ചികിത്സകൻമാരെ, അവർക്ക് യഥാക്രമം നിശ്ചയിച്ചുകൊടുക്കുന്ന തദ്ദേശാതിർത്തികൾക്കുള്ളിലോ, ഫാക്ടറിയ്ക്കോ, തരം അല്ലെങ്കിൽ ഇനം ഫാക്ടറികൾക്കോ സർട്ടിഫൈചെയ്യുന്ന സർജ്ജൻമാരായി നിയമിക്കാവുന്നതാണ്.

(2) സർട്ടിഫൈചെയ്യുന്ന സർജന്, സ്റേററ് ഗവൺമെൻറിൻെറ അംഗീകാരത്തോടുകൂടി, താൻ വിനിർദ്ദേശിക്കുന്ന കാലത്തേക്കും, ചുമത്തുന്നതു യുക്തമാണെന്ന് സ്റേററ് ഗവൺമെൻറിന് തോന്നുന്ന ഉപാധികൾക്കു വിധേയമായും, ഈ ആക്ടിൻകീഴിലെ തൻെറ അധികാരങ്ങളിൽ ഏതെങ്കിലും പ്രയോഗിക്കാൻ യോഗ്യതയുള്ള ഏതെങ്കിലും ചികിൽസകന് പ്രാധികാരം നല്കാവുന്നതും, ഈ ആക്ടിൽ സർട്ടിഫൈചെയ്യുന്ന സർജനെക്കുറിച്ചുള്ള പരാമർശങ്ങളിൽ യോഗ്യതയുള്ള ഏതെങ്കിലും ചികിൽസകന് അപ്രകാരം പ്രാധികാരം നല്കിയിട്ടുള്ളപ്പോൾ അയാളെക്കുറിച്ചുള്ള പരാമർശങ്ങൾ ഉൾപ്പെടുന്നതായി കരുതപ്പെടുന്നതും ആകുന്നു.

(3) ഒരു ഫാക്ററിയുടെ കൈവശക്കാരനായിരിക്കുകയോ കൈവശക്കാർ
നാവുകയോ, അല്ലെങ്കിൽ അതിലോ അതിൽ നടത്തിക്കൊണ്ടുപോകുന്ന ഏതെ
കിലും പ്രക്രിയയിലോ ബിസിനസ്സിലോ അതുമായി ബന്ധപ്പെട്ട
ഏതെങ്കിലും പേറന്റിലോ മെഷീനറിയിലോ നേരിട്ടോ അല്ലാതെയോ താത്പര്യം
ഉണ്ടായിരിക്കുകയോ ഉണ്ടാവുകയോ അല്ലെങ്കിൽ മററുവിധത്തിൽ ആ ഫാക്ററ
റിയിലെ നിയോജനത്തിലുണ്ടായിരിക്കുകയോ ചെയ്യുന്ന യാതൊരാളും, സർട്ടി
ഫൈചെയ്യുന്ന സർജൻ ആയിരിക്കുവാൻ നിയമിക്കപ്പെടുകയോ അയാൾക്ക്
സർട്ടിഫൈചെയ്യുന്ന സർജന്റെ അധികാരങ്ങൾ പ്രയോഗിക്കാൻ പ്രാധികാരം
നല്കുകയോ അല്ലെങ്കിൽ അപ്രകാരം നിയമിക്കപ്പെടുകയോ പ്രാധികാരം
നല്കുകയോ ചെയ്തതിനുശേഷം അയാൾ അങ്ങനെയുള്ള അധികാരങ്ങൾ
തുടർന്നു പ്രയോഗിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(4) സർട്ടി ഫൈചെയ്യുന്ന സർജൻ—

(ക) ഈ ആക്ററിൻകീഴിൽ ചെറുപ്രായത്തിലുള്ള ആളുകളെ പരിശോ
ധിക്കുകയും സർട്ടിഫൈ ചെയ്യുകയും ചെയ്യുന്നതും;

(ഖ) ഫാക്ററികളിൽ നിർണ്ണയിക്കപ്പെടുന്ന അപായകരമായ ജോലി
കളിലും പ്രക്രിയകളിലും ഏർപ്പെട്ടിട്ടുള്ള ആളുകളെ പരിശോധിക്കുന്നതും;

(ഗ) ഏതു് ഫാക്ററിയിലാണോ—

(i) അവിടെ നടത്തിക്കൊണ്ടുപോകുന്ന നിർമ്മാണപ്രക്രിയയുടെ
പ്രകൃതമോ, അവിടെ നിലവിലുള്ള മററ് ജോലി നിബന്ധനകളോ കാരണ
മായെന്ന് വിശ്വസിക്കാൻ ന്യായമുള്ള രോഗങ്ങൾ ഉണ്ടായിട്ടുള്ളത്; അല്ലെങ്കിൽ

(ii) നടത്തിക്കൊണ്ടുപോകുന്ന നിർമ്മാണപ്രക്രിയയിലോ അതിൽ
ഉപയോഗിക്കപ്പെടുന്ന പദാർത്ഥങ്ങളിലോ ഉള്ള ഏതെങ്കിലും മാററംകാരണമായോ
അല്ലെകിൽ ഏതെങ്കിലും പുതിയ നിർമ്മാണപ്രക്രിയയോ നിർമ്മാണപ്രക്രിയ
യിൽ ഉപയോഗിക്കുന്നതിന് ഏതെങ്കിലും പുതിയ പദാർത്ഥം സ്വീകരിച്ചതു
കാരണമായോ ആ നിർമ്മാണപ്രക്രിയയിൽ നിയോജിക്കപ്പെട്ടിട്ടുള്ള തൊഴിലാളി
കളുടെ ആരോഗ്യത്തിന് ക്ഷതിക്ക് ഇടയുള്ളത്; അല്ലെങ്കിൽ

(iii) ചെറുപ്രായത്തിലുള്ള ആളുകൾ അവരുടെ ആരോഗ്യത്തിന്
ക്ഷതി ഉളവാക്കാനിടയുള്ള ഏതെങ്കിലും ജോലിയിൽ നിയോജിക്കപ്പെടുകയോ
നിയോജിക്കപ്പെടാൻ പോവുകയോ ചെയ്യുന്നത്, അങ്ങനെയുള്ള ഏതെങ്കിലും
ഫാക്ററിക്കോ, തരം അല്ലെങ്കിൽ ഇനം ഫാക്ററികൾക്കോ നിർണ്ണയിക്കപ്പെ
ടുന്ന ചികിത്സീയ മേൽനോട്ടം വഹിക്കുന്നതും സംബന്ധിച്ച് നിർണ്ണയിക്ക
പ്പെടുന്ന കർത്തവ്യങ്ങൾ നിർവഹിക്കേണ്ടതാകുന്നു.

വിശദീകരണം.— ഈ വകുപ്പിൽ "യോഗ്യതയുള്ള ചികിത്സകൻ"
എന്നാൽ, ഇൻഡ്യൻ മെഡിക്കൽ ഡിഗ്രീസ് ആക്ററ്, 1916 (1916-ലെ 7) -ലെ
പട്ടികയിലോ അല്ലെങ്കിൽ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ ആക്ററ്,
1933 (1933–ലെ 27)-ലെ പട്ടികകളിലോ വിനിർദ്ദേശിക്കുന്ന അധികാരസ്ഥാനം
നല്കുന്ന യോഗ്യത വഹിക്കുന്ന ആൾ എന്ന് അർത്ഥമാകുന്നു.

## അദ്ധ്യായം III

## ആരോഗ്യം

11. ശുചിത്വം.— (1) ഏതൊരു ഫാക്ററിയും ശുചിയായും ഏതെ
ങ്കിലും ഓവിൽനിന്നോ കക്കൂസിൽനിന്നോ അല്ലെങ്കിൽ മററു ശല്യത്തിൽ നിന്നോ
ഉദ്ഭവിക്കുന്ന ദുർഗന്ധം കൂടാതേയും വച്ചുപോരേണ്ടതും, പ്രത്യേകിച്ചും—

(ക) അഴുക്കും ചവറും ഈട്ടംകൂടിയത് പ്രവൃത്തിമുറികളുടെ തറകളിൽ നിന്നും ബെഞ്ചുകളിൽ നിന്നും കോണികളിലും ഇടനാഴികളിലും നിന്നും തൂത്തുവാരിയോ അല്ലെങ്കിൽ മറേറതെങ്കിലും ഫലപ്രദമായ സംപ്രദായത്തിലോ ദിവസേന നീക്കം ചെയ്യപ്പെടുകയും ;

(ഖ) ഏതൊരു പ്രവൃത്തി മുറിയുടേയും തറ, ആഴ്ചയിലൊരിക്കലെങ്കിലും ആവശ്യമുള്ളിടത്ത്, രോഗാണുനാശിനി ഉപയോഗിച്ച് കഴുകിയോ മറേറതെങ്കിലും ഫലപ്രദമായ സംപ്രദായത്തിലോ ശുചിയാക്കുകയും ;

(ഗ) ഏതെങ്കിലും നിർമ്മാണ പ്രക്രിയയ്ക്കിടയിൽ തറ വെള്ളംവാർന്ന് കളയത്തക്കവണ്ണം നനഞ്ഞതാകാൻ വഴിയുള്ളിടത്ത് വെള്ളം കളയാനുള്ള ഫലപ്രദമായ മാർഗ്ഗം ഏർപ്പെടുത്തുകയും സംരക്ഷിച്ചുപോരുകയും ചെയ്യുകയും ;

(ഘ) എല്ലാ അകച്ചുവരുകളും വിഭാജകങ്ങളും മുറികളുടെ എല്ലാ മച്ചുകളും അല്ലെങ്കിൽ മുകൾഭാഗങ്ങളും, ഇടനാഴികളുടേയും കോണികളുടേയും എല്ലാ ചുവരുകളും പാർശ്വങ്ങളും മുകൾഭാഗങ്ങളും—

(i) അവ ചായമിട്ടതോ വാർണിഷ് ചെയ്തതോ ആയിട്ടുള്ളിടത്ത്, ഏതൊരു അഞ്ചുവർഷക്കാലത്തിലും ഒരിക്കലെങ്കിലും വീണ്ടും ചായമിടുകയോ വീണ്ടും വാർണീഷ് ചെയ്യുകയോ ചെയ്യുകയും,

(ii) അവ ചായമിട്ടതോ വാർണിഷ് ചെയ്തതോ ആയിട്ടുള്ളിടത്തോ, അല്ലെങ്കിൽ അവയ്ക്ക് മിനുസമായതും പഴുതില്ലാത്തതുമായ ഉപരിതലങ്ങൾ ഉള്ളിടത്തോ ഏതൊരു പതിന്നാലുമാസക്കാലത്തിലും ഒരിക്കലെങ്കിലും, നിർണ്ണയിക്കപ്പെടുന്ന സംപ്രദായത്തിൽ ശുചിയാക്കുകയും,

(iii) മറേറതെങ്കിലും സംഗതിയിൽ, വെള്ളയടിച്ചോ നിറംചേർത്തടിച്ചോ വച്ചുപോരേണ്ടതും, വെള്ളയടിക്കുന്നതോ നിറം ചേർത്തടിയ്ക്കുന്നതോ ഏതൊരു പതിന്നാലുമാസക്കാലത്തിലും ഒരിക്കലെങ്കിലും ചെയ്യുകയും ;

(ങ) (ഘ) ഖണ്ഡം ആവശ്യപ്പെടുന്ന പ്രക്രിയകൾ ചെയ്യേണ്ട തീയതികൾ നിർണ്ണയിക്കപ്പെടുന്ന രജിസ്ററിൽ ചേർക്കുകയും,

ചെയ്യേണ്ടതാകുന്നു.

(2) ഒരു ഫാക്ടറിയിൽ നടത്തിക്കൊണ്ടുപോകുന്ന പ്രവർത്തനങ്ങളുടെ പ്രകൃതം നോക്കിയാൽ കൈവശക്കാരന് (1)-ാം ഉപവകുപ്പിലെ എല്ലാ വ്യവസ്ഥകളുമോ അവയിൽ ഏതെങ്കിലുമോ അനുസരിക്കാൻ സാധ്യമല്ലാതിരിക്കുന്നുവെങ്കിൽ സ്റേററ് ഗവൺമെൻറിന് ഉത്തരവുവഴി അങ്ങനെയുള്ള ഫാക്ടറിയേയോ തരം അല്ലെങ്കിൽ ഇനം ഫാക്ടറികളേയോ ആ ഉപവകുപ്പിലെ വ്യവസ്ഥകളിൽ ഏതിൽനിന്നെങ്കിലും ഒഴിവാക്കുകയും ആ ഫാക്ടറി ശുചിയായ സ്ഥിതിയിൽ വച്ചുപോരാനായി മററു അനുകല്പരിതികൾ വിനിർദ്ദേശിക്കാവുന്നതുമാണ്.

12. <u>നിരുപയോഗാവശിഷ്ടങ്ങളും ബഹിഃസ്രാവങ്ങളും കൈയൊഴിക്കൽ.</u>—(1) ഏതൊരു ഫാക്ടറിയിലും അതിൽ നടത്തിക്കൊണ്ടുപോകുന്ന നിർമ്മാണ പ്രക്രിയകാരണമുള്ള നിരുപയോഗാവശിഷ്ടങ്ങളും ബഹിഃസ്രാവങ്ങളും കൈയൊഴിക്കുന്നതിനു ഫലപ്രദമായ ഏർപ്പാടുകൾ ചെയ്യേണ്ടതാകുന്നു.

(2) സ്റേററ്ഗവൺമെൻറിന് (1)-ാം ഉപവകുപ്പിൻകീഴിൽ ചെയ്യപ്പെടുന്ന ഏർപ്പാടുകൾ നിർണ്ണയിക്കുന്നതോ (1)-ാം ഉപവകുപ്പനുസരിച്ച് ചെയ്യപ്പെടുന്ന ഏർപ്പാടുകൾ നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനത്താൽ അംഗീകരിക്കപ്പെടേണ്ടതാണെന്ന് ആവശ്യപ്പെടുന്നതോ ആയ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

13. വായുസഞ്ചാരവും താപനിലയും.— (1) ഏതൊരു പ്രവൃത്തി മുറിയിലും—

(ക) ശുദ്ധവായുവിന്റെ പരിസഞ്ചരണം വഴി പര്യാപ്തമായ വായു സഞ്ചാരത്തിനും ;

(ഖ) അതിലുള്ള തൊഴിലാളികൾക്കു് ന്യായമായ സുഖസൗകര്യനിബന്ധനകൾ ലഭ്യമാക്കുകയും ആരോഗ്യത്തിനുള്ള ക്ഷതി തടയുകയും ചെയ്യുന്ന താപനിലകൾ ;

ലഭ്യമാക്കുകയും നിലനിറുത്തുകയും ചെയ്യുന്നതിന് ഏതൊരു ഫാക്ററിയിലും ഫലപ്രദവും അനുയോജ്യവുമായ വ്യവസ്ഥചെയ്യേണ്ടതും, പ്രത്യേകിച്ചും,—

(i) ചുവരുകളും മേല്ക്കൂരകളും ആ താപനില അധികമാകാതിരിക്കുകയും എന്നാൽ പ്രായോഗികമായിടത്തോളം കുറഞ്ഞതായി നിറുത്തുകയും ചെയ്യത്തക്കവിധമുള്ള സാധനങ്ങൾ കൊണ്ടുണ്ടാക്കിയതും അങ്ങനെ ചെയ്യത്തക്കവിധം രൂപകല്പന ചെയ്തതായിരിക്കുകയും;

(ii) ഒരു ഫാക്ററിയിൽ നടത്തിക്കൊണ്ടുപോകുന്ന പ്രവൃത്തിയുടെ പ്രകൃതം അത്യുച്ച താപനില ജനിപ്പിക്കുന്നത് ഉൾക്കൊള്ളുന്നതോ ഉൾക്കൊള്ളാൻ ഇടയുള്ളതോ ആയിരിക്കുന്നിടത്ത്, തൊഴിലാളികളെ അതിൽനിന്ന് സംരക്ഷിക്കാനായി ആ പ്രവൃത്തിമുറിയിൽ നിന്ന് അങ്ങനെയുള്ള താപനില ജനിപ്പിക്കുന്ന പ്രക്രിയ വേർപെടുത്തിയോ, ചൂടുപിടിച്ച ഭാഗങ്ങൾ രോധനം ചെയ്തോ മററു ഫലപ്രദമായ മാർഗ്ഗങ്ങൾ ഉപയോഗിച്ചോ പ്രായോഗികമായിടത്തോളം പര്യാപ്തമായ നടപടികൾ എടുക്കുകയും,

ചെയ്യേണ്ടതാകുന്നു.

(2) സ്റേററ്ഗവൺമെൻറിന്, ഏതെങ്കിലും ഫാക്ററിക്കോ, തരം അല്ലെങ്കിൽ ഇനം ഫാക്ററികൾക്കോ അവയുടെ ഭാഗങ്ങൾക്കോ, പര്യാപ്തമായ വായുസഞ്ചാരത്തിനും ന്യായമായ താപനിലയ്ക്കും ഉള്ള മാനകം നിർണ്ണയിക്കുകയും തെർമ്മോമീററർ നല്കുകയും, അത് നിർണ്ണയിക്കപ്പെടുന്ന സ്ഥലത്തും സ്ഥാനത്തും വച്ചുപോരുകയും ചെയ്യണമെന്നു നിദേശിക്കുകയും ചെയ്യാവുന്നതാണ്.

(3) ഏതെങ്കിലും ഫാക്ററിയിലേയോ, തരം അല്ലെങ്കിൽ ഇനം ഫാക്ററികളിലേയോ അത്യുച്ചതാപനില പുറമേയുള്ള ചുമരോ മേല്ക്കൂരകളോ ജന്നലുകളോ വെള്ളയടിക്കുകയോ തളിയ്ക്കുകയോ, രോധനം ചെയ്യുകയും മറയ്ക്കുകയും ചെയ്യുകയോ, അല്ലെങ്കിൽ മേല്ക്കൂര ഉയർത്തുകയോ അല്ലെങ്കിൽ വായു നിറഞ്ഞ അന്തരാളവും ഇരട്ടമേല്ക്കൂരയും വഴിയോ രോധനംചെയ്യുന്ന മേല്ക്കൂര സാമഗ്രികൾ ഉപയോഗിച്ചോ മററു സംപ്രദായങ്ങൾവഴിയോ മേല്ക്കൂര രോധനം ചെയ്യുകയോ ചെയ്യുന്നതുപോലെയുള്ള സംപ്രദായങ്ങൾവഴി, കുറയ്ക്കാൻ കഴിയുമെന്നു തോന്നുന്നുവെങ്കിൽ, സ്റേററ്ഗവൺമെൻറിന് ഈ സംപ്രദായങ്ങളിലോ മററ് സംപ്രദായങ്ങളിലോ ആ ഫാക്ററിയിൽ സ്വീകരിക്കപ്പെടേണ്ടവ നിർണ്ണയിക്കാവുന്നതാണ്.

14. പൊടിയും പുകയും.— (1) ഏതൊരു ഫാക്ററിയിലാണോ നടത്തിക്കൊണ്ടുപോകുന്ന നിർമ്മാണപ്രക്രിയ കാരണമായി, അതിൽ നിയോജിക്കപ്പെട്ടിട്ടുള്ള തൊഴിലാളിക്ക് ക്ഷതികരമോ ദുസ്സഹമോ ആകാനിടയുള്ള പ്രകൃതത്തോടുകൂടിയതും, അത്രത്തോളമുള്ളതുമായ ഏതെങ്കിലും പൊടിയോ

പുകയോ മററു മാലിന്യമോ അല്ലെങ്കിൽ സാരമായ അളവിൽ ഏതെങ്കിലും പൊടിയോ വമിക്കുന്നത്, അങ്ങനെയുള്ള ഏതൊരു ഫാക്ററിയിലും, ഏതെങ്കിലും പ്രവൃത്തിമുറിയിൽ അത് ശ്വസിക്കുന്നതും ഈട്ടംകൂട്ടുന്നതും, തടയാൻ ഫലപ്രദമായ നടപടികൾ എടുക്കേണ്ടതും, ഈ ആവശ്യത്തിലേക്ക് ഏതെങ്കിലും നിർവാതകോപകരണം ആവശ്യകമാണെങ്കിൽ അത് പൊടിയുടേയോ പുകയുടേയോ മററ് മാലിന്യത്തിൻെറയോ ഉദ്ഭവസ്ഥാനത്തിന് സാദ്ധ്യമാകുന്നത്ര അടുത്ത് പ്രവർത്തിപ്പിക്കേണ്ടതും, അങ്ങനെയുള്ള സ്ഥാനം സാദ്ധ്യമാകുന്നിടത്തോളം വളച്ചുകെട്ടേണ്ടതും ആകുന്നു.

(2) ഏതെങ്കിലും ഫാക്ററിയിൽ യാതൊരു സ്ഥായിയായ അന്തർദ്ദഹനഎൻജിനും, നിർവാദനം തുറസ്സായ സ്ഥലത്തേക്കു തിരിച്ചുവിട്ടതായിരിക്കാത്തപക്ഷം, പ്രവർത്തിപ്പിക്കാൻ പാടില്ലാത്തതും; ഏതെങ്കിലും മുറിയിൽ അതിൽ നിയോജിക്കപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് ക്ഷതികരമാകാൻ ഇടയുള്ള വിധം അവിടെ പുക ഈട്ടം കൂട്ടുന്നത് തടയുവാൻ ഫലപ്രദമായ നടപടികൾ എടുത്തിട്ടില്ലാത്തപക്ഷം മററു യാതൊരു അന്തർദ്ദഹനഎൻജിനും പ്രവർത്തിപ്പിക്കാൻ പാടില്ലാത്തതും ആകുന്നു.

15. കൃത്രിമ ആർദ്രീകരണം.— (1) വായുവിൻെറ ആർദ്രത കൃത്രിമമായി വർദ്ധിപ്പിച്ചിട്ടുള്ള എല്ലാഫാക്ററികളേയും സംബന്ധിച്ച്, സ്റേററ് ഗവൺമെൻറിന്,—

(ക) ആർദ്രീകരണത്തിൻെറ മാനകങ്ങൾ നിർണ്ണയിക്കുന്നതും;

(ഖ) വായുവിൻെറ ആർദ്രത കൃത്രിമമായി വർദ്ധിപ്പിക്കുന്നതിന്നു ഉപയോഗിക്കുന്ന സംപ്രദായങ്ങൾ ക്രമപ്പെടുത്തുന്നതും;

(ഗ) വായുവിൻെറ ആർദ്രത നിശ്ചയിക്കുന്നതിനുള്ള നിർണ്ണയിക്കപ്പെട്ട പരീക്ഷണങ്ങൾ ശരിയായി നടത്തുകയും റിക്കാർഡാക്കുകയും ചെയ്യാൻ നിദേശിക്കുന്നതും;

(ഘ) പ്രവൃത്തി മുറികളിൽ മതിയായ വായു സഞ്ചാരവും ശീതളനവും ലഭ്യമാക്കുന്നതിന്ന് സ്വീകരിക്കേണ്ട സംപ്രദായങ്ങൾ നിർണ്ണയിക്കുന്നതും,

ആയ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) വായുവിലുള്ള ആർദ്രത കൃത്രിമമായി വർദ്ധിപ്പിച്ചിട്ടുള്ള ഏതെങ്കിലും ഫാക്ററിയിൽ, ആ ആവശ്യത്തിന് ഉപയോഗിക്കുന്ന വെള്ളം, പൊതുസംഭരണത്തിൽനിന്നോ കുടിക്കാനുള്ള വെള്ളത്തിൻെറ മററ് ഉദ്ഭവസ്ഥാനത്തിൽനിന്നോ എടുക്കുകയോ അല്ലെങ്കിൽ അപ്രകാരം ഉപയോഗിക്കുന്നതിനു മുമ്പ് ഫലപ്രദമായി ശുദ്ധിയാക്കുകയോ ചെയ്യേണ്ടതും ആകുന്നു.

(3) ഫാക്ററിയിൽ ആർദ്രത വർദ്ധിപ്പിക്കാൻ ഉപയോഗിക്കുന്നതും (2)-ാം ഉപവകുപ്പിൻകീഴിൽ ഫലപ്രദമായി ശുദ്ധിയാക്കേണ്ടതുമായ വെള്ളം, ഫലപ്രദമായി ശുദ്ധിയാക്കിട്ടില്ലെന്നുതോന്നുന്നുവെങ്കിൽ, ഇൻസ്പെക്ററർക്ക് തൻെറ അഭിപ്രായത്തിൽ സ്വീകരിക്കപ്പെടേണ്ട നടപടികൾ വിനിർദ്ദേശിച്ചുകൊണ്ടും, അവ ഒരു വിനിർദ്ദിഷ്ട തീയതിക്കുമുമ്പ് നടപ്പാക്കാൻ ആവശ്യപ്പെട്ടുകൊണ്ടും, ലിഖിതമായ ഉത്തരവുവഴി ഫാക്ററിയുടെ മാനേജരുടെമേൽ നടത്താവുന്നതാണ്.

16. ആൾത്തിരക്ക്.— (1) ഏതെങ്കിലും ഫാക്ററിയിൽ, നിയോജിക്കപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ ആരോഗ്യത്തിന് ക്ഷതികരമാകുന്നത്ര ആൾത്തിരക്ക് അതിലെ യാതൊരുമുറിയിലും ഉണ്ടായിരിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻെറ സാമാന്യതയ്ക്ക് ഭംഗംവരാതെ, ഈ ആക്ററിൻെറ പ്രാരംഭത്തീയതി നിലവിലുള്ള ഫാക്ററിയുടെ ഏതൊരു പ്രവൃത്തി

മുറിക്കും കുറഞ്ഞത് മൂന്നൂററമ്പത് ഘനയടിയും, ഈ ആക്ററിന്റെ പ്രാരംഭത്തിനുശേഷം പണിചെയ്ത ഫാക്ററിയുടെ ഏതൊരു മുറിയ്ക്കും കുറഞ്ഞത് അഞ്ഞൂറ് ഘനയടിയും ഉള്ള ഇടത്തിൽ നിയോജിക്കപ്പെടുന്ന ഏതു തൊഴിലാളിക്കുമുണ്ടായിരിക്കേണ്ടതും, ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക്, മുറിയുടെ തറനിരപ്പിന് പതിന്നാലു അടിയിൽ അധികം മീതെയുള്ള ഏതെങ്കിലും സ്ഥലം കണക്കിലെടുക്കുന്നതല്ലാത്തതുമാകുന്നു.

(3) ഫാക്ററിയിലെ ഓരോ മുറിയിലും, ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി അതിൽ നിയോജിക്കപ്പെടാവുന്ന പരമാവധി തൊഴിലാളികളുടെ എണ്ണം വിനിർദ്ദേശിച്ചുകൊണ്ടുള്ള നോട്ടീസ് പതിക്കേണ്ടതാണെന്ന് ചീഫ് ഇൻസ്പെക്ററർ, ലിഖിതമായ ഉത്തരവ്,വഴി ആവശ്യപ്പെടുന്നുവെങ്കിൽ, അപ്രകാരം ചെയ്യേണ്ടതാകുന്നു.

(4) ഈ വകുപ്പിലെ വ്യവസ്ഥകളിൽനിന്ന് ഏതെങ്കിലും പ്രവൃത്തി മുറിയെ, അതിൽ നിയോജിക്കപ്പെട്ട തൊഴിലാളിയുടെ ആരോഗ്യത്തിന്റെ താത്പര്യത്തിന്,ആ മുറി സംബന്ധിച്ച്ആ വ്യവസ്ഥകൾ അനുസരിക്കുന്നത് അനാവശ്യമാണെന്നു ബോദ്ധ്യമാകുന്നുവെങ്കിൽ, ചീഫ് ഇൻസ്പെക്ററർക്ക്, ചുമത്തുന്നതു യുക്തമാണെന്നു താൻ കരുതുന്ന ഉപാധികൾ എന്തെങ്കിലുമുണ്ടെങ്കിൽ, അവയ്ക്കു വിധേയമായി, ലിഖിതമായ ഉത്തരവുവഴി ഒഴിവാക്കാവുന്നതാണ്.

17. <u>വെളിച്ചം.</u>— (1) ഫാക്ററിയിലെ തൊഴിലാളികൾ പ്രവൃത്തി ചെയ്യുകയോ കടന്നുപോവുകയോ ചെയ്യുന്ന ഏതൊരു ഭാഗത്തും പ്രകൃത്യാ ഉള്ളതോ കൃത്രിമമായതോ രണ്ടും കൂടിയതോ ആയ, മതിയായതും അനുയോജ്യമായതുമായ വെളിച്ചത്തിന് ഏർപ്പാടുചെയ്യുകയും അതു നിലനിറുത്തിപോരുകയും ചെയ്യേണ്ടതാകുന്നു.

(2) ഏതൊരു ഫാക്ററിയിലും പ്രവൃത്തിമുറികളിൽ വെളിച്ചത്തിന് ഉപയോഗിക്കുന്ന എല്ലാചില്ല് ജന്നലുകളുടേയും സ്കൈലൈററുകളുടേയും അകവും പുറവും വൃത്തിയായും, 13-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളിലെ വ്യവസ്ഥകളുടെ അനുസരണം അനുവദിക്കുന്നിടത്തോളം തടസ്സം കൂടാതേയും, സൂക്ഷിക്കേണ്ടതാകുന്നു.

(3) ഏതൊരു ഫാക്ററിയിലും—

(ക) വെളിച്ചത്തിന്റെ ഉദ്ഭവസ്ഥാനത്തുനിന്ന് നേരിട്ടുള്ളതോ അല്ലെങ്കിൽ മിനുസമുള്ളതോ മിനുസപ്പെടുത്തിയതോ ആയ തലത്തിൽനിന്ന് പ്രതിബിംബിക്കുന്നതോ ആയ കണ്ണിലടിക്കുന്ന വെളിച്ചവും ;

(ഖ) ഏതെങ്കിലും തൊഴിലാളിക്ക് കണ്ണിന് ആയാസമുണ്ടാക്കുകയോ, അപായസാദ്ധ്യതയുണ്ടാക്കുകയോ ചെയ്യുന്നത്ര നിഴലുകൾ ഉണ്ടാകലും,

തടയുവാനായി ഫലപ്രദമായ വ്യവസ്ഥ പ്രായോഗികമായിടത്തോളം ഉണ്ടാക്കേണ്ടതാകുന്നു.

(4) സ്റേററ് ഗവൺമെൻറിന്, ഫാക്ററികൾക്കോ ഏതെങ്കിലും തരം അല്ലെങ്കിൽ ഇനം ഫാക്ററികൾക്കോ ഏതെങ്കിലും നിർമ്മാണപ്രക്രിയയ്ക്കോ മതിയായതും അനുയോജ്യമായതുമായ വെളിച്ചത്തിനുള്ള മാനകങ്ങൾ നിർണ്ണയിക്കാവുന്നതാണ്.

18. <u>കുടിക്കാനുള്ള വെള്ളം.</u>— (1) ഏത് ഫാക്ററിയിലും, അതിൽ നിയോജിക്കപ്പെട്ടിട്ടുള്ള എല്ലാ തൊഴിലാളികൾക്കും സൗകര്യമായവിധം സ്ഥിതിചെയ്യുന്ന അനുയോജ്യമായ സ്ഥാനങ്ങളിൽ കുടിക്കാനുള്ള നല്ല വെള്ളം മതിയായിടത്തോളം നല്കാൻ വ്യവസ്ഥചെയ്യുകയും,അതു നിലനിറുത്തുകയും ചെയ്യാനുള്ള ഫലപ്രദമായ ഏർപ്പാടുകൾ ചെയ്യേണ്ടതാകുന്നു.

(2) അങ്ങനെയുള്ള എല്ലാ സ്ഥാനങ്ങളും ആ ഫാക്ററിയിൽ നിയോജിക്കപ്പെടുന്ന ഭൂരിപക്ഷം തൊഴിലാളികൾക്കും മനസ്സിലാകുന്ന ഭാഷയിൽ "കുടിക്കാനുള്ള വെള്ളം'' എന്ന് വ്യക്തമായി അടയാളപ്പെടുത്തേണ്ടതും, അങ്ങനെയുള്ള യാതൊരു സ്ഥാനവും ഏതെങ്കിലും കഴുകാനുള്ള സ്ഥലത്തിന്റേയോ മൂത്രപ്പുരയുടേയോ കക്കൂസിന്റേയോ ഇരുപത് അടിക്കുള്ളിലായി, അതിലും കുറഞ്ഞ അകലം ചീഫ് ഇൻസ്പെക്ടർ ലിഖിതമായി അംഗീകരിക്കാത്ത പക്ഷം, സ്ഥിതിചെയ്യാൻ പാടില്ലാത്തതും ആകുന്നു.

(3) സാധാരണമായി ഇരുനൂററമ്പതിൽ അധികം തൊഴിലാളികൾ നിയോജിക്കപ്പെട്ടിട്ടുള്ള ഏതൊരു ഫാക്ററിയിലും, ചൂടുള്ള കാലാവസ്ഥയിൽ കുടിക്കാനുള്ള വെള്ളം ഫലപ്രദമായ മാർഗ്ഗത്തിൽ തണുപ്പിക്കുന്നതിനും, അത് വിതരണം ചെയ്യുന്നതിനും ഏർപ്പാട് ചെയ്യേണ്ടതാകുന്നു.

(4) എല്ലാ ഫാക്ററികളേയും സംബന്ധിച്ചോ, ഏതെങ്കിലും തരം അല്ലെങ്കിൽ ഇനം ഫാക്ററികളെ സംബന്ധിച്ചോ, സ്റേററ് ഗവൺമെന്റിന്, (1)-ം, (2)-ം, (3)-ം ഉപവകുപ്പുകളിലെ വ്യവസ്ഥകളുടെ അനുസരണം ലഭ്യമാക്കുന്നതിന് ഫാക്ററികളിൽ കുടിക്കാനുള്ള വെള്ളത്തിന്റെ എല്ലാ സംഭരണവും വിതരണവും ചെയ്യുന്ന നിർദ്ദിഷ്ട അധികാരസ്ഥാനങ്ങൾ പരിശോധിക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

19. <u>കക്കൂസുകളും മൂത്രപ്പുരകളും.</u>—(1) ഏതൊരു ഫാക്ററിയിലും—

(ക) സൗകര്യമായവിധം സ്ഥിതിചെയ്യുന്നതും തൊഴിലാളികൾ, ഫാക്ററിയിലായിരിക്കുമ്പോൾ അവർക്ക് എല്ലാ സമയത്തും പ്രാപ്യമായിരിക്കുന്നതുമായ നിർണ്ണയിക്കപ്പെടുന്ന മാതൃകകളിലുള്ള മതിയായ കക്കൂസ്-മൂത്രപ്പുര സൗകര്യം ഏർപ്പെടുത്തേണ്ടതും;

(ഖ) സൗകര്യം ആൺ തൊഴിലാളികൾക്കും പെൺ തൊഴിലാളികൾക്കും വെവ്വേറെ വളച്ചുകെട്ടി ഏർപ്പെടുത്തേണ്ടതും;

(ഗ) അങ്ങനെയുള്ള സൗകര്യം പര്യാപ്തമായവിധം വെളിച്ചവും വായുസഞ്ചാരവും ഉള്ളതായിരിക്കേണ്ടതും, യാതൊരു കക്കൂസും അല്ലെങ്കിൽ മൂത്രപ്പുരയും, ചീഫ് ഇൻസ്പെക്ടർ ലിഖിതമായി പ്രത്യേകം ഒഴിവാക്കാത്ത പക്ഷം, ഏതെങ്കിലും പ്രവൃത്തിമുറിയിലേക്കെത്തുന്നത് തുറസ്സായ ഒരു ഇടസ്ഥലത്തിലൂടെയോ വായുസഞ്ചാരമുള്ള ഒരു വഴിയിലൂടെയോ അല്ലാതെ ആയിരിക്കാൻ പാടില്ലാത്തതും ;

(ഘ) അങ്ങനെയുള്ള എല്ലാ സൗകര്യവും എല്ലാ സമയത്തും വൃത്തിയായും ശുചിയായുമുള്ള അവസ്ഥ വച്ചുപോരേണ്ടതും;

(ങ) കക്കൂസുകളും മൂത്രപ്പുരകളും കഴുകാനുള്ള സ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കുന്നത് പ്രഥമ കർത്തവ്യമായിട്ടുള്ള തൂപ്പുകാരെ നിയോജിക്കേണ്ടതും,

ആകുന്നു.

(2) സാധാരണമായി ഇരുനൂററമ്പതു തൊഴിലാളികളിൽ അധികം നിയോജിക്കപ്പെട്ടിട്ടുള്ള ഏതൊരു ഫാക്ററിയിലും—

(ക) എല്ലാ കക്കൂസ്-മൂത്രപ്പുര സൗകര്യവും നിർണ്ണയിക്കപ്പെടുന്ന സാനിട്ടറി മാതൃകകളിലായിരിക്കേണ്ടതും;

(ഖ) കക്കൂസുകളുടേയും മൂത്രപ്പുരകളുടേയും തറയും മൂന്നടി ഉയരം വരെ ഉൾച്ചുമരുകളും സാനിട്ടറി ബ്ലോക്കുകളും ഗ്ലെയ്സ്ഡ് ഇഷ്ടികകൾ പതിച്ചതോ അല്ലെങ്കിൽ മിനുസമായതും മിനുക്കിയതും പഴുതില്ലാത്തതുമായ ഉപരിതലം നല്കാൻവേണ്ടി മററുവിധത്തിൽ മിനുക്കുപണി ചെയ്തതോ ആയിരിക്കേണ്ടതും;

(ഗ) (1)–ാം ഉപവകുപ്പ് (ഘ), (ങ) ഖണ്ഡങ്ങളിലെ വ്യവസ്ഥ കരംക്ക് ഭംഗംവരാതെ അപ്രകാരം പതിച്ചതോ മിനുക്കുപണി ചെയ്തതോ ആയ തറകളും ചുവരുകളുടെ ഭാഗങ്ങളും ബ്ലാക്കുകളും കക്കൂസുകളുടേയും മൂത്രപ്പുരകളുടേയും സാനിട്ടറി പാനുകളും കുറഞ്ഞപക്ഷം എല്ലാ ഏഴുദിവസത്തിൽ ഒരിക്കലെങ്കിലും അനുയോജ്യമായ അപമാർജ്ജകങ്ങളോ രോഗാണുനാശിനികളോ രണ്ടുംകൂടിയോ ഉപയോഗിച്ച് നല്ലവണ്ണം കഴുകുകയും വൃത്തിയാക്കുകയും ചെയ്യേണ്ടതും,

ആകുന്നു.

(3) സ്റേററ്റ് ഗവൺമെൻറിന് ഒരു ഫാക്ററിയിൽ സാധാരണമായി നിയോജിക്കപ്പെടുന്ന ആൺ തൊഴിലാളികളുടേയും പെൺ തൊഴിലാളികളുടേയും എണ്ണത്തിന് ആനുപാതികമായി ഏർപ്പെടുത്തേണ്ട കക്കൂസുകളുടേയും മൂത്രപ്പുരകളുടേയും എണ്ണം നിർണ്ണയിക്കാവുന്നതും, ഫാക്ററികളിലെ ശുചീകരണം സംബന്ധിച്ച് അതിൽ നിയോജിക്കപ്പെടുന്ന തൊഴിലാളികളുടെ ആരോഗ്യത്തിൻെറ താത്പര്യത്തിന് ആവശ്യകമെന്ന് കരുതുന്ന കൂടുതൽ വിഷയങ്ങരംക്ക്, ഇതുസംബന്ധിച്ച് തൊഴിലാളികരംക്കുള്ള ബാദ്ധ്യത ഉരംപ്പെടെ വ്യവസ്ഥ ചെയ്യാവുന്നതും ആണ്.

20. തുപ്പൽപാത്രങ്ങരം.—(1) ഏതൊരു ഫാക്ററിയിലും മതിയായ്രത തുപ്പൽപാത്രങ്ങരം സൗകര്യപ്രദമായ സ്ഥലങ്ങളിൽ സ്ഥാപിക്കുകയും അവ വൃത്തിയായതും ആരോഗ്യരക്ഷകവുമായ നിലയിൽ വച്ചുപോരുകയും ചെയ്യേണ്ടതാകുന്നു.

(2) സ്റേററ്റ്ഗവൺമെൻറിന്, സ്ഥാപിക്കപ്പെടേണ്ട തുപ്പൽപാത്രങ്ങളുടെ മാതൃകകളും എണ്ണവും ഏതെങ്കിലും ഫാക്ററിയിലെ അവയുടെ സ്ഥാനവും നിർണ്ണയിച്ചുകൊണ്ട് ചട്ടങ്ങരം ഉണ്ടാക്കാവുന്നതും, അവ വൃത്തിയായതും ആരോഗ്യരക്ഷകവുമായതുമായ നിലയിൽ വച്ചുപോരുന്നതുസംബന്ധിച്ച കൂടുതൽ വിഷയങ്ങരംക്ക് വ്യവസ്ഥ ചെയ്യാവുന്നതുമാണ്.

(3) യാതൊരാളും ഫാക്ററിയുടെ കെട്ടിടപരിസരങ്ങരംക്കുള്ളിൽ തുപ്പാനുള്ള ആവശ്യത്തിന് ഏർപ്പെടുത്തിയ തുപ്പൽപാത്രങ്ങളിലല്ലാതെ തുപ്പാൻ പാടില്ലാത്തതും, ഈ വ്യവസ്ഥയും അതിൻെറ ഉല്ലംഘനത്തിനുള്ള ദണ്ഡനവും അടങ്ങുന്ന നോട്ടീസ് ആ കെട്ടിടപരിസരങ്ങളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ശ്രദ്ധയാകർഷിക്കത്തക്കവിധം പ്രദർശിപ്പിക്കേണ്ടതും ആകുന്നു.

(4) (3)–ാം ഉപവകുപ്പ് ഉല്ലംഘിച്ച് തുപ്പുന്ന ഏതൊരാളും, അഞ്ചുരൂപയിൽ കവിയാത്ത പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

## അദ്ധ്യായം IV

## രക്ഷ

21. മെഷീനറി കെട്ടിയടയ്ക്കൽ.—(1) ഏതൊരു ഫാക്ററിയിലും താഴെ പറയുന്നവയും, അതായത്,—

(i) ഒരു മൂലചാലകത്തിൻെറ ചലിക്കുന്ന ഏതൊരു ഭാഗവും, മൂലചാലകത്തോടു ഘടിപ്പിച്ചിട്ടുള്ള ഏതൊരു ഫ്ളൈവീലും, മൂലചാലകമോ ഫ്ളൈവീലോ എൻജിൻസിൽ ആയാലും അല്ലെങ്കിലും ;

(ii) ഏതൊരു ജല–ചക്രത്തിൻേറയും ജല–ടർബൈനിൻേറയും ആവാഹികുല്യതയും അന്ത്യകുല്യയും;

(iii) ലേത്തിൻെറ ഹെഡസ്ററാക്കുമപ്പുറം ഉന്തിനില്ക്കുന്ന സ്ററാക്കുബാറിൻെറ ഏതെങ്കിലും ഭാഗവും;

(iv) സുരക്ഷിതമായി കെട്ടിയടച്ചിരുന്നുവെങ്കിൽ, ഫാക്ററിയിൽ, നിയോജിക്കപ്പെടുന്ന ഏതൊരാരംക്കും എങ്ങനെ രക്ഷനല്കുന്നതാകുമോ, അങ്ങനെ രക്ഷനല്കുന്നതാകത്തക്ക സ്ഥാനത്തുള്ളതോ അങ്ങനെ നിർമ്മിക്കപ്പെട്ടതോ അല്ലാത്തപക്ഷം, താഴെ പറയുന്നവയും, അതായത്,—

(ക) ഒരു വൈദ്യുത ജനറേററിൻേറയോ മോട്ടോറിൻേറയോ റോട്ടറി കൺവർട്ടറിൻേറയോ ഏതൊരുഭാഗവും;

(ഖ) പ്രേഷണമെഷിനറിയുടെ ഏതൊരു ഭാഗവും ;

(ഗ) മറേറതെങ്കിലും മെഷിനറിയുടെ ഏതൊരു അപായകരമായ ഭാഗവും;

ഉറപ്പായി പണിത രക്ഷോപായങ്ങളാൽ സുരക്ഷിതമായി കെട്ടിയടയ്ക്കേണ്ടതും, അവ കെട്ടിയടയ്ക്കുന്ന മെഷീനറിയുടെ ഭാഗങ്ങരം ചലിക്കുമ്പോഴോ ഉപയോഗിക്കപ്പെടുമ്പോഴോ അവ യഥാസ്ഥാനത്ത് നിറുത്തേണ്ടതും ആകുന്നു :

എന്നാൽ, മെഷീനറിയുടെ ഏതെങ്കിലും ഭാഗം, മുൻപറഞ്ഞതുപോലെ രക്ഷനല്കുന്നതാകത്തക്ക സ്ഥാനത്താണോ അല്ലെങ്കിൽ അങ്ങനെ നിർമ്മിക്കപ്പെട്ടതാണോ എന്നു നിശ്ചയിക്കുന്ന ആവശ്യത്തിന്, മെഷീനറി ചലിച്ചുകൊണ്ടിരിക്കുമ്പോരം അതു പരിശോധിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള പരിശോധനയുടെ ഫലമായി മെഷീനറി ചലിച്ചുകൊണ്ടിരിക്കുമ്പോരം ബൽററുകരം ഇടുകയോ മാററുകയോ ചെയ്യലോ, എണ്ണയിടലോ അല്ലെങ്കിൽ മററു ശരിയാക്കുന്ന പണിയോ നടത്തുകയോ ചെയ്യേണ്ടത് ആവശ്യമായിരിക്കെ, അങ്ങനെയുള്ള പരിശോധനയോ പണിയോ 22-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകരം അനുസരിച്ച് ചെയ്യുകയോ നടത്തുകയോ ചെയ്യുന്ന ഏതെങ്കിലും അവസരം കണക്കിലെടുക്കാൻ പാടുള്ളതല്ല.

(2) സ്റേററ്ഗവൺമെൻറിന് ചട്ടങ്ങരംവഴി ഏതെങ്കിലും പ്രത്യേക മെഷീനറിയോ അതിൻെറ ഭാഗമോ സംബന്ധിച്ച്, ആവശ്യകമാണെന്ന് കരുതുന്ന കൂടുതൽ കരുതൽ നടപടികരം നിർണ്ണയിക്കുകയോ അല്ലെങ്കിൽ തൊഴിലാളികളുടെ രക്ഷ ഉറപ്പിക്കുന്നതിനായി ഈ വകുപ്പിലെ വ്യവസ്ഥകളിൽനിന്ന് ഏതെങ്കിലും പ്രത്യേക മെഷീനറിയോ അതിൻെറ ഭാഗമോ, നിർണ്ണയിക്കപ്പെടുന്ന ഉപാധിക്ക് വിധേയമായി, ഒഴിവാക്കുകയോ ചെയ്യാവുന്നതാണ്.

22. <u>ചലിച്ചുകൊണ്ടിരിക്കുന്ന മെഷിനറിയിൻമേലോ അതിന് അടുത്തോ ഉള്ള പ്രവൃത്തി.</u>—(1) ഏതെങ്കിലും ഫാക്ററിയിൽ 21-ാംവകുപ്പിൽ പരാമർശിച്ച മെഷീനറി ചലിച്ചുകൊണ്ടിരിക്കുമ്പോരം അതിൻെറ ഏതെങ്കിലും ഭാഗം പരിശോധിക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള പരിശോധനയുടെ ഫലമായി മെഷീനറി ചലിച്ചുകൊണ്ടിരിക്കുമ്പോരം ബൽററുകരം ഇടുകയോ മാററുകയോ ചെയ്യലോ എണ്ണയിടലോ അല്ലെങ്കിൽ മററ് ശരിയാക്കുന്ന പണിയോ നടത്തുകയോ ചെയ്യേണ്ടത് ആവശ്യമായിവരുന്നിടത്ത്, അങ്ങനെയുള്ള പരിശോധനയോ പണിയോ, ഇതിലേക്ക് നിർണ്ണയിക്കപ്പെടുന്ന രജിസ്ററിൽ പേര് റിക്കാർഡാക്കിയിട്ടുള്ളതും പാറിക്കിടക്കുന്ന വസ്ത്രം ധരിക്കുന്നതുമായ പ്രത്യേകമായി പരിശീലനം നല്കപ്പെട്ട പ്രായപൂർത്തിയെത്തിയ ആൺ തൊഴിലാളിയാൽ മാത്രം ചെയ്യപ്പെടുകയോ നടത്തപ്പെടുകയോ ചെയ്യേണ്ടതും അയാരം അപ്രകാരം ഏർപ്പെട്ടിരിക്കുമ്പോരം,—

(ക) അങ്ങനെയുള്ള തൊഴിലാളി ചലിച്ചുകൊണ്ടിരിക്കുന്ന ഒരു കപ്പിയിലെ ബൽററ്, ആ ബൽററ് ആറിഞ്ചിൽ കുറഞ്ഞ വീതിയുള്ളതല്ലാത്തപക്ഷം ബൽററ് ജായിൻറ് ലേസ് ചെയ്തതായിരിക്കുകയോ, ബൽററുമായി നിരപ്പായതായിരിക്കുകയോ ചെയ്യാത്തപക്ഷവും, പിടിക്കാൻ പാടില്ലാത്തതും;

(ഖ) മെഷീനറി കെട്ടി അടയ്ക്കുന്നതുസംബന്ധിച്ച ഈ ആക്ററിലെ മറേറതെങ്കിലും വ്യവസ്ഥയ്ക്ക് ഭംഗംവരാതെ സുരക്ഷിതമായി കെട്ടി അടയ്ക്കപ്പെട്ടില്ലെങ്കിൽ, അങ്ങനെയുള്ള തൊഴിലാളി സമ്പർക്കത്തിൽ വരാൻ ഇടയുള്ള ഏതെങ്കിലും കറങ്ങിക്കൊണ്ടിരിക്കുന്ന എല്ലാ ഷിഫ്ററിൻമേലോ സ്പിൻഡിലിൻമേലോ ചക്രത്തിൻമേലോ പിനിയനിൻമേലോ ഉള്ള ഏതൊരു പിടിപ്പിക്കപ്പെട്ട പിരിയാണിയും ബോൾട്ടും കീയും ചലിച്ചുകൊണ്ടിരിക്കുന്ന എല്ലാ സ്ഫർംവേമും മററ് പല്ലും ഗീയറിങ്ങും അല്ലെങ്കിൽ ഉരസൽ ഗീയറിങ്ങും അങ്ങനെ സമ്പർക്കത്തിൽ വരുന്നത് തടയാൻ സുരക്ഷിതമായി കെട്ടിഅടയ്ക്കേണ്ടതും,

ആകുന്നു.

(2) യാതൊരു സ്ത്രീയേയും, അല്ലെങ്കിൽ ചെറുപ്രായത്തിലുള്ള ആളേയും മൂലചാലകമോ പ്രേഷണമെഷീനറിയോ ചലിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റെ ഏതെങ്കിലും ഭാഗം വൃത്തിയാക്കാനോ എണ്ണയിടാനോ ശരിയാക്കാനോ അല്ലെങ്കിൽ ഏതെങ്കിലും മെഷീനറിയുടെ ഏതെങ്കിലും ഭാഗം വൃത്തിയാക്കുന്നതോ എണ്ണയിടുന്നതോ ശരിയാക്കുന്നതോ, ആ സ്ത്രീയേയോ ചെറുപ്രായത്തിലുള്ള ആളേയോ, ആ യന്ത്രത്തിന്റേയോ തൊട്ടടുത്തുള്ള മെഷീനറിയുടേയോ ചലിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും ഭാഗത്തിൽനിന്ന് ക്ഷതിക്കുള്ള അപായസാദ്ധ്യതയ്ക്ക് വിധേയമാക്കുമെങ്കിൽ, ആ മെഷീനറിയുടെ ആ ഭാഗം വൃത്തിയാക്കാനോ എണ്ണയിടാനോ ശരിയാക്കാനോ അനുവദിക്കാൻ പാടുള്ളതല്ല.

(3) സ്റേററ്ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി വിനിർദ്ദേശിക്കപ്പെടുന്ന ഏതെങ്കിലും ഫാക്ടറിയിലോ തരം അല്ലെങ്കിൽ ഇനം ഫാക്ടറികളിലോ, ഏതെങ്കിലും ആൾ മെഷീനറിയുടെ വിനിർദ്ദിഷ്ടഭാഗങ്ങൾ, അവ ചലിച്ചുകൊണ്ടിരിക്കുമ്പോൾ വൃത്തിയാക്കുകയോ എണ്ണയിടുകയോ ശരിയാക്കുകയോ ചെയ്യുന്നത് നിരോധിക്കാവുന്നതാണ്.

23. <u>അപായകരമായ യന്ത്രങ്ങളിൽ ചെറുപ്രായത്തിലുള്ള ആളുകളെ നിയോജിക്കുന്നത്</u>.—(1) ചെറുപ്രായത്തിലുള്ള യാതൊരാളും, അയാൾക്ക് ഈ വകുപ്പ് ബാധകമാകുന്ന ഏതെങ്കിലും യന്ത്രംസംബന്ധിച്ച് ഉദ്ഭവിക്കാവുന്ന അപായങ്ങളേയും അനുവർത്തിക്കേണ്ട കരുതൽ നടപടികളേയും കുറിച്ച് പൂർണ്ണമായ ബോധനം നല്കിയിരിക്കുകയും—

(ക) ആ യന്ത്രത്തിലെ പ്രവൃത്തിക്കു മതിയായ പരിശീലനം കിട്ടിയിരിക്കുകയോ, അല്ലെങ്കിൽ

(ഖ) അയാൾ ആ യന്ത്രത്തെക്കുറിച്ച് നല്ലവണ്ണം അറിവും പരിചയവും ഉള്ള ഒരാളുടെ പര്യാപ്തമായ മേൽനോട്ടത്തിൻകീഴിൽ ആയിരിക്കുകയോ, ചെയ്യുകയും,

ചെയ്യാത്തപക്ഷം, ആ യന്ത്രത്തിൽ പ്രവൃത്തി എടുക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ്, സ്റേററ്ഗവൺമെൻറിനാൽ നിർണ്ണയിക്കപ്പെടുന്നതും അതിന്റെ അഭിപ്രായത്തിൽ ഏത് യന്ത്രങ്ങൾക്ക് ആണോ വേണ്ടതായി മുൻപറഞ്ഞ സംഗതികൾ അനുസരിക്കാത്തപക്ഷം ചെറുപ്രായത്തിലുള്ള ആളുകൾ അവയിൽ പ്രവൃത്തി എടുക്കാൻ പാടില്ലാത്തത്ര അപായകരമായ സ്വഭാവമുള്ളത് അങ്ങനെയുള്ളതുമായ യന്ത്രങ്ങൾക്ക് ബാധകമാകുന്നതും ആണ്.

24. <u>ശക്തി വിച്ഛേദിക്കാനുള്ള സ്ട്രൈക്കിങ്ങ് ഗീയറും മററ് ഉപായങ്ങളും</u>.—(1) ഏതൊരു ഫാക്ടറിയിലും —

(ക) അനുയോജ്യമായ സ്ട്രൈക്കിങ്ങ് ഗീയറോ, അല്ലെങ്കിൽ മററ് കാര്യക്ഷമമായ യന്ത്രോപകരണമോ ഏർപ്പെടുത്തുകയും നില

നിറുത്തുകയും, പ്രേഷകമെഷീനറിയുടെ ഭാഗമായ സ്ഥിര കപ്പികളിലേക്കും ചിലത് കപ്പികളിലേക്കും അവയിൽനിന്ന് ചാലന ബെൽററുകൾ ചലിപ്പിക്കുവാൻ ഉപയോഗിക്കുകയും ചെയ്യേണ്ടതും, അങ്ങനെയുള്ള ഗീയറോ ഉപകരണങ്ങളോ, ബെൽററ് സ്ഥിരകപ്പിയിലേക്ക് തിരിയെ നിരങ്ങിപ്പോകുന്നത് തടയത്തക്കവണ്ണം നിർമ്മിക്കപ്പെടുകയും സ്ഥാപിക്കപ്പെടുകയും നിലനിറുത്തപ്പെടുകയും ചെയ്യേണ്ടതും;

(ഖ) ഉപയോഗിക്കപ്പെടാതിരിക്കുമ്പോൾ ചാലനബെൽററുകൾ ചലിച്ചുകൊണ്ടിരിക്കുന്ന ഷാഫ്ററിങ്ങിൽ ഇരിക്കാനോ ഓടാനോ അനുവദിക്കാൻ പാടില്ലാത്തതും,

ആകുന്നു.

(2) ഏതൊരു ഫാക്ററിയിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മെഷീനറിയിൽനിന്ന് അടിയന്തരാവസ്ഥകളിൽ ശക്തി വിച്ഛേദിക്കാനുള്ള അനുയോജ്യമായ ഉപായങ്ങൾ ഏതൊരു പ്രവൃത്തിമുറിയിലും ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യേണ്ടതാണ്:

എന്നാൽ, ഈ ആക്ററിന്റെ പ്രാരംഭത്തിനുമുമ്പ് പ്രവർത്തനത്തിലിരുന്ന ഫാക്ററികളെസംബന്ധിച്ച്, ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ, ശക്തി ആയി വിദ്യുച്ഛക്തി ഉപയോഗിക്കുന്ന പ്രവൃത്തിമുറികൾക്കുമാത്രം ബാധകമാകുന്നതാണ്.

25. സ്വയം പ്രവർത്തിക്കുന്ന യന്ത്രങ്ങൾ.—ഏതെങ്കിലും ഫാക്ററിയിലെ സ്വയം പ്രവർത്തിക്കുന്ന യന്ത്രത്തിന്റെ അങ്ങോട്ടുമിങ്ങോട്ടും നീങ്ങുന്ന യാതൊരു ഭാഗവും, അതിൻമേൽ വഹിച്ചുകൊണ്ടുപോകുന്ന യാതൊരു സാധനവും അത് നീങ്ങുന്ന സ്ഥലം, ഏതെങ്കിലും ആൾ അതിന്റെ നിയോജനത്തിനിടയിൽ ആയാലും അല്ലെങ്കിലും, കടന്നുപോകാനിടയുള്ള സ്ഥലമാണെങ്കിൽ, അത് പുറത്തോട്ടോ അകത്തോട്ടോ നീങ്ങുമ്പോൾ ആ യന്ത്രത്തിന്റെ ഭാഗമല്ലാത്ത ഏതെങ്കിലും സ്ഥിരം പണിപ്പാടിൽനിന്ന് പതിനെട്ട് ഇഞ്ച് അകലത്തിനുള്ളിലേക്ക് നീങ്ങുന്നതിന് അനുവദിക്കാൻ പാടുള്ളതല്ല:

എന്നാൽ, ചീഫ് ഇൻസ്പെക്ടറർക്ക് ഈ ആക്ററിന്റെ പ്രാരംഭത്തിനു മുൻപ് സ്ഥാപിക്കപ്പെട്ടതും ഈ വകുപ്പു വേണ്ടതായി പറയുന്ന സംഗതികൾ അനുസരിച്ചുള്ളതല്ലാത്തതുമായ ഒരു യന്ത്രം, ചുമത്തുന്നത് യുക്തമാണെന്ന് തനിക്കു തോന്നുന്നതും രക്ഷയ്ക്ക് ഉറപ്പുവരുത്താനുള്ളതുമായ ഉപാധികളിൻമേൽ തുടർന്ന് ഉപയോഗിക്കാൻ അനുവദിക്കാവുന്നതാണ്.

26. പുതിയ മെഷീനറി വേഷ്ടനം ചെയ്യൽ.—(1) ശക്തി കൊണ്ട് ഓടിക്കുന്നതും, ഈ ആക്ററിന്റെ പ്രാരംഭത്തിനുശേഷം ഏതെങ്കിലും ഫാക്ററിയിൽ സ്ഥാപിക്കപ്പെടുന്നതുമായ എല്ലാ മെഷീനറിയിലും—

(ക) ഏതെങ്കിലും കറങ്ങിക്കൊണ്ടിരിക്കുന്ന ഷാഫ്ററിൻമേലോ, സ്പിൻഡിലിൻമേലോ, ചക്രത്തിൻമേലോ, പിനിയനിൻമേലോ ഉള്ള ഏതൊരു പിടിപ്പിക്കപ്പെട്ട പിരിയാണിയും ബോൾട്ടും കീയും അപായം തടയത്തക്കവണ്ണം ആഴ്ത്തി വയ്ക്കുകയോ വേഷ്ടനം ചെയ്യുകയോ മററുവിധത്തിൽ ഫലപ്രദമായി സൂക്ഷിക്കുകയോ ചെയ്യേണ്ടതും;

(ഖ) ചലിച്ചുകൊണ്ടിരിക്കുമ്പോൾ കൂടെക്കൂടെ ശരിയാക്കേണ്ട ആവശ്യമില്ലാത്ത എല്ലാ സ്പറും വേമും പല്ല് ഗീയറിങ്ങും അല്ലെങ്കിൽ ഉരസൽ ഗീയറിങ്ങും, അത് പൂർണ്ണമായി ആവേഷ്ടനം ചെയ്യപ്പെട്ടിരുന്നാൽ എങ്ങനെയോ അങ്ങനെ അപകടമില്ലാത്തതായിരിക്കത്തക്കവിധം സ്ഥിതിചെയ്യാത്തപക്ഷം പൂർണ്ണമായി ആവേഷ്ടനം ചെയ്യേണ്ടതും, ആകുന്നു.

(2) (1)-ാം ഉപവകുപ്പിലേയോ അല്ലെങ്കിൽ (3)-ാം ഉപവകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടങ്ങളിലേയോ വ്യവസ്ഥകൾ അനുസരിക്കാത്തതും, ശക്തി കൊണ്ട് ഓടിക്കുന്നതുമായ ഏതെങ്കിലും മെഷീനറി, ഫാക്ടറിയിലെ ഉപയോഗത്തിനായി വില്ക്കുകയോ വാടകയ്ക്കു കൊടുക്കുകയോ അല്ലെങ്കിൽ വില്ക്കുന്ന ആളുടേയോ വാടകയ്ക്കുകൊടുക്കുന്നയാളുടേയോ ഏജൻറായി വില്പിക്കുകയോ വാടകയ്ക്കു കൊടുപ്പിക്കുകയോ അതിന് ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും, മൂന്നുമാസത്തോളമാകാവുന്ന തടവുശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(3) സ്റേററ്ഗവൺമെൻറിന്, ഏതെങ്കിലും പ്രത്യേക യന്ത്രത്തിന്റേയോ തരം അല്ലെങ്കിൽ ഇനം യന്ത്രങ്ങളുടേയോ മറേറതെങ്കിലും അപായകരമായ ഭാഗം സംബന്ധിച്ച് ഏർപ്പെടുത്തേണ്ട കൂടുതൽ രക്ഷാവ്യവസ്ഥകൾ വിനിർദ്ദേശിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

27. <u>പരുത്തി കടച്ചിൽ യന്ത്രത്തിന്റെ അടുത്ത് സ്ത്രീകളേയും കുട്ടികളേയും നിയോജിക്കുന്നതിന്റെ നിരോധനം</u>.— യാതൊരു സ്ത്രീയും അല്ലെങ്കിൽ കുട്ടിയും പരുത്തി കടച്ചിൽ യന്ത്രം പ്രവർത്തിക്കുന്നതും പരുത്തി അമർത്തുന്നതിനുള്ളതുമായ ഒരു ഫാക്ടറിയുടെ ഏതെങ്കിലും ഭാഗത്ത് നിയോജിക്കപ്പെടാൻ പാടുള്ളതല്ല :

എന്നാൽ, പരുത്തികടച്ചിൽ യന്ത്രത്തിന്റെ ഊട്ടുന്ന അററം നിർഗ്ഗമിക്കുന്ന അററത്തു നിന്ന് മേൽക്കൂരവരേയോ ഏതെങ്കിലും പ്രത്യേക സംഗതിയിൽ, ഇൻസ്പെക്ടർ ലിഖിതമായി വിനിർദ്ദേശിക്കുന്ന ഉയരം വരേയോ, നീളുന്ന വിഭാജകത്താൽ വേർപെടുത്തിയിട്ടുള്ള ഒരു മുറിയിലാണെങ്കിൽ, വിഭാജകത്തിന്റെ ഏതു ഭാഗത്താണോ ഊട്ടുന്ന അററം സ്ഥിതി ചെയ്യുന്നത്, ആ ഭാഗത്ത് സ്ത്രീകളും കുട്ടികളും നിയോജിക്കപ്പെടാവുന്നതാണ്.

28. <u>ഹായിസ്ററുകളും ലിഫ്ററുകളും</u>.— (1) ഏതൊരു ഫാക്ടറിയിലും—

(ക) ഏതൊരു ഹായിസ്ററും ലിഫ്ററും—

(i) യാന്ത്രികമായി നല്ലവണ്ണം നിർമ്മിച്ചതും, നല്ല സാമഗ്രി കൊണ്ടുണ്ടാക്കിയതും പര്യാപ്തമായ ബലമുള്ളതും ആയിരിക്കേണ്ടതും;

(ii) ശരിയായി സംരക്ഷിച്ചുപോരുകയും ഓരോ ആറുമാസക്കാലത്തിലൊരിക്കലെങ്കിലും ക്ഷമതയുള്ള ആരം നല്ലവണ്ണം പരിശോധിക്കുകയും ചെയ്യേണ്ടതും, അങ്ങനെയുള്ള ഏതൊരു പരിശോധനയുടേയും നിർണ്ണയിക്കപ്പെടുന്ന വിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്ററർ വച്ചുപോരേണ്ടതും;

(ഖ) ഏതൊരു ഹായിസ്ററിന്റെ മാർഗ്ഗവും ലിഫ്ററിന്റെ മാർഗ്ഗവും ഗേററുകൾ പിടിപ്പിച്ച വളച്ചുകെട്ടിനാൽ മതിയാംവണ്ണം രക്ഷിക്കപ്പെടേണ്ടതും, ഹായിസ്ററും അല്ലെങ്കിൽ ലിഫ്ററും അങ്ങനെയുള്ള ഏതൊരു വളച്ചുകെട്ടും, ഹായിസ്ററിന്റേയോ ലിഫ്ററിന്റേയോ ഏതെങ്കിലും ഭാഗത്തിൽ ഏതെങ്കിലും സ്ഥിരം പണിപ്പാടിനും അല്ലെങ്കിൽ ചലിച്ചുകൊണ്ടിരിക്കുന്ന ഭാഗത്തിനും ഇടയിൽ ഏതെങ്കിലും ആളോ സാധനമോ കുടുങ്ങിപ്പോകുന്നത് തടയത്തക്കവണ്ണം നിർമ്മിക്കേണ്ടതും;

(ഗ) ഏതൊരു ഹായിസ്ററിൻമേലും അല്ലെങ്കിൽ ലിഫ്ററിൻമേലും അപകടമില്ലാത്ത പരമാവധി പ്രവർത്തനലോഡ് വ്യക്തമായി അടയാളപ്പെടുത്തേണ്ടതും അതിൽ അങ്ങനെയുള്ള ലോഡിലും കൂടുതൽ ലോഡ് വഹിച്ചുകൊണ്ടുപോകാൻ പാടില്ലാത്തതും;

(ഘ) ആളുകളെ വഹിച്ചുകൊണ്ടുപോകാൻ ഉപയോഗിക്കുന്ന ഏതൊരു ഹായിസ്ററിൻേറയോ ലിഫ്ററിൻേറയോ കൂട് ഓരോ വശത്തും ഗേററ് പിടിപ്പിച്ചതായിരിക്കേണ്ടതും, അതിൽനിന്ന് ഇറങ്ങാനുള്ള സ്ഥലത്തേയ്ക്ക് പ്രവേശനമുണ്ടായിരിക്കേണ്ടതും;

(ങ) (ഖ) ഖണ്ഡത്തിലോ (ഘ) ഖണ്ഡത്തിലോ പറഞ്ഞ ഏതൊരു ഗേററും കൂട് ഇറങ്ങാനുള്ള സ്ഥലത്ത് ആയിരിക്കുമ്പോഴൊഴികെ ഗേററ് തുറക്കാൻ കഴിയാതിരിക്കുകയും ഗേററ് അടയ്ക്കാത്ത പക്ഷം കൂടിന് ചലിക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്നത് ഉറപ്പുവരുത്താനുള്ള ഇൻറർലാക്കിങ്ങോ അല്ലെങ്കിൽ മററ് കാര്യക്ഷമമായ ഉപായമോ പിടിപ്പിച്ചതായിരിക്കേണ്ടതും;

ആകുന്നു.

(2) താഴെ വേണ്ടതായി പറയുന്ന കൂടുതൽ സംഗതികൾ ആളുകളെ വഹിച്ചുകൊണ്ടുപോകാൻ ഉപയോഗിക്കുന്നതും ഈ ആക്ററിൻെറ പ്രാരംഭത്തിനു ശേഷം ഒരു ഫാക്ടററിയിൽ സ്ഥാപിക്കുകയോ പുനർനിർമ്മാണം ചെയ്യുകയോ ചെയ്യുന്നതുമായ ഹായിസ്ററുകൾക്കും ലിഫ്ററുകൾക്കും ബാധകമാകുന്നതാണ്;

അതായത്:—

(ക) കൂടിനെ കയറോ ചങ്ങലയോ താങ്ങുന്നിടത്ത്, കൂടും സൻതുലന ഭാരവുമായി വെവ്വേറെ ബന്ധിക്കപ്പെട്ട രണ്ടു കയറുകളോ ചങ്ങലകളോ എങ്കിലും ഉണ്ടായിരിക്കേണ്ടതും, ഓരോ കയറിനും അല്ലെങ്കിൽ ചങ്ങലയ്ക്കും അതിനോടു ഘടിപ്പിച്ചവയോടുകൂടി കൂടിൻെറ പരമാവധി ലോഡോടുകൂടിയ അതിൻെറ മുഴുവൻ ഭാരവും വഹിച്ചുകൊണ്ടുപോകുന്നതിനു കഴിവുണ്ടായിരിക്കേണ്ടതാകുന്നു;

(ഖ) കയറുകളോ ചങ്ങലകളോ അതിനോടു ഘടിപ്പിച്ചവയോ പൊട്ടിപ്പോകുന്നതായാൽ കൂടിൻെറ പരമാവധി ലോഡോടുകൂടി, താങ്ങാൻ കഴിവുള്ള കാര്യക്ഷമമായ ഉപായങ്ങൾ ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യേണ്ടതാകുന്നു;

(ഗ) കൂട് പരിധിക്കപ്പുറം പോകുന്നതു തടയാൻ കാര്യക്ഷമമായ സ്വയം ചാലിതമായ ഉപായങ്ങൾ ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യേണ്ടതാകുന്നു.

(3) ചീഫ് ഇൻസ്പെക്ടർക്ക്, (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പൂർണ്ണമായും അനുസരിക്കാത്തതും, ഈ ആക്ററിൻെറ പ്രാരംഭത്തിനുമുമ്പ് ഒരു ഫാക്ടററിയിൽ സ്ഥാപിക്കപ്പെട്ടതുമായ ഹായിസ്റേറാ ലിഫ്റേറാ, തുടർന്നുപയോഗിക്കുന്നത് രക്ഷ ഉറപ്പു വരുത്താനുള്ളതും ചുമത്തുന്നതു യുക്തമാണെന്നു തനിക്കു തോന്നുന്നതുമായ ഉപാധികളിൻമേൽ അനുവദിക്കാവുന്നതാണ്.

(4) ഏതെങ്കിലും തരം അല്ലെങ്കിൽ ഇനം ഹായിസ്ററും അല്ലെങ്കിൽ ലിഫ്ററും സംബന്ധിച്ച് (1)-ം (2)-ം ഉപവകുപ്പുകൾ വേണ്ടതായി പറയുന്ന ഏതെങ്കിലും സംഗതി പ്രാവർത്തികമാക്കുന്നത് ന്യായമായിരിക്കുകയില്ലെന്ന് അഭിപ്രായമുണ്ടെങ്കിൽ സ്റേററ് ഗവൺമെൻറിന്, അങ്ങനെയുള്ള സംഗതികൾ അങ്ങനെയുള്ള തരം അല്ലെങ്കിൽ ഇനം ഹായിസ്ററിനോ ലിഫ്ററിനോ ബാധകമാകുന്നതല്ലെന്ന് ഉത്തരവു വഴി നിദേശിക്കാവുന്നതാണ്.

29. **ഉയർത്തൽ യന്ത്രങ്ങളും ചങ്ങലകളും കയറുകളും ഉയർത്തൽ ററാക്കിളുകളും.**—(1) ഏതെങ്കിലും ഫാക്ടററിയിൽ (ഹായിസ്റേറാ ലിഫ്റേറാ അല്ലാത്ത) ഏതൊരു ഉയർത്തൽ യന്ത്രവും, ആളുകളേയോ സാമാനങ്ങളോ സാമഗ്രികളോ

പൊക്കുകയോ താഴ്ത്തുകയോ ചെയ്യേണ്ടതിനുള്ള ഏതൊരു ചങ്ങലയും, കയറും, ഉയർത്തൽ ററാക്കിളും സംബന്ധിച്ചു താഴെ പറയുന്ന വ്യവസ്ഥകൾ അനുസരിക്കേണ്ടതാണ്—

(ക) ഏതൊരു ഉയർത്തൽ യന്ത്രത്തിന്റേയും പ്രവർത്തന ഗീയർ ഉൾപ്പെടെയുള്ള എല്ലാ ഭാഗങ്ങളും, സ്ഥിരമായതോ ചലിക്കുന്നതോ ആയാലും, ഏതൊരു ചങ്ങലയും കയറും, അല്ലെങ്കിൽ ഉയർത്തൽ ററാക്കിളും—

(i) നല്ലവണ്ണം നിർമ്മിച്ചതും നല്ല സാമഗ്രി കൊണ്ടുണ്ടാക്കിയതും പര്യാപ്തമായ ബലമുള്ളതും ന്യൂനതയില്ലാത്തതും ആയിരിക്കേണ്ടതും;

(ii) ശരിയായി സംരക്ഷിച്ചുപോരണ്ടതും;

(iii) ഓരോ പന്ത്രണ്ടു മാസക്കാലത്തിലൊരിക്കലെങ്കിലും അല്ലെങ്കിൽ ചീഫ് ഇൻസ്പെക്ടർ ലിഖിതമായി വിനിർദ്ദേശിക്കുന്ന ഇടവേളകളിൽ ക്ഷമതയുള്ളയാൾ നല്ലവണ്ണം പരിശോധിക്കേണ്ടതും, അങ്ങനെയുള്ള ഏതൊരു പരിശോധനയുടേയും നിർണ്ണയിക്കപ്പെടുന്ന വിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്ററർ വച്ചുപോരേണ്ടതും;

ആകുന്നു.

(ഖ) പരീക്ഷണത്തിന്റെ ആവശ്യത്തിനല്ലാതെ യാതൊരു ഉയർത്തൽ യന്ത്രത്തിലും, യാതൊരു ചങ്ങലയിലും കയറിലും അല്ലെങ്കിൽ ഉയർത്തൽ ടാക്കിളിലും നിരപായപ്രവർത്തന ലോഡിലും കവിഞ്ഞ് ലോഡ് ചെയ്യാൻ പാടില്ലാത്തതും, ആ ലോഡ് അതിൻമേൽ തിരിച്ചറിയാനുള്ള ഒരു അടയാളസഹിതം വ്യക്തമായി അടയാളപ്പെടുത്തുകയും നിർണ്ണയിക്കപ്പെടുന്ന രജിസ്റററിൽ മുറപ്രകാരം ചേർക്കുകയും ചെയ്യേണ്ടതും; ഇതു പ്രായോഗികമല്ലാത്തിടത്ത്, ഉപയോഗത്തിലുള്ള ഏതു തരത്തിലും വലിപ്പത്തിലുമുള്ള ഉയർത്തൽ യന്ത്രത്തിന്റേയും അല്ലെങ്കിൽ ചങ്ങലയുടേയും കയറിന്റേയും അല്ലെങ്കിൽ ഉയർത്തൽ ററാക്കിളിന്റേയും നിരപായ പ്രവർത്തനലോഡുകൾ കാണിക്കുന്ന ഒരു പട്ടിക കെട്ടിടപരിസരത്തിന്റെ ശ്രദ്ധയാകർഷിക്കത്തക്ക സ്ഥാനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതും ആകുന്നു;

(ഗ) ഏതെങ്കിലും ആൾ, ഒരു സഞ്ചരിക്കുന്ന ക്രെയിനിന്റെ ചക്രപഥത്തിലോ അതിനടുത്തോ ക്രെയിൻ തട്ടാനിടയുള്ള സ്ഥലത്തോ നിയോജിക്കപ്പെട്ടിരിക്കുകയോ ജോലി ചെയ്തുകൊണ്ടിരിക്കുകയോ ചെയ്യുമ്പോൾ, ആ സ്ഥലത്തിന്റെ ഇരുപതടിക്കുള്ളിൽ ചെല്ലുകയില്ലെന്ന് ഉറപ്പു വരുത്താൻ ഫലപ്രദമായനടപടി എടുക്കേണ്ടതാകുന്നു.

(2) സ്റേററ് ഗവൺമെൻറിന് ഫാക്ടറികളിൽ ഉപയോഗിക്കുന്ന ഏതെങ്കിലും ഉയർത്തൽ യന്ത്രമോ ഏതെങ്കിലും ചങ്ങലയോ കയറോ ഉയർത്തൽ ററാക്കിളോ സംബന്ധിച്ച്—

(ക) ഈ വകുപ്പിൽ അനുസരിക്കപ്പെടേണ്ടതായി പറഞ്ഞിട്ടുള്ള സംഗതികൾക്ക് പുറമേ കൂടുതലായി വേണ്ടവ നിർണ്ണയിച്ചുകൊണ്ടും;

(ഖ) ഈ വകുപ്പിൽ വേണ്ടതായി പറഞ്ഞിട്ടുള്ള എല്ലാ സംഗതികളുമോ അവയിൽ ഏതെങ്കിലുമോ അനുസരിക്കുന്നതു സ്റേററ് ഗവൺമെൻറിന്റെ അഭിപ്രായത്തിൽ അനാവശ്യമോ അപ്രായോഗികമോ ആയിരിക്കുന്നിടത്ത്, അങ്ങനെ അനുസരിക്കുന്നതിൽനിന്ന് ഒഴിവാക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ടും;

ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(3) ഈ വകുപ്പിന്റെ ആവശ്യത്തിന്, ഉയർത്തൽ യന്ത്രമോ ചങ്ങലയോ കയറോ ഉയർത്തൽ റാക്കിളോ, പരിശോധിക്കപ്പെടുന്ന ഭാഗങ്ങൾ അപകടമില്ലാത്തതാണെന്നു വിശ്വാസയോഗ്യമായ തീരുമാനത്തിൽ എത്തുന്നതിനുവേണ്ട്, ഒരു ദൃശ്യപരിശോധന പരിതഃസ്ഥിതികൾ ആവുന്നത്ര ശ്രദ്ധയോടേ ആവശ്യമാണെങ്കിൽ, അതോടൊപ്പം മററു മാർഗ്ഗങ്ങൾ ഉപയോഗിച്ചും ഗിയറിന്റെ ഭാഗങ്ങൾ കഴിച്ചും കൂടി നടത്തുന്നതിൽ നല്ലവണ്ണം പരിശോധിക്കപ്പെട്ടതായി കരുതപ്പെടുന്നതാകുന്നു.

വിശദീകരണം.— ഈ വകുപ്പിൽ—

(ക) "ഉയർത്തൽയന്ത്രം" എന്നാൽ, ക്രെയിനോ, ക്രാബോ, വിൻചോ ടീഗിളോ, കപ്പിബ്ലോക്കോ, ജിൻ ചക്രമോ ട്രാൻസ്പോർട്ടറോ, റൺവേയോ എന്നർത്ഥമാകുന്നതും;

(ഖ) "ഉയർത്തൽ റാക്കിൾ" എന്നാൽ, ചങ്ങലസ്ലിങ്ങുകൾ, കയർസ്ലിങ്ങുകൾ, വളയങ്ങൾ, കൊളുത്തുകൾ, ഷാക്കിളുകൾ, സ്വിവെൽകൾ എന്ന് അർത്ഥമാകുന്നതും,

ആണ്.

30. കറങ്ങുന്ന യന്ത്രം.— (1) ഒരു ഫാക്ററിയിലെ, പൊടിക്കുന്ന പ്രക്രിയ നടത്തിക്കൊണ്ടുപോകുന്ന ഏതൊരു മുറിയിലും ഉപയോഗത്തിലിരിക്കുന്ന ഏതൊരു യന്ത്രത്തിൻമേലും ഏതൊരു തിരികല്ലിന്റേയോ ചാണചക്രത്തിന്റേയോ പരമാവധിയുള്ള നിരപായ പ്രവർത്തന പരിധീയവേഗതയും അപ്രകാരമുള്ള നിരപായപ്രവർത്തനപരിധിവേഗത ഉറപ്പു വരുത്തുന്നതിന് ആവശ്യമായ, ചക്രം പിടിപ്പിച്ചിട്ടുള്ള ഷാഫററിന്റേയോ സ്പിൻഡിലിന്റേയോ, അങ്ങനെയുള്ള ഷാഫ്ററിന്റേയോ സ്പിൻഡിലിൻമേലോ ഉള്ള കപ്പിയുടെ വ്യാസവും കാണിക്കുന്ന ഒരു നോട്ടീസ് സ്ഥിരമായി പതിക്കുകയോ ആ യന്ത്രത്തിന് സമീപം വയ്ക്കുകയോ ചെയ്തിരിക്കേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പിലെ നോട്ടീസുകളിൽ കാണിച്ച വേഗതകൾ അതിലംഘിക്കപ്പെടാൻ പാടുള്ളതല്ല.

(3) ഏതൊരു ഫാക്ററിയിലും കറങ്ങുന്ന ഏതൊരു പാത്രത്തിന്റേയോ കൂടിന്റേയോ കൂടയുടേയോ ഫ്ളൈവീലിന്റേയോ കപ്പിയുടേയോ ഡിസ്ക്കിന്റേയോ, അല്ലെങ്കിൽ ശക്തികൊണ്ട് ഓടിക്കുന്ന സദൃശമായ ഉപകരണങ്ങളുടേയോ നിരപായപ്രവർത്തന പരിധീയവേഗം അതിലംഘിക്കപ്പെടുകയില്ലെന്ന് ഉറപ്പു വരുത്താൻ ഫലപ്രദമായ നടപടികൾ എടുക്കേണ്ടതാകുന്നു.

31. മർദ്ദ പ്ലാന്റ്.— (1) ഏതെങ്കിലും ഫാക്ററിയിൽ നിർമ്മാണ പ്രക്രിയയിൽ ഉപയോഗിക്കുന്ന പ്ലാന്റിന്റേയോ മെഷീനറിയുടേയോ ഏതെങ്കിലും ഭാഗം വായുമണ്ഡലമർദ്ദത്തിന് അധികമായി മർദ്ദത്തിൽ പ്രവർത്തിപ്പിക്കപ്പെടുന്നുവെങ്കിൽ, അങ്ങനെയുള്ള ഭാഗത്തിന്റെ നിരപായപ്രവർത്തനമർദ്ദം അതിലംഘിക്കപ്പെടുന്നില്ലെന്ന് ഉറപ്പു വരുത്താൻ ഫലപ്രദമായ നടപടികൾ എടുക്കേണ്ടതാകുന്നു.

(2) സ്റേറററ് ഗവൺമെൻറിന്, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചതുപോലെയുള്ള ഏതെങ്കിലും പ്ലാന്റിന്റേയോ മെഷിനറിയുടേയോ പരിശോധനയ്ക്കോ പരീക്ഷണത്തിന്നോ വ്യവസ്ഥ ചെയ്യുന്നതും, അതുസംബന്ധിച്ച് സ്റേററ് ഗവൺമെൻറിന്റെ അഭിപ്രായത്തിൽ ഏതെങ്കിലും ഫാക്ററിയിലോ, തരം അല്ലെങ്കിൽ ഇനം ഫാക്ററികളിലോ ആവശ്യമായ മററു രക്ഷാനടപടികൾ നിർണ്ണയിക്കുന്നതുമായ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

32. തറകളും കോണിപ്പടികളും പ്രവേശനമാർഗ്ഗങ്ങളും.— ഏതൊരു ഫാക്ടറിയിലേയും—

(ക) എല്ലാ തറകളും, പടികളും കോണിപ്പടികളും ഇടനാഴികളും ഗാങ്ങ്‌വേകളും നല്ലവണ്ണം നിർമ്മിക്കപ്പെട്ടതും ശരിയായി സംരക്ഷിക്കപ്പെട്ടുപോരുന്നതും രക്ഷ ഉറപ്പു വരുത്തുന്നത് ആവശ്യമായിട്ടുള്ളിടത്ത്, പടികൾക്കും കോണിപ്പടികൾക്കും ഇടനാഴികൾക്കും ഗാങ്ങ്‌വേകൾക്കും ഉറപ്പുള്ള കൈവരികൾ വയ്ക്കേണ്ടതും;

(ഖ) ഏതെങ്കിലും ആളോട്, ഏതെങ്കിലും സമയത്ത് പ്രവൃത്തി ചെയ്യാൻ ആവശ്യപ്പെടുന്ന ഏതൊരു സ്ഥലത്തേക്കും ന്യായമായി പ്രായോഗികമാകുന്നിടത്തോളം, നിരപായമായ പ്രവേശനമാർഗ്ഗം ഏർപ്പെടുത്തുകയും സംരക്ഷിച്ചു പോരുകയും ചെയ്യേണ്ടതും,

ആകുന്നു.

33. കുഴികൾ സമ്പുകൾ, തറകളിലുള്ള ദ്വാരങ്ങൾ മുതലായവ.— (1) ഏതൊരു ഫാക്ടറിയിലും, ഏതു സ്ഥിരം പാത്രമോ, സമ്പോ, ടാങ്കോ, കുഴിയോ അല്ലെങ്കിൽ നിലത്തോ തറയിലോ ഉള്ള ദ്വാരമോ ആണ്, അതിന്റെ ആഴമോ സ്ഥിതിയോ നിർമ്മാണമോ കാരണമായോ, അതിന്റെ ഉള്ളടക്കം കാരണമായോ, അപായജനകമായിരിക്കുകയോ ആകാവുന്നതായിരിക്കുകയോ ചെയ്യുന്നത്, അങ്ങനെയുള്ള ഏതും സുരക്ഷിതമായി മൂടുകയോ കെട്ടി അടയ്ക്കുകയോ ചെയ്യേണ്ടതാകുന്നു.

(2) സ്റ്റേറ്റ് ഗവൺമെന്റിന് ലിഖിതമായ ഉത്തരവു വഴിയും, നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്കു വിധേയമായും, ഏതെങ്കിലും പാത്രമോ സമ്പോ ടാങ്കോ കുഴിയോ ദ്വാരമോ സംബന്ധിച്ച്, ഏതെങ്കിലും ഫാക്ടറിയേയോ, തരം അല്ലെങ്കിൽ ഇനം ഫാക്ടറികളേയോ ഈ വകുപ്പിലെ വ്യവസ്ഥകൾ അനുസരിക്കുന്നതിൽ നിന്ന് ഒഴിവാക്കാവുന്നതാണ്.

34. അത്യധികഭാരം.— (1) യാതൊരാളും ഏതെങ്കിലും ഫാക്ടറിയിൽ, തനിക്കു ക്ഷതമുളവാക്കാൻ ഇടയുള്ളത്ര കനമുള്ള ഏതെങ്കിലും ലോഡ് പൊക്കുകയോ വഹിച്ചുകൊണ്ടുപോവുകയോ നീക്കുകയോ ചെയ്യുന്നതിന് നിയോജിക്കപ്പെടുവാൻ പാടുള്ളതല്ല.

(2) സ്റ്റേറ്റ് ഗവൺമെന്റിന്, ഫാക്ടറികളിലോ, ഏതെങ്കിലും തരം അല്ലെങ്കിൽ ഇനം ഫാക്ടറികളിലൊ, അല്ലെങ്കിൽ ഏതെങ്കിലും വിനിർദ്ദിഷ്ട പ്രക്രിയ നടത്തിക്കൊണ്ടു പോകുന്നതിലോ നിയോജിക്കപ്പെടുന്ന പ്രായപൂർത്തിയായ പുരുഷൻമാർക്കും പ്രായപൂർത്തിയായ സ്ത്രീകൾക്കും പ്രായപൂർത്തിയാകാത്തവർക്കും കുട്ടികൾക്കും പൊക്കാവുന്നതോ വഹിച്ചുകൊണ്ടുപോകാവുന്നതോ നീക്കാവുന്നതോ ആയ പരമാവധി ഭാരങ്ങൾ നിർണ്ണയിക്കുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

35. കണ്ണുകളുടെ സംരക്ഷണം.— ഏതെങ്കിലും ഫാക്ടറിയിൽ നടത്തിക്കൊണ്ടുപോകുന്ന നിർണ്ണയിക്കപ്പെടുന്നതും—

(ക) പ്രക്രിയയ്ക്കിടയിൽ തെറിച്ചുപോകുന്ന കണങ്ങളിൽനിന്നോ ശകലങ്ങളിൽനിന്നോ കണ്ണിന് ക്ഷതി സാദ്ധ്യതയോ; അല്ലെങ്കിൽ

(ഖ) അത്യധികമായ വെളിച്ചം തട്ടുന്നതു കാരണമായി കണ്ണുകൾക്ക് അപായസാദ്ധ്യതയോ,

ഉൾക്കൊള്ളുന്ന ഒരു പ്രക്രിയയായിരിക്കുന്നതുമായ ഏതെങ്കിലും നിർമ്മാണപ്രക്രിയ സംബന്ധിച്ച്, സ്റ്റേറ്റ് ഗവൺമെന്റിന് പ്രക്രിയയിലോ അതിനു തൊട്ടടുത്തോ നിയോജിക്കപ്പെടുന്ന ആളുകളുടെ സംരക്ഷണത്തിനായി ഫലപ്രദമായ മറകളോ അനുയോജ്യമായ മൂടിക്കണ്ണടകളോ ഏർപ്പെടുത്തിക്കൊടുക്കേണ്ടതാണെന്ന് ചട്ടങ്ങൾ വഴി ആവശ്യപ്പെടാവുന്നതാണ്.

36. അപായകരമായ ധൂമത്തിനെതിരായ മുൻകരുതലുകൾ.— (1) യാതൊരാളും, ഏതെങ്കിലും ഫാക്റ്ററിയിൽ അപായകരമായ ധൂമങ്ങൾ അവ ആളുകളെ അവശരാക്കുന്ന സാദ്ധ്യത ഉൾക്കൊള്ളത്തക്കവിധം അത്രയ്ക്ക് ഉണ്ടായിരിക്കുവാൻ ഇടയുള്ള ഏതെങ്കിലും അറയിലോ, ടാങ്കിലോ, തൊട്ടിയിലോ കുഴിയിലോ, കുഴലിലോ, ധൂമവാഹിനിയിലോ മറ്റു പരിരുദ്ധസ്ഥലത്തോ, അവിടെ പര്യാപ്തമായ വലുപ്പത്തിലുള്ള ആൾത്തുളയോ ബഹിർഗ്ഗമനത്തിന്നുള്ള മറ്റു ഫലപ്രദമായ മാർഗ്ഗങ്ങളോ ഏർപ്പെടുത്താത്തപക്ഷം, പ്രവേശിക്കുകയോ പ്രവേശിക്കുവാൻ അനുവദിക്കപ്പെടുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) ഇരുപത്തിനാലു വാൾട്ടിൽ കവിഞ്ഞ വാൾട്ടേജുള്ള യാതൊരു വഹനീയവൈദ്യുതവെളിച്ചവും (1)-ാം ഉപവകുപ്പിൽ പരാമർശിച്ചതുപോലെയുള്ള ഏതെങ്കിലും പരിരുദ്ധ സ്ഥലത്തിനുള്ളിലെ ഉപയോഗത്തിനായി ഏതെങ്കിലും ഫാക്റ്ററിയിൽ അനുവദിക്കപ്പെടാൻ പാടില്ലാത്തതും, അവിടെ ഉണ്ടായിരിക്കുന്ന ധൂമം എളുപ്പത്തിൽ തീപിടിക്കാവുന്നതാകാനിടയുള്ളിടത്ത്, അങ്ങനെയുള്ള പരിരുദ്ധസ്ഥലത്ത് ജ്വാലാജനകമല്ലാത്തവിധം നിർമ്മിക്കപ്പെട്ടതല്ലാത്ത മറ്റു യാതൊരു, വിളക്കും അല്ലെങ്കിൽ വെളിച്ചവും ഉപയോഗിക്കപ്പെടാൻ അനുവദിക്കാൻ പാടില്ലാത്തതും ആകുന്നു.

(3) ഏതെങ്കിലും ഫാക്റ്ററിയിലെ യാതൊരാളും, (1)-ാം ഉപവകുപ്പിൽ പരാമർശിച്ചതുപോലെയുള്ള ഏതെങ്കിലും പരിരുദ്ധസ്ഥലത്ത്, അവിടെ ഉണ്ടായിരിക്കാവുന്ന വല്ല ധൂമവും നീക്കം ചെയ്യുവാനും വല്ല ധൂമവും അകത്തേയ്ക്കു പ്രവേശിക്കുന്നതു തടയുവാനും എല്ലാ പ്രായോഗിക നടപടികളും എടുത്തിരിക്കുന്നതുവരേയും,

(ക) ക്ഷമതയുള്ള ഒരാൾ, താൻതന്നെ നടത്തുന്ന പരീക്ഷണത്തിന്റെ അടിസ്ഥാനത്തിലുള്ളതും ആ സ്ഥലം അപായകരമായ ധൂമമില്ലാത്തതും ആളുകൾക്ക് പ്രവേശിക്കാൻ യോഗ്യമായതും ആണെന്നതിനുള്ളതും ആയ ലിഖിതമായ സർട്ടിഫിക്കറ്റ് നല്കിയിരിക്കുകയോ;

(ഖ) തൊഴിലാളി, അനുയോജ്യമായ ശ്വസനോപകരണവും, ഒരുകയറ്റിനോട് സുരക്ഷിതമായി ബന്ധിക്കപ്പെട്ടിട്ടുള്ള ഒരു ബെൽറ്റും ധരിക്കുകയും ആ കയറ്റിന്റെ ബന്ധിക്കപ്പെടാത്ത അറ്റം ആ പരിരുദ്ധസ്ഥലത്തിന് വെളിയിൽ നില്ക്കുന്ന ഒരു ആൾ പിടിച്ചിരിക്കുകയും ചെയ്യുകയോ,

ചെയ്യാത്തപക്ഷവും, പ്രവേശിക്കുവാൻ അനുവദിക്കപ്പെടുകയോ ചെയ്യാൻ പാടുള്ളതല്ല.

(4) ഏതൊരു ഫാക്റ്ററിയിലും ഏതെങ്കിലും ആൾ പ്രവേശിച്ചിട്ടുള്ള, മുമ്പു പരാമർശിച്ചതുപോലെയുള്ള ഏതെങ്കിലും പരിരുദ്ധസ്ഥലത്തിനരികെ അനുയോജ്യമായ ശ്വസനോപകരണവും പുനരുജ്ജീവനോപകരണവും ബെൽറ്റുകളും കയറുകളും ഉടനെയുള്ള ഉപയോഗത്തിനു തയ്യാറാക്കി വയ്ക്കുകയും അങ്ങനെയുള്ള എല്ലാ ഉപകരണങ്ങളും ക്ഷമതയുള്ള ഒരാൾ ആനുകാലികമായി പരിശോധിക്കുകയും ഉപയോഗയോഗ്യമാണെന്നു സർട്ടിഫൈ ചെയ്യുകയും ചെയ്യേണ്ടതും; ഏതൊരു ഫാക്റ്ററിയിലും നിയോജിക്കപ്പെട്ടിട്ടുള്ളവരിൽ മതിയായത്ര ആളുകളെ അങ്ങനെയുള്ള എല്ലാ ഉപകരണങ്ങളുടേയും പ്രയോഗത്തിലും ശ്വാസോച്ഛ്വാസം പുനഃസ്ഥാപിക്കുന്ന സമ്പ്രദായത്തിലും പരിശീലിപ്പിക്കുകയും അഭ്യസിപ്പിക്കുകയും ചെയ്യേണ്ടതുമാകുന്നു.

(5) യാതൊരാളും ഏതെങ്കിലും ഫാക്റ്ററിയിൽ വല്ല ബായിലർച്ചൂളയിലോ, ബായിലർ ധൂമവാഹിനിയിലോ, അറയിലോ ടാങ്കിലോ തൊട്ടിയിലോ കുഴലിലോ മറ്റു പരിരുദ്ധസ്ഥലത്തോ, അത് അവിടെ ആളുകൾക്ക് നിര

പായം പ്രവേശിക്കാവുന്ന വിധം വായുസഞ്ചാരം വഴിയോ മററുവിധത്തിലോ മതിയാംവണ്ണം തണുപ്പിച്ചിരിക്കുന്നതുവരെ അവിടെ പ്രവൃത്തി ചെയ്യാനോ പരിശോധന നടത്താനോ വേണ്ടി പ്രവേശിക്കുന്നതിന് അനുവദിക്കപ്പെടാൻ പാടുള്ളതല്ല.

(6) സ്റേററ് ഗവൺമെൻറിന്, (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ആംത്തുളയുടെ ഏററവും കുറഞ്ഞ അളവുകൾ നിർണ്ണയിക്കുന്ന ചട്ടങ്ങൾ ഉണ്ടാക്കുകയും ഈ വകുപ്പിലെ വ്യവസ്ഥകളിൽ ഏതെങ്കിലും അനുസരിക്കുന്നതിൽ നിന്ന് ഏതെങ്കിലും ഫാക്ടറിയേയോ, തരം അല്ലെങ്കിൽ ഇനം ഫാക്ടറികളേയോ, ചുമത്തുന്നതു യുക്തമാണെന്നു തോന്നുന്ന ഉപാധികൾക്ക് വിധേയമായി, ലിഖിതമായ ഉത്തരവു വഴി ഒഴിവാക്കുകയും ചെയ്യാവുന്നതാണ്.

37. സ്ഫോടകമായതോ എളുപ്പം തീ പിടിക്കാവുന്നതോ ആയ ധൂളി വാതകം മുതലായവ.— (1) ഏതെങ്കിലും ഫാക്ടറിയിൽ ഏതെങ്കിലും നിർമ്മാണപ്രക്രിയ ജ്വാലനത്തിൻമേൽ സ്ഫോടനം ചെയ്യാൻ ഇടയുള്ള സ്വഭാവത്തോടുകൂടിയതും അത്രത്തോളമുള്ളതുമായ ധൂളിയോ, വാതകമോ, ധൂമമോ, ബാഷ്പമോ, ഉണ്ടാക്കുന്നിടത്ത്, അങ്ങനെയുള്ള ഏതെങ്കിലും സ്ഫോടനം തടയാനായി,—

(ക) ആ പ്രക്രിയയിൽ ഉപയോഗിക്കുന്ന പ്ലാൻേറാ മെഷിനറിയോ ഫലപ്രദമായി വളച്ചുകെട്ടിയും ;

(ഖ) അങ്ങനെയുള്ള ധൂളിയോ വാതകമോ ധൂമമോ ബാഷ്പമോ ഈട്ടം കൂടുന്നതു നീക്കം ചെയ്യുകയോ തടയുകയോ ചെയ്തും;

(ഗ) ജ്വാലനത്തിൻെറ ഉദ്ഭവത്തിന് സാദ്ധ്യതയുള്ള എല്ലാം ഒഴിച്ചു നിറുത്തുകയോ ഫലപ്രദമായി വളച്ചുകെട്ടുകയോ ചെയ്തും ;

എല്ലാ പ്രായോഗിക നടപടികളും എടുക്കേണ്ടതാകുന്നു.

(2) ഏതെങ്കിലും ഫാക്ടറിയിൽ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചതു പോലെയുള്ള ഒരു പ്രക്രിയയിൽ ഉപയോഗിക്കപ്പെടുന്ന പ്ലാൻേറാ മെഷിനറിയോ മുമ്പു പറഞ്ഞതുപോലെയുള്ള സ്ഫോടനം ഉണ്ടാക്കുന്ന സംഭാവ്യമായ മർദ്ദം സഹിക്കത്തക്കവണ്ണം നിർമ്മിച്ചിട്ടുള്ളതല്ലാത്തിടത്ത്, ആ പ്ലാൻറിലോ മെഷിനറിയിലോ, ചോക്കുകളോ വ്യാരോധങ്ങളോ, ദ്വാരങ്ങളോ മററു ഫലപ്രദമായ ഉപകരണങ്ങളോ ഏർപ്പെടുത്തി, സ്ഫോടനത്തിൻെറ വ്യാപനവും ഫലങ്ങളും പരിമിതിപ്പെടുത്താൻ എല്ലാ പ്രായോഗിക നടപടികളും എടുക്കേണ്ടതാകുന്നു.

(3) ഒരു ഫാക്ടറിയിലെ പ്ലാൻറിൻേറയോ മെഷീനറിയുടേയോ ഏതെങ്കിലും ഭാഗം വായുമണ്ഡലമർദ്ദത്തേക്കാൾ അധികമായ മർദ്ദത്തിന് കീഴിലുള്ള ഏതെങ്കിലും സ്ഫോടകമായതോ എളുപ്പത്തിൽ തീ പിടിക്കാവുന്നതോ ആയ വാതകമോ ബാഷ്പമോ ഉൾക്കൊള്ളുന്നിടത്ത്, ആ ഭാഗം താഴെ പറയുന്ന വ്യവസ്ഥകൾ അനുസരിച്ചല്ലാതെ തുറക്കാൻ പാടുള്ളതല്ല; അതായത്:—

(ക) ആ ഭാഗവുമായി ബന്ധിക്കപ്പെട്ട ഏതെങ്കിലും കുഴലിൻെറ ഏതെങ്കിലും സന്ധിയുടെ പിടിപ്പോ അല്ലെങ്കിൽ ആ ഭാഗത്തിലേക്കുള്ള ഏതെങ്കിലും ദ്വാരത്തിൻെറ മൂടിയുടെ പിടിപ്പോ അയവാക്കുന്നതിന്നുമുമ്പ്, ആ ഭാഗത്തിലേക്കോ അങ്ങനെയുള്ള ഏതെങ്കിലും കുഴലിലേക്കോ ഉള്ള വാതകത്തിൻേറയോ ബാഷ്പത്തിൻേറയോ ഏതെങ്കിലും പ്രവാഹം സ്ററാപ്പ് വാല്വ് വഴിയോ മററു മാർഗ്ഗത്തിലൂടെയോ ഫലപ്രദമായി തടഞ്ഞുനിറുത്തേണ്ടതാകുന്നു;

(ഖ) മുമ്പു പറഞ്ഞതുപോലുള്ള ഏതെങ്കിലും പിടിപ്പ് നീക്കംചെയ്യുന്നതിന്നുമുമ്പ് ആ ഭാഗത്തിലോ കുഴലിലോ ഉള്ള വാതകത്തി

ന്റേയോ ബാഷ്പത്തിന്റേയോ മർദ്ദം വായുമണ്ഡലമർദ്ദത്തോളമായി കുറയ്ക്കുവാൻ എല്ലാ പ്രായോഗിക നടപടികളും എടുക്കേണ്ടതാകുന്നു;

(ഗ) മുമ്പു പറഞ്ഞതുപോലെയുള്ള ഏതെങ്കിലും പിടിപ്പ് അയവാക്കുകയോ നീക്കം ചെയ്യുകയോ ചെയ്തിട്ടുള്ളിടത്ത്, ആ പിടിപ്പ്, അതതുസംഗതിപോലെ, ഉറപ്പിക്കുകയോ സുരക്ഷിതമായി മാററിവയ്ക്കുകയോ ചെയ്തു കഴിയുന്നതുവരെ ആ ഭാഗത്തിലോ കുഴലിലോ, സ്ഫോടകമോ എളുപ്പത്തിൽ തീ പിടിക്കാവുന്നതോ ആയ ഏതെങ്കിലും വാതകമോ ബാഷ്പമോ പ്രവേശിക്കുന്നതു തടയുവാൻ ഫലപ്രദമായ നടപടികൾ എടുക്കേണ്ടതാകുന്നു:

എന്നാൽ, തുറന്ന സ്ഥലത്ത് സ്ഥാപിക്കപ്പെട്ട പ്ലാൻറിന്റേയോ മെഷീനറിയുടേയോ സംഗതിയിൽ ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല.

(4) ഏതെങ്കിലും ഫാക്ടറിയിൽ ഏതെങ്കിലും സ്ഫോടകമോ എളുപ്പത്തിൽ തീ പിടിക്കാവുന്നതോ ആയ പദാർത്ഥം ഉൾക്കൊള്ളുന്നതോ ഉൾക്കൊണ്ടിട്ടുള്ളതോ ആയ യാതൊരു പ്ലാൻറും, അല്ലെങ്കിൽ ടാങ്കും അല്ലെങ്കിൽ പാത്രവും, അങ്ങനെയുള്ള ഏതെങ്കിലും പദാർത്ഥവും, അതിൽനിന്ന് ഉദ്ഭവിക്കുന്ന ഏതെങ്കിലും ധൂമവും നീക്കം ചെയ്യുവാനോ, അല്ലെങ്കിൽ അങ്ങനെയുള്ള പദാർത്ഥവും ധൂമങ്ങളും സ്ഫോടകമല്ലാത്തതും എളുപ്പത്തിൽ തീ പിടിക്കാവുന്നതല്ലാത്തതുമാക്കിത്തീർക്കാനോ പര്യാപ്തമായ നടപടികൾ ആദ്യമേ എടുത്തിട്ടില്ലാത്തപക്ഷം, ചൂട് ഏല്പിക്കുന്നത് ഉൾക്കൊള്ളുന്ന ഏതെങ്കിലും വെൽഡിങ്ങിനോ ബ്രേയിസിങ്ങിനോ വിളക്കലിനോ കർത്തനപ്രക്രിയക്കോ, വിധേയമാക്കാൻ പാടില്ലാത്തതും, അങ്ങനെയുള്ള ഏതെങ്കിലും പ്രക്രിയക്കുശേഷം അങ്ങനെയുള്ള പദാർത്ഥം ജനിപ്പിക്കുന്ന ഏതെങ്കിലും അപായസാദ്ധ്യത തടയുവാൻ മതിയായവിധം ലോഹം തണുത്തു കഴിയുന്നതുവരെ, ആ പദാർത്ഥം അങ്ങനെയുള്ള പ്ലാൻറിലോ ടാങ്കിലോ പാത്രത്തിലോ പ്രവേശിക്കുന്നത് അനുവദിക്കാൻ പാടില്ലാത്തതും ആകുന്നു.

(5) സ്റേററ് ഗവൺമെൻറിന്, നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്കു വിധേയമായി, ഈ വകുപ്പിലെ എല്ലാ വ്യവസ്ഥകളുമോ അവയിൽ ഏതെങ്കിലുമോ അനുസരിക്കുന്നതിൽനിന്ന്, ഏതെങ്കിലും ഫാക്ടറിയേയോ, തരം അല്ലെങ്കിൽ ഇനം ഫാക്ടറികളേയോ, നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്കു വിധേയമായി ചട്ടങ്ങൾ വഴി ഒഴിവാക്കാവുന്നതാണ്.

**38.** അഗ്നിബാധ ഉണ്ടായാലുള്ള മുൻകരുതലുകൾ.— (1) ഏതൊരു ഫാക്ടറിയിലും, നിർണ്ണയിക്കപ്പെടുന്ന അഗ്നിബാധ ഉണ്ടായാലത്തെ രക്ഷാമാർഗ്ഗങ്ങൾ ഏർപ്പെടുത്തേണ്ടതും, ഏതെങ്കിലും ഫാക്ടറിയിൽ അപ്രകാരം ഏർപ്പെടുത്തിയിട്ടില്ലെന്ന് തോന്നുന്നുവെങ്കിൽ, ഇൻസ്പെക്ടർക്ക് ഫാക്ടറിയെ, ഈ വകുപ്പിലേയും അതിൻകീഴിലുണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് അനുരൂപമാക്കുവാൻ, തന്റെ അഭിപ്രായത്തിൽ സ്വീകരിക്കപ്പെടേണ്ട നടപടികൾ വിനിർദ്ദേശിച്ചുകൊണ്ടും, അവ ഉത്തരവിൽ വിനിർദ്ദേശിക്കുന്ന തീയതിക്കുമുമ്പ് നടപ്പാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടും, ലിഖിതമായ ഉത്തരവ് ഫാക്ടറിയുടെ മാനേജരുടെമേൽ നടത്താവുന്നതും ആണ്.

(2) ഏതൊരു ഫാക്ടറിയിലും, ഏതെങ്കിലും മുറിയിൽനിന്ന് പുറത്തേക്കുപോകാനുള്ള വാതിലുകൾ, ഏതെങ്കിലും ആൾ ആ മുറിയുടെ അകത്തായിരിക്കുമ്പോൾ, അകത്തുനിന്ന് എളുപ്പത്തിലും ഉടനടിയും തുറക്കാൻ കഴിയാത്ത

വിധം പൂട്ടുകയോ ബന്ധിക്കുകയോ ചെയ്യാൻ പാടില്ലാത്തതും, അങ്ങനെയുള്ള എല്ലാ വാതിലുകളും, അവ സ്ലൈഡിങ്ങ് മാതൃകയിലുള്ളതല്ലാത്തപക്ഷം, പുറത്തേക്ക് തുറക്കത്തക്കവിധം നിർമ്മിക്കേണ്ടതുമാകുന്നു.

(3) ഏതൊരു ഫാക്ററിയിലും പുറത്തേക്ക് പോകാനുള്ള സാധാരണ ഉപയോഗത്തിലുള്ള മാർഗ്ഗമല്ലാതെ അഗ്നിബാധയുണ്ടായാൽ പുറത്തേക്കു പോകാനുള്ള ഏതൊരു ജന്നലും അല്ലെങ്കിൽ വാതിലും അല്ലെങ്കിൽ മററുമാർഗ്ഗവും, തൊഴിലാളികളിൽ ഭൂരിപക്ഷം പേർക്കും മനസ്സിലാകുന്ന ഭാഷയിലും, പര്യാപ്തമായ വലുപ്പത്തിലുള്ള, ചെമന്ന അക്ഷരങ്ങളിലും അല്ലെങ്കിൽ ഫലപ്രദമായതും എളുപ്പത്തിൽ മനസ്സിലാകുന്നതുമായ മറേറതെങ്കിലും ചിഹ്നംവഴി സ്പഷ്ടമായി അടയാളപ്പെടുത്തേണ്ടതാകുന്നു.

(4) ഏതൊരു ഫാക്ററിയിലും അതിൽ നിയോജിക്കപ്പെട്ട ഏതൊരാൾക്കും, അഗ്നിബാധയുണ്ടായാൽ മുന്നറിയിപ്പു നല്കുന്നതിനുള്ള ഫലപ്രദമായതും വ്യക്തമായി കേൾക്കത്തക്കതുമായ മാർഗ്ഗം ഏർപ്പെടുത്തേണ്ടതാണ്.

(5) എല്ലാ തൊഴിലാളികളുടേയും ഉപയോഗത്തിനായി ഫാക്ററിയിലെ ഏതൊരു മുറിയിലും അഗ്നിബാധ ഉണ്ടായാലത്തെ ഓരോ രക്ഷാമാർഗ്ഗത്തിലേക്കും പ്രവേശനം നല്കുന്ന, നിർബാധം പോകാനുള്ള വഴി വച്ചുപോരേണ്ടതാകുന്നു.

(6) ഏത് ഫാക്ററിയിലാണോ—

(ക) ഒന്നാം നിലയ്ക്കു മുകളിലുള്ള ഏതെങ്കിലും സ്ഥലത്ത് ഇരുപതിലധികം തൊഴിലാളികൾ സാധാരണമായി നിയോജിക്കപ്പെടുന്നത്, അല്ലെങ്കിൽ

(ഖ) സ്ഫോടകമോ എളുപ്പത്തിൽ തീ പിടിക്കുന്നതോ ആയ പദാർത്ഥങ്ങൾ ഉപയോഗിക്കുകയോ സംഭരിക്കുകയോ ചെയ്യുന്നത്,

അങ്ങനെയുള്ള ഏതൊരു ഫാക്ററിയിലും എല്ലാ തൊഴിലാളികൾക്കും അഗ്നിബാധ ഉണ്ടായാലത്തെ രക്ഷാമാർഗ്ഗങ്ങളെക്കുറിച്ച് പരിചയമുണ്ടെന്നും അവരെ അങ്ങനെയുള്ള സംഗതിയിൽ വർത്തിക്കേണ്ട പതിവു നടപടിയിൽ പര്യാപ്തമായവിധം പരിശീലിപ്പിച്ചിട്ടുണ്ടെന്നും ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ നടപടികൾ എടുക്കേണ്ടതാകുന്നു.

(7) സ്റേററ്ഗവൺമെൻറിന്, ഏതെങ്കിലും ഫാക്ററിയേയോ, തരം അല്ലെങ്കിൽ ഇനം ഫാക്ററികളേയോ സംബന്ധിച്ച് അഗ്നിബാധയുണ്ടായാൽ ഏർപ്പെടുത്തേണ്ട രക്ഷാമാർഗ്ഗങ്ങളും, ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യേണ്ട അഗ്നിശമന ഉപകരണങ്ങളുടെ പ്രകൃതവും, അവ എത്രയെന്നുള്ളതും വിനിർദ്ദേശിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

39. ന്യൂനതയുള്ള ഭാഗങ്ങളുടെ വിനിർദ്ദിഷ്ട വിവരങ്ങൾക്കോ സുസ്ഥിരതയുടെ പരീക്ഷണങ്ങൾക്കോ ആവശ്യപ്പെടാനുള്ള അധികാരം.—ഒരു ഫാക്ററിയിലെ ഏതെങ്കിലും കെട്ടിടമോ കെട്ടിടത്തിൻെറ ഭാഗമോ അല്ലെങ്കിൽ വഴികളുടേയോ മെഷീനറിയുടേയോ പ്ലാൻറിൻേറയോ ഏതെങ്കിലും ഭാഗമോ മനുഷ്യൻെറ ജീവന്നോ രക്ഷയ്ക്കോ അപായകരമായേക്കാവുന്ന നിലയിലാണെന്ന് തോന്നുന്നുവെങ്കിൽ, ഇൻസ്പെക്ററർക്ക്, ഫാക്ററിയുടെ മാനേജരുടെമേൽ ലിഖിതമായ ഒരു ഉത്തരവ്, അയാളോട് വിനിർദ്ദിഷ്ട തീയതിക്കുമുമ്പ്—

(ക) അങ്ങനെയുള്ള കെട്ടിടമോ വഴികളോ മെഷീനറിയോ പ്ലാൻേറാ നിരപായമായി ഉപയോഗിക്കാമോ എന്നു തീരുമാനിക്കുവാൻ ആവശ്യമായ രേഖാചിത്രങ്ങളും വിനിർദ്ദിഷ്ട വിവരങ്ങളും മററു വിവരങ്ങളും നല്കുവാനോ, അല്ലെങ്കിൽ

(ഖ) ഉത്തരവിൽ വിനിർദ്ദേശിക്കുന്ന പരീക്ഷണങ്ങഠം അതിൽ വിനിർദ്ദേശിക്കുന്ന രീതിയിൽ നടത്തുകയും അതിൻെറ ഫലങ്ങഠം ഇൻസ്പെക്ററെ അറിയിക്കുകയും ചെയ്യുവാനോ,

ആവശ്യപ്പെട്ടുകൊണ്ട് നടത്താവുന്നതാണ്.

40. കെട്ടിടങ്ങളുടേയും മെഷീനറിയുടേയും രക്ഷ.—(1) ഒരു ഫാക്ററിയിലെ ഏതെങ്കിലും കെട്ടിടമോ കെട്ടിടത്തിൻെറ ഭാഗമോ അല്ലെങ്കിൽ വഴികളുടേയോ മെഷീനറിയുടേയോ പ്ലാൻറിൻേറയോ ഏതെങ്കിലും ഭാഗമോ മനുഷ്യൻെറ ജീവന്നോ രക്ഷയ്ക്കോ അപായകരമായേക്കാവുന്ന നിലയിലാണെന്നു തോന്നുന്നുവെങ്കിൽ, ഇൻസ്പെക്ററർക്ക്, തൻെറ അഭിപ്രായത്തിൽ സ്വീകരിക്കപ്പെടേണ്ട നടപടികഠം വിനിർദ്ദേശിച്ചുകൊണ്ടും, അവ ഒരു വിനിർദ്ദിഷ്ട തീയതിക്കു മുമ്പ് നടപ്പാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടും, ലിഖിതമായ ഒരു ഉത്തരവ് ഫാക്ററിയുടെ മാനേജരുടെമേൽ നടത്താവുന്നതാണ്.

(2) ഒരു ഫാക്ററിയിലെ ഏതെങ്കിലും കെട്ടിടമോ കെട്ടിടത്തിൻെറ ഭാഗമോ അല്ലെങ്കിൽ വഴികളുടേയോ മെഷീനറിയുടേയോ പ്ലാൻറിൻേറയോ ഏതെങ്കിലും ഭാഗമോ ഉപയോഗിക്കുന്നത് മനുഷ്യൻെറ ജീവന്നോ രക്ഷയ്ക്കോ ആസന്നമായ അപായമുഠംക്കൊള്ളുന്നതാണെന്ന് തോന്നുന്നുവെങ്കിൽ ഇൻസ്പെക്ററർക്ക്, അത് ശരിയാംവണ്ണം കേടുപാടുപോക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നതുവരെ അത് ഉപയോഗിക്കുന്നതു നിരോധിച്ചുകൊണ്ട് ലിഖിതമായ ഒരു ഉത്തരവു ഫാക്ററിയുടെ മാനേജരുടെമേൽ നടത്താവുന്നതാണ്.

41. ഈ അദ്ധ്യായത്തിന് അനുപൂരകമായി ചട്ടങ്ങഠം ഉണ്ടാക്കാനുള്ള അധികാരം.— സ്റേററ്ഗവൺമെൻറിന്, ഏതെങ്കിലും ഫാക്ററിയിലോ തരം അല്ലെങ്കിൽ ഇനം ഫാക്ററികളിലോ നിയോജിക്കപ്പെട്ടിട്ടുള്ള ആളുകളുടെ രക്ഷ ഉറപ്പുവരുത്തുന്നതിന് ആവശ്യകമാണെന്ന് സ്റേററ്ഗവൺമെൻറ് കരുതുന്ന ഉപായങ്ങഠം ആ ഫാക്ററികളിൽ ഏർപ്പെടുത്തുവാൻ ആവശ്യപ്പെടുന്ന ചട്ടങ്ങഠം ഉണ്ടാക്കാവുന്നതാണ്.

## അദ്ധ്യായം V

## ക്ഷേമം

42. കഴുകൽ സൗകര്യങ്ങഠം.—(1) ഏതു ഫാക്ററിയിലും—

(ക) അതിലുള്ള തൊഴിലാളികളുടെ ഉപയോഗത്തിനായി, പര്യാപ്തവും അനുയോജ്യവുമായ, കഴുകുന്നതിനുള്ള സൗകര്യങ്ങഠം ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചേയ്യേണ്ടതും;

(ഖ) പുരുഷൻമാരായ തൊഴിലാളികളുടേയും സ്ത്രീകളായ തൊഴിലാളികളുടേയും ഉപയോഗത്തിനായി വെവ്വേറെയുള്ളതും പര്യാപ്തമായവിധം മറച്ചിട്ടുള്ളതുമായ സൗകര്യങ്ങഠം ഏർപ്പെടുത്തേണ്ടതും ;

(ഗ) അങ്ങനെയുള്ള സൗകര്യങ്ങഠം സുകരമായി പ്രവേശിക്കാവുന്നതായിരിക്കേണ്ടതും വൃത്തിയായി വച്ചുപേരേണ്ടതും ;

ആകുന്നു.

(2) സ്റേററുഗവൺമെൻറിന്, ഏതെങ്കിലും ഫാക്ററിയേയോ, തരം അല്ലെങ്കിൽ ഇനം ഫാക്ററികളേയോ അല്ലെങ്കിൽ ഏതെങ്കിലും നിർമ്മാണപ്രക്രിയയേയോ സംബന്ധിച്ച്, കഴുകുന്നതിനുള്ള പര്യാപ്തവും അനുയോജ്യവുമായ സൗകര്യങ്ങളുടെ മാനകങ്ങഠം നിർണ്ണയിക്കാവുന്നതാണ്.

43. വസ്ത്രം സൂക്ഷിച്ചുവയ്ക്കുകയും ഉണക്കുകയും ചെയ്യാനുള്ള സൗകര്യങ്ങൾ.— സ്റ്റേറ്റ്ഗവൺമെൻറിന് ഏതെങ്കിലും ഫാക്ടറിയേയോ, തരം അല്ലെങ്കിൽ ഇനം ഫാക്ടറികളേയോ സംബന്ധിച്ച്, അതിൽ പ്രവൃത്തി സമയത്ത് ധരിക്കുന്നതല്ലാത്ത വസ്ത്രങ്ങൾ സൂക്ഷിക്കുന്നതിനും നനഞ്ഞ വസ്ത്രങ്ങൾ ഉണക്കുന്നതിനും അനുയോജ്യമായ സ്ഥലങ്ങൾ ഏർപ്പെടുത്തുവാൻ ആവശ്യപ്പെടുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

44. ഇരിക്കാനുള്ള സൗകര്യങ്ങൾ.— (1) ഏതൊരു ഫാക്ടറിയിലും, നിന്നുകൊണ്ടുള്ള നിലയിൽ പ്രവൃത്തി ചെയ്യാൻ ബാദ്ധ്യസ്ഥരായ എല്ലാ തൊഴിലാളികൾക്കുമായി, അവരുടെ പ്രവൃത്തിക്കിടയിൽ ഉണ്ടാകാവുന്ന വിശ്രമത്തിനുള്ള ഏതെങ്കിലും അവസരങ്ങൾ പ്രയോജനപ്പെടുത്താൻവേണ്ടി ഇരിക്കാനുള്ള അനുയോജ്യമായ ഏർപ്പാടുകൾ ചെയ്യുകയും നിലനിറുത്തുകയും ചെയ്യേണ്ടതാകുന്നു.

(2) ഏതെങ്കിലും ഫാക്ടറിയിൽ ഏതെങ്കിലും പ്രത്യേക നിർമ്മാണ പ്രക്രിയയിൽ ഏർപ്പെടുന്നവരോ, അല്ലെങ്കിൽ ഒരു പ്രത്യേക മുറിയിൽ പ്രവൃത്തി ചെയ്യുന്നവരോ ആയ തൊഴിലാളികൾക്ക് അവരുടെ പ്രവൃത്തി, ഇരുന്നുകൊണ്ടുള്ള നിലയിൽ കാര്യക്ഷമമായി ചെയ്യാൻ സാധിക്കുമെന്ന് ചീഫ് ഇൻസ്പെക്ടർക്ക് അഭിപ്രായമുണ്ടെങ്കിൽ, അയാൾക്ക് ഒരു വിനിർദ്ദിഷ്ട തീയതിക്കു മുൻപ് അപ്രകാരം ഏർപ്പെടുന്നവരോ പ്രവൃത്തിചെയ്യുന്നവരോ ആയ എല്ലാ തൊഴിലാളികൾക്കും പ്രായോഗികമായിടത്തോളം ഇരിപ്പടത്തിനുള്ള ഏർപ്പാടുകൾ ചെയ്തുകൊടുക്കാൻ ഫാക്ടറിയുടെ കൈവശക്കാരനോട് ലിഖിതമായ ഉത്തരവുവഴി ആവശ്യപ്പെടാവുന്നതാണ്.

(3) സ്റ്റേറ്റ്ഗവൺമെൻറിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ വിനിർദ്ദിഷ്ടമായ ഏതെങ്കിലും ഫാക്ടറിക്കോ തരം അല്ലെങ്കിൽ ഇനം ഫാക്ടറികൾക്കോ ഏതെങ്കിലും വിനിർദ്ദിഷ്ട നിർമ്മാണപ്രക്രിയയ്ക്കോ ബാധകമാകുന്നതല്ലെന്ന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, പ്രഖ്യാപിക്കാവുന്നതാണ്.

45. പ്രഥമ ശുശ്രൂഷോപകരണങ്ങൾ.— (1) ഏതു ഫാക്ടറിയിലും നിർണ്ണയിക്കപ്പെടുന്ന ഉള്ളടക്കങ്ങളോടുകൂടി സജ്ജമാക്കിയിട്ടുള്ളതും പ്രഥമ ശുശ്രൂഷയ്ക്കുള്ളതുമായ പെട്ടികളോ കബോർഡുകളോ എല്ലാ പ്രവൃത്തിമണിക്കൂറുകളിലും എളുപ്പത്തിൽ പ്രാപ്യമായിരിക്കത്തക്കവിധം ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യേണ്ടതും, അങ്ങനെ ഏർപ്പെടുത്തുകയോ നിലനിറുത്തുകയോ ചെയ്യേണ്ട പെട്ടികളുടേയോ കബോർഡുകളുടേയോ എണ്ണം ആ ഫാക്ടറിയിൽ ഏതെങ്കിലും ഒരു സമയത്ത് സാധാരണമായി നിയോജിക്കപ്പെടുന്ന ഏതൊരു നൂററിഅമ്പതു തൊഴിലാളികൾക്കും ഒന്നിൽ കുറയാൻ പാടില്ലാത്തതും ആകുന്നു.

(2) പ്രഥമ ശുശ്രൂഷയ്ക്കുള്ള പെട്ടിയിലോ കബോർഡിലോ നിർണ്ണയിക്കപ്പെടുന്ന ഉള്ളടക്കങ്ങളല്ലാതെ യാതൊന്നും വയ്ക്കാൻപാടില്ലാത്തതാകുന്നു.

(3) പ്രഥമ ശുശ്രൂഷയ്ക്കുള്ള ഓരോ പെട്ടിയും അല്ലെങ്കിൽ കബോർഡും പ്രഥമശുശ്രൂഷ നല്കുന്നതിൽ പരിശീലിപ്പിക്കപ്പെട്ടിട്ടുള്ളതും ഫാക്ടറിയുടെ പ്രവൃത്തിമണിക്കൂറുകളിൽ എപ്പോഴും എളുപ്പത്തിൽ ലഭ്യമായിരിക്കുന്നതുമായ വെവ്വേറെയുള്ള ഓരോ ഉത്തരവാദപ്പെട്ട ആളുടെ ചാർജ്ജിൽ വച്ചിരിക്കേണ്ടതാകുന്നു.

(4) അഞ്ഞൂറിലധികം തൊഴിലാളികൾ നിയോജിക്കപ്പെടുന്ന ഏതൊരു ഫാക്ടറിയിലും, നിർണ്ണയിക്കപ്പെടുന്ന വലുപ്പത്തിലുള്ളതും നിർണ്ണയിക്കപ്പെടുന്ന സജ്ജീകരണങ്ങൾ അടങ്ങിയതും നിർണ്ണയിക്കപ്പെടുന്ന മെഡിക്കൽ

സ്ററാഫിൻേറയും നഴ്സിങ്ങ് സ്ററാഫിൻേറയും ചാർജ്ജിലുള്ളതുമായ ഒരു ആംബുലൻസ്മുറി ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യേണ്ടതാകുന്നു.

46. കാൻറീനുകൾ.— (1) സ്റേററ്ഗവൺമെൻറിന്, ഇരുനൂററമ്പതിലധികം തൊഴിലാളികൾ സാധാരണമായി നിയോജിക്കപ്പെടുന്ന ഏതെങ്കിലും വിനിർദ്ദിഷ്ട ഫാക്ററിയിൽ കൈവശക്കാരൻ തൊഴിലാളികളുടെ ഉപയോഗത്തിനായി കാൻറീനോ കാൻറീനുകളോ ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യേണ്ടതാണെന്ന് ആവശ്യപ്പെടുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്കു ഭംഗം വരാതെ അങ്ങനെയുള്ള ചട്ടങ്ങൾക്ക്—

(ക) ഏതു തീയതിക്കകമാണോ അങ്ങനെയുള്ള കാൻറീൻ ഏർപ്പെടുത്തേണ്ടത്, ആ തീയതിക്കും,

(ഖ) കാൻറീൻെറ നിർമ്മാണവും, സ്ഥലസൗകര്യവും ഫർണിച്ചറും മററ് സജ്ജീകരണങ്ങളും സംബന്ധിച്ചുള്ള മാനകങ്ങൾക്കും;

(ഗ) അവിടെ വിളമ്പേണ്ട ഭക്ഷണപദാർത്ഥങ്ങൾക്കും അതിന് എത്ര ചാർജ്ജ്ചെയ്യാമെന്നുള്ളതിനും;

(ഘ) കാൻറീന് ഒരു മാനേജിങ്ങ് കമ്മിററി ഏർപ്പെടുത്തുന്നതിനും കാൻറീൻെറ മാനേജ്മെൻറിൽ തൊഴിലാളികൾക്കുള്ള പ്രാതിനിധ്യത്തിനും;

(ങ) (ഗ) ഖണ്ഡത്തിൻകീഴിൽ ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്കു വിധേയമായി, ചീഫ് ഇൻസ്പെക്ററർക്ക് പ്രത്യായോജനം ചെയ്യുന്നതിനും,

വ്യവസ്ഥ ചെയ്യാവുന്നതാണ്.

47. ഷെൽട്ടറുകളും വിശ്രമമുറികളും ലഘുഭക്ഷണമുറികളും.— (1) നൂററമ്പതു തൊഴിലാളികളിൽ അധികം സാധാരണമായി നിയോജിക്കപ്പെടുന്ന ഏതൊരു ഫാക്ററിയിലും തൊഴിലാളികളുടെ ഉപയോഗത്തിനായി പര്യാപ്തവും അനുയോജ്യവുമായ ഷെൽട്ടറുകളും അല്ലെങ്കിൽ വിശ്രമമുറികളും, തൊഴിലാളികൾക്ക്, അവർ കൊണ്ടുവരുന്ന ഭക്ഷണം കഴിക്കാവുന്നതും കുടിക്കാനുള്ള വെള്ളത്തിനുള്ള ഏർപ്പാടോടുകൂടിയതുമായ അനുയോജ്യമായ ലഘുഭക്ഷണ മുറിയും ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യേണ്ടതാകുന്നു.

എന്നാൽ, 46-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് നിലനിറുത്തുന്ന ഏതെങ്കിലും കാൻറീൻ ഈ വകുപ്പ് വേണ്ടതായി പറയുന്നവയുടെ ഭാഗമായി പരിഗണിക്കപ്പെടുന്നതാകുന്നു;

എന്നുമാത്രമല്ല, ഒരു ലഘുഭക്ഷണമുറി ഉണ്ടായിരിക്കുന്നിടത്ത്, യാതൊരു തൊഴിലാളിയും പ്രവൃത്തി മുറിയിൽവച്ച് ഏതെങ്കിലും ഭക്ഷണം കഴിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഏർപ്പെടുത്തേണ്ട ഷെൽട്ടറുകളോ വിശ്രമമുറികളോ ലഘുഭക്ഷണമുറികളോ, മതിയാംവണ്ണം വെളിച്ചമുള്ളതും വായുസഞ്ചാരമുള്ളതും ആയിരിക്കേണ്ടതും, ശീതളവും ശുചിയായതുമായ നിലയിൽ നിലനിറുത്തേണ്ടതുമാകുന്നു.

(3) സ്റേററ്ഗവൺമെൻറിന്—

(ക) ഈ വകുപ്പിൻകീഴിൽ ഏർപ്പെടുത്തേണ്ട ഷെൽട്ടറുകളുടേയും വിശ്രമമുറികളുടേയും ലഘുഭക്ഷണമുറികളുടേയും നിർമ്മാണവും സ്ഥലസൗകര്യവും ഫർണിച്ചറും മററു സജ്ജീകരണങ്ങളും സംബന്ധിച്ച് മാനകങ്ങൾ നിർണ്ണയിക്കുകയും;

(ഖ) ഏതെങ്കിലും ഫാക്ററിയേയോ തരം അല്ലെങ്കിൽ ഇനം ഫാക്ററികളേയോ ഈ വകുപ്പു വേണ്ടതായി പറയുന്നവയിൽനിന്ന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഒഴിവാക്കുകയും;

ചെയ്യാവുന്നതാണ്.

48. ശിശുശാലകരം.—(1) അമ്പതിലധികം സ്ത്രീതൊഴിലാളികരം സാധാരണമായി നിയോജിക്കപ്പെടുന്ന ഏതൊരു ഫാക്ററിയിലും, അങ്ങനെയുള്ള സ്ത്രീകളുടെ ആറുവയസ്സിൽ താഴെയുള്ള കുട്ടികളുടെ ഉപയോഗത്തിനായി അനുയോജ്യമായ മുറിയോ മുറികളോ ഏർപ്പെടുത്തുകയും നിലനിറുത്തുകയും ചെയ്യേണ്ടതാകുന്നു.

(2) അങ്ങനെയുള്ള മുറികളിൽ പര്യാപ്തമായ സ്ഥലസൗകര്യം ഏർപ്പെടുത്തേണ്ടതും അവ പര്യാപ്തമായ വിധം വെളിച്ചമുള്ളതും വായുസഞ്ചാരമുള്ളതും ആയിരിക്കേണ്ടതും, വൃത്തിയായും ശുചിയായുമുള്ള നിലയിൽ നിലനിറുത്തേണ്ടതും കുട്ടികളുടേയും ശിശുക്കളുടേയും പരിരക്ഷണയിൽ പരിശീലിപ്പിക്കപ്പെട്ടിട്ടുള്ള സ്ത്രീകളുടെ ചാർജ്ജിൽ ആയിരിക്കേണ്ടതുമാണ്.

(3) സ്റേററ്ഗവൺമെൻറിന്—

(ക) ഈ വകുപ്പിൻകീഴിൽ ഏർപ്പെടുത്തേണ്ട മുറികളുടെ നിർമ്മാണവും സ്ഥലസൗകര്യവും ഫർണിച്ചറും മററു സജ്ജീകരണവും സംബന്ധിച്ചുള്ള സ്ഥാനവും മാനകങ്ങളും നിർണ്ണയിക്കുന്നതും;

(ഖ) ഈ വകുപ്പു ബാധകമാകുന്ന ഫാക്ററികളിൽ, സ്ത്രീത്തൊഴിലാളികളുടെ വക കുട്ടികളുടെ വസ്ത്രങ്ങരം കഴുകുകയും മാറുകയും ചെയ്യുന്നതിനുള്ള അനുയോജ്യമായ സൗകര്യങ്ങരം ഏർപ്പെടുത്തുന്നതുരംപ്പെടെ അവരുടെ പരിരക്ഷയ്ക്കുവേണ്ട കൂടുതൽ സൗകര്യങ്ങരം ഏർപ്പെടുത്താൻ ആവശ്യപ്പെടുന്നതും;

(ഗ) ഏതെങ്കിലും ഫാക്ററിയിൽ അങ്ങനെയുള്ള കുട്ടികരംക്ക് പാലോ ലഘുഭക്ഷണമോ അല്ലെങ്കിൽ രണ്ടുമോ സൗജന്യമായി ഏർപ്പെടുത്തുവാൻ ആവശ്യപ്പെടുന്നതും;

(ഘ) ഏതെങ്കിലും ഫാക്ററിയിൽ അങ്ങനെയുള്ള കുട്ടികരംക്ക് ആവശ്യമായ ഇടവേളകളിൽ ആഹാരം കൊടുക്കാൻ അവരുടെ അമ്മമാർക്ക് സൗകര്യം നല്കേണ്ടതാണെന്ന് ആവശ്യപ്പെടുന്നതും,

ആയ ചട്ടങ്ങരം ഉണ്ടാക്കാവുന്നതാണ്.

49. ക്ഷേമ ഉദ്യോഗസ്ഥൻമാർ.—(1) അഞ്ഞൂറോ അതിലധികമോ തൊഴിലാളികരം സാധാരണമായി നിയോജിക്കപ്പെടുന്ന ഏതൊരു ഫാക്ററിയിലും, കൈവശക്കാരൻ, നിർണ്ണയിക്കപ്പെടുന്നത്ര ക്ഷേമ—ഉദ്യോഗസ്ഥൻമാരെ ഫാക്ററിയിൽ നിയമിക്കേണ്ടതാകുന്നു.

(2) സ്റേററ്ഗവൺമെൻറിന്, (1)–ാം ഉപവകുപ്പിൻകീഴിൽ നിയോജിക്കപ്പെടുന്ന ഉദ്യോഗസ്ഥൻമാരുടെ കർത്തവ്യങ്ങളും യോഗ്യതകളും സേവനവ്യവസ്ഥകളും നിർണ്ണയിക്കാവുന്നതാണ്.

50. ഈ അദ്ധ്യായത്തിന് അനുപൂരകമായി ചട്ടങ്ങരം ഉണ്ടാക്കാനുള്ള അധികാരം.—സ്റേററ്ഗവൺമെൻറിന്—

(ക) ഏതെങ്കിലും ഫാക്ററിയേയോ, തരം അല്ലെങ്കിൽ ഇനം ഫാക്ററികളേയോ തൊഴിലാളികളുടെ ക്ഷേമത്തിനുള്ള നിർണ്ണയിക്കപ്പെടുന്ന

ആനുകല്പികമായ ഏർപ്പാടുകൾ അനുസരിക്കുന്നതിനു വിധേയമായി, ഈ അദ്ധ്യായത്തിലെ വ്യവസ്ഥകളിൽ ഏതെങ്കിലും അനുസരിക്കുന്നതിൽനിന്ന് ഒഴിവാക്കുന്നതും;

(ഖ) ഏതെങ്കിലും ഫാക്ററിയിലോ, തരം അല്ലെങ്കിൽ ഇനം ഫാക്ററികളിലോ അതിൽ നിയോജിക്കപ്പെടുന്ന തൊഴിലാളികളുടെ പ്രതിനിധികളെ തൊഴിലാളികളുടെ ക്ഷേമത്തിനുള്ള ഏർപ്പാടുകളുടെ മാനേജരുമായി സാമാന്യം യോജിപ്പിക്കേണ്ടതാണെന്ന് ആവശ്യപ്പെടുന്നതും;

ആയ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

## അദ്ധ്യായം VI

### പ്രായപൂർത്തിയായവരുടെ പ്രവൃത്തി മണിക്കൂറുകൾ

51. ആഴ്ചയിലെ മണിക്കൂറുകൾ.—പ്രായപൂർത്തി വന്ന യാതൊരു തൊഴിലാളിയോടും ഒരു ഫാക്ററിയിൽ ഏതെങ്കിലും ആഴ്ച നാല്പത്തെട്ട് മണിക്കൂറിലധികം പ്രവൃത്തിചെയ്യാൻ ആവശ്യപ്പെടുകയോ, അയാളെ അതിന് അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

52. ആഴ്ചയിലെ ഒഴിവു ദിവസങ്ങൾ.—(1) പ്രായപൂർത്തിയായ യാതൊരു തൊഴിലാളിയോടും, ഒരു ഫാക്ററിയിൽ ആഴ്ചയുടെ ആദ്യത്തെ ദിവസം (ഇതിൽ ഇതിനുശേഷം പ്രസ്താവിത ദിവസം എന്നു പരാമർശിക്കപ്പെടുന്നത്)—

(ക) അയാൾക്ക് പ്രസ്താവിത ദിവസത്തിനു തൊട്ടുമുമ്പോ പിൻപോ ഉള്ള മൂന്നുദിവസങ്ങളിൽ ഒന്നിൽ ഒരു മുഴുവൻദിവസത്തേക്ക് ഒഴിവു ദിവസം കിട്ടിയിരിക്കുകയോ കിട്ടാനിരിക്കുകയോ ചെയ്യുകയും;

(ഖ) ഫാക്ററിയുടെ മാനേജർ പ്രസ്താവിത ദിവസമോ (ക) ഖണ്ഡത്തിൻകീഴിലെ പകരം ദിവസമോ ഏതാണ് മുമ്പുള്ളത്, അതിന് മുമ്പ്—

(i) ഇൻസ്പെക്ററുടെ ആഫീസിൽ പ്രസ്താവിത ദിവസത്തിൽ പ്രവൃത്തിചെയ്യാൻ തൊഴിലാളിയോട് ആവശ്യപ്പെടാനുള്ള തന്റെ ഉദ്ദേശ്യത്തെക്കുറിച്ചും പകരം ദിവസത്തെക്കുറിച്ചും ഒരു നോട്ടീസ് ഡെലിവർ ചെയ്തിരിക്കുകയും;

(ii) ആ അർത്ഥത്തോടുകൂടിയ നോട്ടീസ് ഫാക്ററിയിൽ പ്രദർശിപ്പിച്ചിരിക്കുകയും;

ചെയ്യുകയും, ചെയ്യാത്തപക്ഷം പ്രവൃത്തിചെയ്യാൻ ആവശ്യപ്പെടുകയോ, അയാളെ അതിന് അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല:

എന്നാൽ, ഏതെങ്കിലും തൊഴിലാളി ഒരു മുഴുവൻ ദിവസത്തെ ഒഴിവുദിവസം കൂടാതെ തുടർച്ചയായി പത്തുദിവസത്തിലധികം പ്രവൃത്തിചെയ്യാൻ ഇടയാകുന്ന യാതൊരു പകരം ഏർപ്പാടും ചെയ്യാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ നല്കപ്പെടുന്ന നോട്ടീസുകൾ പ്രസ്താവിതദിവസമോ റദ്ദാക്കപ്പെടേണ്ട ഒഴിവുദിവസമോ ഏതാണോ മുമ്പേ ഉള്ളത്, അതിന്റെ തലേദിവസത്തിനുശേഷമല്ലാതെ ഇൻസ്പെക്ററുടെ ആഫീസ്സിൽ ഡെലിവർ ചെയ്യുന്ന ഒരു നോട്ടീസും ഫാക്ററിയിൽ പ്രദർശിപ്പിക്കുന്ന ഒരു നോട്ടീസുംവഴി റദ്ദാക്കപ്പെടാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച്, ഏതെങ്കിലും തൊഴിലാളി പ്രസ്താവിത ദിവസം പ്രവൃത്തിചെയ്യുകയും, അയാൾക്ക് അതിനു

തൊട്ടുമുമ്പുള്ള മൂന്നുദിവസങ്ങളിൽ ഒന്ന് ഒഴിവു ദിവസമായി കിട്ടിയിട്ടുണ്ടായിരിക്കുകയും ചെയ്യുന്നിടത്ത്, അയാളുടെ ആഴ്ചയിലെ പ്രവൃത്തിമണിക്കൂറുകൾ കണക്കാക്കുന്ന ആവശ്യത്തിന് ആ പ്രസ്താവിത ദിവസം, തൊട്ടുമുമ്പിലത്തെ ആഴ്ചയിൽ ഉൾപ്പെടുത്തേണ്ടതാകുന്നു.

53. <u>നഷ്ടപരിഹാരനിലയിലുള്ള ഒഴിവുദിവസങ്ങൾ.</u>—(1) 52-ാം വകുപ്പിലെ വ്യവസ്ഥകളിൽനിന്ന് ഒരു ഫാക്ററിയേയോ അതിലെ തൊഴിലാളികളേയോ ഒഴിവാക്കിക്കൊണ്ടുള്ള ഈ ആക്ററിലെ വ്യവസ്ഥകൾക്കുകീഴിൽ ഉത്തരവു പാസ്സാക്കുകയോ ചട്ടമുണ്ടാക്കുകയോ ചെയ്യുന്നതിന്റെ ഫലമായി, ആ വകുപ്പ് (1)-ാം ഉപവകുപ്പിൽ വ്യവസ്ഥചെയ്തിരിക്കുന്ന ആഴ്ചയിലെ ഒഴിവു ദിവസങ്ങളിൽ ഏതെങ്കിലും ഒരു തൊഴിലാളിക്ക് ഇല്ലാതാക്കുന്നിടത്ത്, അപ്രകാരം നഷ്ടപ്പെട്ട ഒഴിവു ദിവസങ്ങളുടെ എണ്ണത്തിൽ തുല്യമായത്ര നഷ്ടപരിഹാരനിലയിലുള്ള ഒഴിവു ദിവസങ്ങൾ അയാൾക്ക് ഒഴിവു ദിവസം കിട്ടേണ്ടിയിരുന്ന മാസത്തിനുള്ളിലൊ ആ മാസത്തിനുതൊട്ട് പിമ്പുള്ള രണ്ടു മാസങ്ങൾക്കുള്ളിലൊ അയാൾക്ക് അനുവദിക്കേണ്ടതാകുന്നു.

(2) സ്റേററ്ഗവൺമെൻറിന്, (1)-ാം ഉപവകുപ്പിൽ വ്യവസ്ഥചെയ്തിരിക്കുന്ന ഒഴിവ് ദിവസങ്ങൾ അനുവദിക്കേണ്ട ആ രീതി നിർണ്ണയിക്കാവുന്നതാണ്.

54. <u>ദിവസത്തിലെ മണിക്കൂറുകൾ.</u>—51-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, പ്രായപൂർത്തിയായ യാതൊരു തൊഴിലാളിയോടും ഒരു ഫാക്ററിയിൽ ഏതെങ്കിലും ദിവസം ഒൻപതു മണിക്കൂറിൽ അധികം പ്രവൃത്തിചെയ്യുവാൻ ആവശ്യപ്പെടുകയോ, അയാളെ അതിന് അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല:

എന്നാൽ, ഈ വകുപ്പിൽ ദിവസത്തിലെ പരമാവധിയായി, വിനിർദ്ദേശിക്കുന്നത് ഷിഫ്ററുകൾ മാററുന്നത് സുകരമാക്കുന്നതിന്നുവേണ്ടി, ചീഫ് ഇൻസ്പെക്ററുടെ മുൻകൂട്ടിയുള്ള അംഗീകാരത്തിനു വിധേയമായി, വർദ്ധിപ്പിക്കാവുന്നതാണ്.

55. <u>വിശ്രമത്തിനുള്ള ഇടവേളകൾ.</u>—(1) ഒരു ഫാക്ററിയിലെ പ്രായപൂർത്തിയായ തൊഴിലാളികളുടെ ഓരോദിവസത്തേയും പ്രവൃത്തിക്കാലയളവുകൾ, യാതൊരു കാലയളവും അഞ്ചുമണിക്കൂറിൽ കവിയാത്തവിധവും, യാതൊരു തൊഴിലാളിയും, അയാൾക്കു അരമണിക്കൂറെങ്കിലും വിശ്രമത്തിനുള്ള ഇടവേള കിട്ടുന്നതിന്നുമുമ്പായി അഞ്ചുമണിക്കൂറിലധികം പ്രവൃത്തിചെയ്യാതിരിക്കത്തക്കവിധവും, നിജപ്പെടുത്തേണ്ടതാകുന്നു.

(2) സ്റേററ്ഗവൺമെൻറിനോ സ്റേററ്ഗവൺമെൻറിന്റെ നിയന്ത്രണത്തിനു വിധേയമായി ചീഫ് ഇൻസ്പെക്ററർക്കോ ലിഖിതമായ ഉത്തരവു വഴിയും, അതിൽ വിനിർദ്ദേശിക്കുന്ന കാരണങ്ങളാലും, ഏതെങ്കിലും ഫാക്ററിയെ 11-ാം ഉപവകുപ്പിലെ വ്യവസ്ഥകളിൽനിന്ന് ഒഴിവാക്കാവുന്നതും, എന്നാൽ അത് ഒരു തൊഴിലാളി ഇടവേള കൂടാതെ പ്രവൃത്തി ചെയ്യുന്ന ആകെ മണിക്കൂറുകളുടെ എണ്ണം ആറിൽ കവിയാത്തവിധം ആയിരിക്കേണ്ടതും ആകുന്നു.

56. <u>വ്യാപ്തി.</u>—ഒരു ഫാക്ററിയിലെ പ്രായപൂർത്തിയായ ഒരു തൊഴിലാളിയുടെ പ്രവൃത്തിക്കാലയളവുകൾ, അവ 55-ാം വകുപ്പിൻകീഴിലെ അയാളുടെ വിശ്രമത്തിനുള്ള ഇടവേളകൾ ഉൾപ്പെടെ ഏതെങ്കിലും ദിവസം പത്തരമണിക്കൂറിൽ അധികം വ്യാപിക്കാൻ പാടില്ലാത്തവിധം ഏർപ്പാട് ചെയ്യേണ്ടതാകുന്നു:

എന്നാൽ, ചീഫ് ഇൻസ്പെക്ടർക്ക് ലിഖിതമായി വിനിർദ്ദേശിക്കേണ്ട കാരണങ്ങളാൽ ആ വ്യാപ്തി പന്ത്രണ്ടുമണിക്കൂറായി വർദ്ധിപ്പിക്കാവുന്നതാണ്.

57. രാത്രിഷിഫ്ററുകൾ.—ഒരു ഫാക്ടറിയിലെ ഒരു തൊഴിലാളി പാതിരായ്ക്കപ്പുറം പോകുന്ന ഒരു ഷിഫ്ററിൽ പ്രവൃത്തിചെയ്യുന്നടത്ത്,—

(ക) 52-ം, 53-ം വകുപ്പുകളുടെ ആവശ്യങ്ങൾക്ക്, അയാളുടെ സംഗതിയിൽ ഒരു മുഴുവൻദിവസത്തേക്കുള്ള ഒഴിവുദിവസം എന്നാൽ, അയാളുടെ ഷിഫ്ററ് അവസാനിക്കുമ്പോൾ ആരംഭിക്കുന്ന തുടർച്ചയായ ഇരുപത്തിനാലു മണിക്കൂർ കാലയളവ് എന്നർത്ഥമാകുന്നതും;

(ഖ) അയാളെ സംബന്ധിച്ച് പിറേറദിവസം അങ്ങനെയുള്ള ഷിഫ്ററ് അവസാനിക്കുമ്പോൾ ആരംഭിക്കുന്ന ഇരുപത്തിനാലുമണിക്കൂർ കാലയളവായി കരുതപ്പെടുന്നതും, പാതിരായ്ക്കുശേഷം അയാൾ പ്രവൃത്തിചെയ്യുന്ന മണിക്കൂറുകൾ തലേദിവസത്തിലേതായി കണക്കുകൂട്ടേണ്ടതും;

ആകുന്നു.

58. പരസ്പരവ്യാപിയായ ഷിഫ്ററുകളുടെ നിരോധനം.—(1) ഏതെങ്കിലും ഫാക്ടറിയിൽ ഒരേസമയത്ത് ഒരേതരത്തിലുള്ള പ്രവൃത്തിയിൽ, തൊഴിലാളികളുടെ ഒരു റിലേയിലധികം ഏർപ്പെട്ടിരിക്കത്തക്കവിധം, വ്യവസ്ഥപ്പെടുത്തിയിട്ടുള്ള ഷിഫ്ററുസമ്പ്രദായം വഴി പ്രവൃത്തിനടത്തിക്കൊണ്ടുപോകുവാൻ പാടുള്ളതല്ല.

(2) സ്റേററ് ഗവൺമെൻറിനോ സ്റേററ് ഗവൺമെൻറിൻെറ നിയന്ത്രണത്തിനു വിധേയമായി, ചീഫ് ഇൻസ്പെക്ടർക്കോ ലിഖിതമായ ഉത്തരവു വഴിയും അതിൽ വിനിർദ്ദേശിക്കുന്ന കാരണങ്ങളാലും ഏതെങ്കിലും ഫാക്ടറിയേയോ, തരം അല്ലെങ്കിൽ ഇനം ഫാക്ടറികളേയോ, ഒരു ഫാക്ടറിയിലെ ഏതെങ്കിലും വകുപ്പിനേയോ ഭാഗത്തേയോ അല്ലെങ്കിൽ അതിലെ ഏതെങ്കിലും വിഭാഗത്തിലോ ഇനത്തിലോ പെട്ട തൊഴിലാളികളേയോ (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകളിൽ നിന്ന്, സമിചീനമെന്ന് കരുതപ്പെടുന്ന ഉപാധികളിൻമേൽ, ഒഴിവാക്കാവുന്നതാണ്.

59. ഓവർടൈമിനുള്ള അധികകൂലി.—(1) ഒരു തൊഴിലാളി, ഒരു ഫാക്ടറിയിൽ ഏതെങ്കിലും ദിവസം ഒമ്പതുമണിക്കൂറിൽ അധികമോ ഏതെങ്കിലും ആഴ്ചയിൽ നാല്പത്തെട്ടുമണിക്കൂറിൽ അധികമോ പ്രവൃത്തിചെയ്യുന്നിടത്ത്, അയാൾക്ക്, ഓവർടൈം പ്രവൃത്തി സംബന്ധിച്ച് അയാളുടെ സാധാരണ കൂലിനിരക്കിൻെറ ഇരട്ടിനിരക്കിൽ കൂലിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

(2) ഒരു ഫാക്ടറിയിലുള്ള ഏതെങ്കിലും തൊഴിലാളികൾക്ക് പീസ്—റേററിൻെറ അടിസ്ഥാനത്തിൽ കൂലികൊടുക്കുന്നിടത്ത്, സ്റേററ് ഗവൺമെൻറ് ബന്ധപ്പെട്ട നിയോജകനും തൊഴിലാളികളുടെ പ്രതിനിധികളുമായി ആലോചിച്ച്, ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക് ആ തൊഴിലാളികളുടെ ആർജ്ജനത്തിൻെറ ശരാശരിനിരക്കിന് കഴിയുന്നത്ര അടുത്തുവരത്തക്കവിധം ടൈംറേററുകൾ നിജപ്പെടുത്തേണ്ടതും, അപ്രകാരം നിജപ്പെടുത്തുന്ന നിരക്കുകൾ ആ തൊഴിലാളികളുടെ സാധാരണകൂലി നിരക്കുകളായി കരുതപ്പെടുന്നതുമാകുന്നു.

(3) ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, "സാധാരണ കൂലിനിരക്ക്" എന്നാൽ, അടിസ്ഥാനകൂലിയും, ആ തൊഴിലാളിക്ക്, തൽസമയം അവകാശമുള്ളതും, ഭക്ഷ്യധാന്യങ്ങളും മററു സാധനങ്ങളും തൊഴിലാളികൾക്കു അനുകൂല്

നിരക്കിൽ വില്ക്കുന്നതിലൂടെ സിദ്ധിക്കുന്ന ആനുകൂല്യഗുണത്തിനു സമാനമായ പണമുൾപ്പെടെയുള്ള ബത്തകളും കൂടിയത് എന്നർത്ഥമാകുന്നതും, എന്നാൽ ബോണസ് ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

(4) ഭക്ഷ്യധാന്യങ്ങളും മററു സാധനങ്ങളും ഒരു തൊഴിലാളിക്ക് സൗജന്യനിരക്കിൽ വില്ക്കുന്നതിലൂടെ സിദ്ധിക്കുന്ന ആനുകൂല്യത്തിന് സമാനമായ പണം, ഒരു മാനകകുടുംബത്തിന് അനുവദിക്കാവുന്ന ഭക്ഷ്യധാന്യങ്ങളുടേയും മററുസാധനങ്ങളുടേയും പരമാവധി അളവിൻെറ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്നത്ര പ്രാവശ്യം കണക്കുകൂട്ടേണ്ടതാകുന്നു.

വിശദീകരണം.—1. "മാനകകുടുംബം" എന്നാൽ, ഒരു തൊഴിലാളിയും, അയാളുടെ അല്ലെങ്കിൽ അവളുടെ ഭാര്യയും അല്ലെങ്കിൽ ഭർത്താവും, പതിന്നാലു വയസ്സിനുതാഴെയുള്ള രണ്ടുകുട്ടികളും അടങ്ങുന്നതും, ആകെ മൂന്ന് പ്രായപൂർത്തി ഉപഭോഗ യൂണിററുകൾ വേണ്ടതുമായ ഒരു കുടുംബം എന്നർത്ഥമാകുന്നു.

വിശദീകരണം—2. "പ്രായപൂർത്തി ഉപഭോഗ യൂണിററ്" എന്നാൽ, പതിന്നാലുവയസ്സിനു മീതെയുള്ള ഒരു പുരുഷൻെറ ഉപഭോഗ യൂണിററ് എന്നർത്ഥമാകുന്നതും, പതിന്നാലുവയസ്സിനുമീതെയുള്ള സ്ത്രീയുടേയും പതിന്നാലുവയസ്സിനു താഴെയുള്ള കുട്ടിയുടേയും ഉപഭോഗയൂണിററ്, ഒരു പ്രായപൂർത്തി ഉപഭോഗയൂണിററിൻെറ യഥാക്രമം 0.8-ം, 0.6-ം എന്ന തോതിൽ കണക്കാക്കേണ്ടതും ആകുന്നു.

(5) സ്റേററ്ഗവൺമെൻറിന്—

(ക) ഭക്ഷ്യധാന്യങ്ങളും മററു സാധനങ്ങളും തൊഴിലാളിയ്ക്ക് സൗജന്യനിരക്കിൽ വില്ക്കുന്നതിലൂടെ സിദ്ധിക്കുന്ന ആനുകൂല്യത്തിനു സമാനമായ പണം കണക്കുകൂട്ടേണ്ട രീതിയും;

(ഖ) ഈ വകുപ്പിലെ വ്യവസ്ഥകൾ അനുസരിക്കുന്നത് ഉറപ്പുവരുത്തേണ്ടതിലേക്ക് ഫാക്ടറിയിൽ വച്ചുപോരേണ്ട രജിസ്ററുകളും;

നിർണ്ണയിക്കുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

60. <u>ഇരട്ടനിയോജനങ്ങളിൻമേലുള്ള നിയന്ത്രണം.</u>—നിർണ്ണയിക്കപ്പെടുന്ന പരിതഃസ്ഥിതികളിലല്ലാതെ പ്രായപൂർത്തിയായ യാതൊരു തൊഴിലാളിയോടും, ഏതെങ്കിലും ഫാക്ടറിയിൽ, അയാൾ മററതെങ്കിലും ഫാക്ടറിയിൽ പ്രവൃത്തിചെയ്തുകഴിഞ്ഞിട്ടുള്ള ഏതെങ്കിലും ദിവസം പ്രവൃത്തിചെയ്യാൻ ആവശ്യപ്പെടുകയോ അയാളെ അതിന് അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

61. <u>പ്രായപൂർത്തിയായവർക്കുള്ള പ്രവൃത്തി കാലയളവുകളുടെ നോട്ടീസ്</u> — (1) ഏതൊരു ഫാക്ടറിയിലും പ്രായപൂർത്തിയായ തൊഴിലാളികളോടു പ്രവൃത്തിചെയ്യാൻ ആവശ്യപ്പെടാവുന്ന കാലയളവുകൾ ഓരോദിവസത്തേക്കും വ്യക്തമായി കാണിച്ചുകൊണ്ട് പ്രായപൂർത്തിയായവർക്കുള്ള പ്രവൃത്തിക്കാലയളവുകളുടെ ഒരു നോട്ടീസ് 108-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രദർശിപ്പിക്കുകയും ശരിയായി നിലനിറുത്തുകയും ചെയ്യേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പ് ആവശ്യപ്പെടുന്ന നോട്ടീസ്സിൽ കാണിക്കുന്ന കാലയളവുകൾ, ഈ വകുപ്പിലെ താഴെപറയുന്ന വ്യവസ്ഥകളനുസരിച്ച് മുൻകൂട്ടി നിജപ്പെടുത്തേണ്ടതും ആ കാലയളവുകൾ പ്രവൃത്തിചെയ്യുന്ന തൊഴിലാളികൾ 51-ം, 52-ം, 54-ം, 55-ം, 56-ം, 58-ം വകുപ്പുകളിലെ വ്യവസ്ഥകളിൽ ഏതെങ്കിലും ഉല്ലംഘിച്ചുകൊണ്ട് പ്രവൃത്തിചെയ്യുകയല്ല എന്നവിധം ഉള്ളവയായിരിക്കേണ്ടതും ആകുന്നു.

(3) ഒരു ഫാക്ടറിയിലെ പ്രായപൂർത്തിയായ എല്ലാ തൊഴിലാളികളോടും ഒരേകാലയളവുകളിൽ പ്രവൃത്തിചെയ്യാൻ ആവശ്യപ്പെടുന്നിടത്ത്, ആ ഫാക്ടറിയുടെ മാനേജർ ആ കാലയളവുകൾ അങ്ങനെയുള്ള തൊഴിലാളികൾക്ക് സാമാന്യമായി നിജപ്പെടുത്തേണ്ടതാകുന്നു.

(4) ഒരു ഫാക്ടറിയിലെ പ്രായപൂർത്തിയായ എല്ലാ തൊഴിലാളികളോടും ഒരേ കാലയളവുകളിൽ പ്രവൃത്തിചെയ്യാൻ ആവശ്യപ്പെടാത്തിടത്ത്, ഫാക്ടറിയുടെ മാനേജർ അവരുടെ പ്രവൃത്തിയുടെ പ്രകൃതം അനുസരിച്ച്, അവരെ ഗ്രൂപ്പുകളായി തരംതിരിക്കേണ്ടതും, അത് ഓരോ ഗ്രൂപ്പിലേയും തൊഴിലാളികളുടെ എണ്ണം കാണിച്ചുകൊണ്ടായിരിക്കേണ്ടതും ആകുന്നു.

(5) ഏത് ഗ്രൂപ്പിനോടാണോ ഷിഫ്റ്റ്സംപ്രദായത്തിൽ പ്രവൃത്തിചെയ്യാൻ ആവശ്യപ്പെടാത്തത്, അങ്ങനെയുള്ള ഓരോ ഗ്രൂപ്പിനും ഫാക്ടറിയുടെ മാനേജർ, ആ ഗ്രൂപ്പിനോട് ഏതുകാലയളവുകളിൽ പ്രവൃത്തിചെയ്യാനാണോ ആവശ്യപ്പെടാവുന്നത്, ആ കാലയളവുകൾ നിജപ്പെടുത്തേണ്ടതാകുന്നു.

(6) ഏതെങ്കിലും ഗ്രൂപ്പിനോട് ഷിഫ്റ്റ് സംപ്രദായത്തിൽ പ്രവൃത്തി ചെയ്യാൻ ആവശ്യപ്പെടുകയും, റിലേകൾ, മുൻകൂട്ടി നിശ്ചയിക്കുന്ന ആനുകാലിക ഷിഫ്റ്റ് മാററങ്ങൾക്ക് വിധേയമായിരിക്കേണ്ടതല്ലാത്തതാവുകയും ചെയ്യുന്നിടത്ത്, ഫാക്ടറിയുടെ മാനേജർ, ആ ഗ്രൂപ്പിന്റെ ഓരോ റിലേയോടും, ഏതുകാലയളവുകളിൽ പ്രവൃത്തി ചെയ്യാനാണോ ആവശ്യപ്പെടാവുന്നത്, ആ കാലയളവുകൾ നിജപ്പെടുത്തേണ്ടതാകുന്നു.

(7) ഏതെങ്കിലും ഗ്രൂപ്പ് ഷിഫ്റ്റ് സംപ്രദായത്തിൽ പ്രവൃത്തിചെയ്യേണ്ടതായിരിക്കുകയും റിലേകൾ മുൻകൂട്ടി നിശ്ചയിക്കുന്ന ആനുകാലിക ഷിഫ്റ്റ് മാററങ്ങൾക്ക് വിധേയമായിരിക്കേണ്ടതാവുകയും ചെയ്യുന്നിടത്ത്, ഫാക്ടറിയുടെ മാനേജർ ഷിഫ്റ്റുകളുടെ ഒരു സ്കീം തയ്യാറാക്കേണ്ടതും, അത് അതിൻകീഴിൽ ആ ഗ്രൂപ്പിലെ ഏതെങ്കിലും റിലേയോട് ഏതുകാലയളവുകൾക്കുള്ളിൽ പ്രവൃത്തിചെയ്യാനാണ് ആവശ്യപ്പെടാവുന്നതെന്നും ആ ദിവസത്തിലെ ഏതെങ്കിലും സമയത്ത് പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്ന റിലേ ഏതാണെന്നും ഏതുദിവസത്തേയ്ക്കും അറിയത്തക്കതായിരിക്കേണ്ടതും ആകുന്നു.

(8) സ്റേററ് ഗവൺമെൻറിന് (1)-ാം ഉപവകുപ്പ് ആവശ്യപ്പെടുന്ന നോട്ടീസ്സിന്റെ ഫാറങ്ങളും, അതു നിലനിറുത്തേണ്ട രീതിയും നിർണ്ണയിക്കാവുന്നതാണ്.

(9) ഈ ആക്ററിന്റെ പ്രാരംഭത്തിനുശേഷം പ്രവൃത്തി ആരംഭിക്കുന്ന ഫാക്ടറിയുടെ സംഗതിയിൽ, (1)-ാം ഉപവകുപ്പിൽ പരാമർശിച്ച നോട്ടീസിന്റെ ഒരു പകർപ്പ്, ആ ഫാക്ടറിയിൽ പ്രവൃത്തി ആരംഭിക്കുന്ന ദിവസത്തിനുമുമ്പായി ഇൻസ്പെക്ടർക്ക് ഡ്യൂപ്ലിക്കേററായി അയച്ചുകൊടുക്കേണ്ടതാകുന്നു.

(10) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച നോട്ടീസിൽ മാററം ആവശ്യമാക്കുന്ന, ഏതെങ്കിലും ഫാക്ടറിയിലെ പ്രവൃത്തിസംപ്രദായത്തിലെ ഏതെങ്കിലും നിർദ്ദിഷ്ടമാററം, ആ മാററം വരുത്തുന്നതിനുമുമ്പായി ഇൻസ്പെക്ടറെ ഡ്യൂപ്ലിക്കേററായുള്ള നോട്ടീസുവഴി അറിയിക്കേണ്ടതും, അങ്ങനെയുള്ള യാതൊരു മാററവും ഒടുവിൽ കഴിഞ്ഞ മാററത്തിനുശേഷം ഒരാഴ്ച കഴിയുന്നതുവരെ ഇൻസ്പെക്ടറുടെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയല്ലാതെ വരുത്താൻ പാടില്ലാത്തതും ആകുന്നു.

62. <u>പ്രായപൂർത്തിയായ തൊഴിലാളികളുടെ രജിസ്ററർ</u>—(1) ഏതൊരു ഫാക്ടറിയുടേയും മാനേജർ–

(ക) ആ ഫാക്ടറിയിലെ പ്രായപൂർത്തിയായ ഓരോ തൊഴിലാളിയുടേയും പേരും;

(ഖ) അയാളുടെ പ്രവൃത്തിയുടെ പ്രകൃതവും;

(ഗ) അയാളെ ഉൾപ്പെടുത്തിയിരിക്കുന്ന ഗ്രൂപ്പ് വല്ലതുമുണ്ടെങ്കിൽ അതും;

(ഘ) അയാളുടെ ഗ്രൂപ്പ്, ഷിഫ്റ്റുകളായി പ്രവൃത്തിചെയ്യുന്നിടത്ത് അയാളെ ഏതു റിലേയിലേയ്ക്കാണ് വച്ചിട്ടുള്ളത്, അതും;

(ങ) നിർണ്ണയിക്കപ്പെടുന്ന മററുവിവരങ്ങളും;

കാണിക്കുന്ന പ്രായപൂർത്തിയായ തൊഴിലാളികളുടെ ഒരു രജിസ്ററർ വച്ചുപോരേണ്ടതും അത് പ്രവൃത്തിമണിക്കൂറുകളിലോ ആ ഫാക്ററിയിൽ ഏതെങ്കിലും പ്രവൃത്തി നടത്തിക്കൊണ്ടുപോകുമ്പോഴോ എല്ലാസമയത്തും ഇൻസ്പെക്ററർക്ക് ലഭ്യമായിരിക്കേണ്ടതും ആകുന്നു.

എന്നാൽ, ഒരു ഫാക്ററിയുടെ പതിവു പരിപാടിയുടെ ഭാഗമായി വച്ചുപോരുന്ന ഏതെങ്കിലും മസ്ററർറോളോ രജിസ്റററോ, ആ ഫാക്ററിയിലെ എല്ലാ തൊഴിലാളികളേയുമോ അവരിൽ ആരെയെങ്കിലുമോ സംബന്ധിച്ച് ഈ വകുപ്പിൻകീഴിൽ വേണ്ട വിവരങ്ങൾ നല്കുന്നുണ്ടെന്ന് അഭിപ്രായമുണ്ടെങ്കിൽ, ഇൻസ്പെക്ററർക്ക്, അങ്ങനെയുള്ള മസ്ററർറോളോ രജിസ്റററോ അത്രത്തോളം, ആ ഫാക്ററിയിലെ പ്രായപൂർത്തിയായ തൊഴിലാളികളുടെ രജിസ്റററിന്റെ സ്ഥാനത്ത് വച്ചുപോരുകയും അങ്ങനെയുള്ളതായി കണക്കാക്കപ്പെടുകയും ചെയ്യേണ്ടതാണെന്നു ലിഖിതമായ ഉത്തരവ് വഴി നിദേശിക്കാവുന്നതാണ്.

(2) സ്റേററ് ഗവൺമെൻറിന്, പ്രായപൂർത്തിയായ തൊഴിലാളികളുടെ രജിസ്റററിന്റെ ഫാറവും അതുവച്ചുപോരേണ്ട രീതിയും അത് സൂക്ഷിച്ചുവയ്ക്കേണ്ട കാലാവധിയും നിർണ്ണയിക്കാവുന്നതാണ്.

63. <u>പ്രവൃത്തി മണിക്കൂറുകൾ 61-ാം വകുപ്പിൻകീഴിലെ നോട്ടീസിനും 62-ാം വകുപ്പിൻകീഴിലുള്ള രജിസ്റററിനും അനുരൂപമായിരിക്കണമെന്ന്.</u>— ഏതെങ്കിലും ഫാക്ററിയിൽ പ്രായപൂർത്തിയായ യാതൊരു തൊഴിലാളിയോടും, ഫാക്ററിയിൽ പ്രദർശിപ്പിക്കുന്ന, പ്രായപൂർത്തിയായവർക്കു വേണ്ടിയുള്ള പ്രവൃത്തിക്കാലയളവുകൾ സംബന്ധിച്ച നോട്ടീസും ഫാക്ററിയുടെ പ്രായപൂർത്തിയായ തൊഴിലാളികളുടെ രജിസ്റററും അയാളുടെ പേരിന് എതിരെയായി മുമ്പുതന്നെ ചേർത്തിട്ടുള്ള ഉൾക്കുറിപ്പുകളും അനുസരിച്ചല്ലാതെ പ്രവൃത്തിചെയ്യാൻ ആവശ്യപ്പെടുകയോ അയാളെ അതിന് അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

64. <u>ഒഴിവാക്കിക്കൊണ്ടുള്ള ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.</u>—(1) സ്റേററ് ഗവൺമെൻറിന് ഒരു ഫാക്ററിയിൽ മേൽനോട്ടത്തിന്റേയോ മാനേജ്മെൻറിന്റേയോ സ്ഥാനങ്ങൾ വഹിക്കുന്നവരോ അല്ലെങ്കിൽ സ്വകാര്യസ്ഥാനത്ത് നിയോജിക്കപ്പെടുന്നവരോ ആയ ആളുകളെ നിർവ്വചിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും, 66-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിലേയും ആ ഉപവകുപ്പിലെ പരിമിതിവ്യവസ്ഥയിലേയും വ്യവസ്ഥകളല്ലാതെ ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ, അപ്രകാരം നിർവചിക്കപ്പെടുന്ന ഏതെങ്കിലും ആൾക്ക് ബാധകമാകുന്നതല്ലാത്തതുമാണ്.

(2) സ്റേററ് ഗവൺമെൻറിന് ഫാക്ററികളിലെ പ്രായപൂർത്തിയായ തൊഴിലാളികളെ സംബന്ധിച്ച്—

(ക) അടിയന്തരമായ കേടുപാടുപോക്കലിൽ ഏർപ്പെടുന്ന തൊഴിലാളികളെ 51-ം, 52-ം, 54-ം, 55-ം, 56-ം വകുപ്പുകളിലെ വ്യവസ്ഥകളിൽനിന്നും;

(ഖ) അവശ്യമായും ഫാക്ടറിയുടെ സാമാന്യമായ പ്രവർത്തനത്തിന് നിശ്ചയിച്ചുവച്ചിട്ടുള്ള പരിമിതികൾക്ക് പുറത്തായി നടത്തിക്കൊണ്ടു പോകേണ്ട പ്രാരംഭികമോ പൂരകമോ ആയിട്ടുള്ള പ്രവൃത്തിയുടെ പ്രകൃതത്തിലുള്ള പ്രവൃത്തിയിൽ ഏർപ്പെടുന്ന തൊഴിലാളികളെ 51-ം, 54-ം, 55-ം, 56-ം, വകുപ്പുകളിലെ വ്യവസ്ഥകളിൽനിന്നും;

(ഗ) അവശ്യമായും, ഡ്യൂട്ടിയിലായിരിക്കുമ്പോൾ തങ്ങൾ പ്രവൃത്തി ചെയ്യാത്ത ഇടവേളകൾ, 55-ാം വകുപ്പുപ്രകാരമോ വകുപ്പിൻകീഴിലോ വേണ്ട വിശ്രമത്തിനുള്ള ഇടവേളകളേക്കാൾ സാധാരണമായി കൂടുതലായിരിക്കത്തക്ക വിധം ഇടവിട്ടുള്ളതായിരിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെടുന്ന തൊഴിലാളികളെ 51-ം, 54-ം, 55-ം, 56-ം വകുപ്പുകളിലെ വ്യവസ്ഥകളിൽ നിന്നും;

(ഘ) സാങ്കേതിക കാരണങ്ങളാൽ തുടർച്ചയായി നടത്തിക്കൊണ്ടു പോകേണ്ട ഏതെങ്കിലും പ്രവൃത്തിയിൽ ഏർപ്പെടുന്ന തൊഴിലാളികളെ 51-ം, 52-ം, 54-ം, 55-ം, 56-ം വകുപ്പുകളിലെ വ്യവസ്ഥകളിൽനിന്നും;

(ങ) ദിവസേന ഉണ്ടാക്കുകയോ സപ്ലൈ ചെയ്യുകയോ ചെയ്യേണ്ട പ്രാഥമികാവശ്യമുള്ള സാധനങ്ങൾ ഉണ്ടാക്കുകയോ സപ്ലൈചെയ്യുകയോ ചെയ്യുന്നതിൽ ഏർപ്പെടുന്ന തൊഴിലാളികളെ 52-ാം വകുപ്പിലെ വ്യവസ്ഥകളിൽ നിന്നും;

(ച) നിശ്ചിതമായ കാലങ്ങളിലൊഴികെ നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത നിർമ്മാണപ്രക്രിയയിൽ ഏർപ്പെടുന്ന തൊഴിലാളികളെ 52-ാംവകുപ്പിലെ വ്യവസ്ഥകളിൽനിന്നും;

(ഛ) പ്രകൃതിശക്തികളുടെ ക്രമരഹിതമായ പ്രവർത്തനത്തെ ആശ്രയിക്കുന്ന സമയങ്ങളിലൊഴികെ നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത നിർമ്മാണപ്രക്രിയയിൽ ഏർപ്പെടുന്ന തൊഴിലാളികളെ 52-ം, 55-ം വകുപ്പുകളിലെ വ്യവസ്ഥകളിൽനിന്നും;

(ജ) എൻജിൻ മുറികളിലോ ബായിലർ ഹൗസുകളിലോ അല്ലെങ്കിൽ യന്ത്രശക്തി പ്ലാൻറിൻേറയോ പ്രേഷണമെഷിനറിയുടേയോ പ്രവൃത്തിയിലോ ഏർപ്പെടുന്ന തൊഴിലാളികളെ 52-ാം വകുപ്പിലെ വ്യവസ്ഥകളിൽനിന്നും;

(ഝ) വർത്തമാനപ്പത്രങ്ങൾ അച്ചടിക്കുന്നതിൽ ഏർപ്പെടുന്നവരും മെഷിനറിയുടെ പ്രവർത്തനസ്തംഭനം കാരണം തങ്ങേണ്ടിവരുന്നവരുമായ തൊഴിലാളികളെ 51-ം, 54-ം, 56-ം വകുപ്പിലെ വ്യവസ്ഥകളിൽനിന്നും—

വിശദീകരണം.—ഈ ഖണ്ഡത്തിൽ "വർത്തമാനപ്പത്രങ്ങൾ" എന്ന പദത്തിന്, പ്രസ്സും ബുക്ക് രജിസ്ട്രേഷനും ആക്ററ്, 1867 (1867-ലെ 25)-ൽ അതിനു നല്കപ്പെട്ടിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതാണ്—;

(ഞ) റെയിൽവേ വാഗണുകളിൽ സാമാനം കയററുകയും ഇറക്കുകയും ചെയ്യുന്നതിൽ ഏർപ്പെടുന്ന തൊഴിലാളികളെ 51-ം, 52-ം, 54-ം, 55-ം, 56-ം വകുപ്പുകളിലെ വ്യവസ്ഥകളിൽനിന്നും;

നിർണ്ണയിക്കപ്പെടുന്നിടത്തോളവും നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്കു വിധേയമായും, ഒഴിവാക്കാൻ വ്യവസ്ഥചെയ്യുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(3) ഏതെങ്കിലും ഒഴിവാക്കലിന് വ്യവസ്ഥചെയ്യുന്ന (2)-ാം ഉപവകുപ്പിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക്, സ്റേററ് ഗവൺമെൻറ് നിർണ്ണയിക്കുന്ന ഉപാധികൾക്കു വിധേയമായി, 61-ാം വകുപ്പിലെ വ്യവസ്ഥകളിൽനിന്നുള്ള, സമീചീനമാണെന്ന് സ്റേററ് ഗവൺമെൻറ് കരുതുന്ന അനന്തരഫലമായ ഏതെങ്കിലും ഒഴിവാക്കലിനുകൂടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(4) ഈ വകുപ്പിൻകീഴിൽ ചട്ടങ്ങൾ ഉണ്ടാക്കുന്നതിൽ സ്റ്റേറ്റ് ഗവൺമെൻറ് (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻകീഴിലെ ഒഴിവാക്കൽ സംബന്ധിച്ചൊഴികെ ഓവർടൈം ഉൾപ്പെടെയുള്ള താഴെപറയുന്ന പ്രവൃത്തി പരിധികൾ കവിയാൻ പാടുള്ളതല്ല.—

(i) ഏതെങ്കിലും ദിവസത്തിലെ പ്രവൃത്തി മണിക്കൂറുകളുടെ ആകെയെണ്ണം പത്തിൽ കവിയാൻ പാടുള്ളതല്ല;

(ii) വിശ്രമത്തിനുള്ള ഇടവേളകൾ ഉൾപ്പെടെയുള്ള വ്യാപ്തി ഏതെങ്കിലും ദിവസം പന്ത്രണ്ടുമണിക്കൂറിൽ കവിയാൻ പാടുള്ളതല്ല:

എന്നാൽ, സ്റ്റേറ്റ്ഗവൺമെൻറിന് (2)-ാം ഉപവകുപ്പ്(ഘ)ഖണ്ഡത്തിൽ പരാമർശിച്ച തൊഴിലാളികളുടെ ഏതെങ്കിലും വിഭാഗമോ എല്ലാ വിഭാഗങ്ങളുമോ സംബന്ധിച്ച ഏതു പരിതഃസ്ഥിതികളിലും, ഏത് ഉപാധികൾക്കു വിധേയമായും ആണ് ഡ്യൂട്ടിക്ക് റിപ്പോർട്ട് ചെയ്യാതിരുന്നിട്ടുള്ള ഒരു തൊഴിലാളിയുടെ അസാന്നിദ്ധ്യത്തിൽ ഒരു ഷിഫ്റ്റ് തൊഴിലാളിക്ക് പിന്നത്തെ ഷിഫ്റ്റ് മുഴുവനുമോ അതിൻെറ ഒരു ഭാഗമോ പ്രവൃത്തിചെയ്യാൻ കഴിവ് ഉണ്ടാക്കാൻ വേണ്ടി (i)-ാം ഖണ്ഡവും (ii)-ാം ഖണ്ഡവും ചുമത്തുന്ന നിയന്ത്രണങ്ങൾ ബാധകമാകാതിരിക്കേണ്ടതെന്ന് നിർണ്ണയിക്കേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(iii) ഓവർടൈം മണിക്കൂറുകളുടെ ആകെ എണ്ണം ഏതെങ്കിലും ഒരു ക്വാർട്ടറിൽ അമ്പതിൽ കവിയാൻ പാടുള്ളതല്ല.

വിശദീകരണം.—"ക്വാർട്ടർ" എന്നാൽ, ജനുവരി 1-ാം തീയതിയോ, ഏപ്രിൽ 1-ാം തീയതിയോ, ജൂലൈ 1-ാം തീയതിയോ, അക്റ്റോബർ 1-ാം തീയതിയോ ആരംഭിക്കുന്ന തുടർച്ചയായ മൂന്നുമാസക്കാലം എന്നർത്ഥമാകുന്നു.

(5) ഈ വകുപ്പിൻകീഴിലുണ്ടാക്കുന്ന ചട്ടങ്ങൾ മൂന്നുവർഷത്തിലധികമല്ലാത്തകാലം പ്രാബല്യത്തിലിരിക്കുന്നതാകുന്നു.

65. <u>ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവുകൾ ഉണ്ടാക്കാനുള്ള അധികാരം</u>.—(1) നടത്തിക്കൊണ്ടുപോകുന്ന പ്രവൃത്തിയുടെ പ്രകൃതമോ മററു പരിതഃസ്ഥിതികളോ കാരണമായി ഏതെങ്കിലും ഫാക്റ്ററിയിലേയോ, തരം അല്ലെങ്കിൽ ഇനം ഫാക്റ്ററികളിലേയോ പ്രായപൂർത്തിയായ ഏതെങ്കിലും തൊഴിലാളികളുടെ പ്രവൃത്തിക്കാലയളവുകൾ മുമ്പേ നിജപ്പെടുത്തേണ്ടതാണെന്ന് ആവശ്യപ്പെടുന്നത് ന്യായരഹിതമാണെന്ന് ബോദ്ധ്യപ്പെടുന്നിടത്ത്, സ്റ്റേറ്റ് ഗവൺമെൻറിന് യുക്തമെന്ന് തോന്നുന്നിടത്തോളവും യുക്തമെന്ന് തോന്നുന്ന രീതിയിലും പ്രവൃത്തിക്കാലയളവുകളുടെ മേൽ നിയന്ത്രണം ഉറപ്പുവരുത്താൻ സമീചീനമായതെന്ന് കരുതുന്ന ഉപാധികൾക്ക് വിധേയമായും ലിഖിതമായ ഉത്തരവുവഴി, ഫാക്റ്ററിയിലെ അങ്ങനെയുള്ള തൊഴിലാളികളെ സംബന്ധിച്ച് 61-ാം വകുപ്പിലെ വ്യവസ്ഥകൾ അയവുവരുത്തുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതാണ്.

(2) സ്റ്റേറ്റ് ഗവൺമെൻറിനോ സ്റ്റേറ്റ് ഗവൺമെൻറിൻെറ നിയന്ത്രണത്തിനു വിധേയമായി, ചീഫ് ഇൻസ്പെക്റ്റർക്കോ ഏതെങ്കിലും ഫാക്റ്ററിയിലേയോ ഗ്രൂപ്പ് അല്ലെങ്കിൽ തരം അല്ലെങ്കിൽ ഇനം ഫാക്റ്ററികളിലേയോ പ്രായപൂർത്തിയായ എല്ലാ തൊഴിലാളികളേയുമോ അവരിൽ ആരെയെങ്കിലുമോ 51-ം, 52-ം, 54-ം, 56-ം വകുപ്പുകളിലെ എല്ലാ വ്യവസ്ഥകളിൽനിന്നുമോ അവയിൽ ഏതിൽനിന്നെങ്കിലുമോ ഒഴിവാക്കുന്നത് അസാധാരണമായ പ്രവൃത്തിത്തിരക്കു കൈകാര്യം ചെയ്യാൻ ആ ഫാക്റ്ററിക്കോ ഫാക്റ്ററികൾക്കോ കഴിവുണ്ടാക്കാൻ വേണ്ടതാണെന്നുള്ള കാരണത്തിൻമേൽ ലിഖിതമായ ഉത്തരവുവഴി സ്റ്റേറ്റ് ഗവൺമെൻേറാ ചീഫ് ഇൻസ്പെക്റ്ററോ സമീചീനമാണെന്ന് കരുതുന്ന ഉപാധികളിൻമേൽ അങ്ങനെ ഒഴിവാക്കാവുന്നതാണ്.

(3) പ്രവൃത്തി മണിക്കൂറുകൾ സംബന്ധിച്ച് (2)-ാം ഉപവകുപ്പിൻ കീഴിൽ നല്കപ്പെടുന്ന ഏതെങ്കിലും ഒഴിവാക്കൽ, 64-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻകീഴിൽ നിർണ്ണയിക്കപ്പെടുന്ന പരമാവധി പരിധികൾക്കു വിധേയമായിരിക്കേണ്ടതാകുന്നു.

(4) യാതൊരു ഫാക്ററിയും, ഏതെങ്കിലും വർഷത്തിൽ ആകെ മൂന്നു മാസത്തിൽ കവിയുന്ന കാലത്തേക്കോ കാലങ്ങളിലേക്കോ (2)-ാം ഉപവകുപ്പിൻ കീഴിൽ ഒഴിവാക്കപ്പെടാൻ പാടുള്ളതല്ല.

66. സ്ത്രീകളുടെ നിയോജനത്തിനുള്ള കൂടുതൽ നിയന്ത്രണങ്ങൾ.—(1) ഫാക്ററികളിലെ സ്ത്രീകൾക്ക് അവ ബാധകമാക്കുന്നതിൽ ഈ അദ്ധ്യായത്തിലെ വ്യവസ്ഥകളുടെകൂടെ താഴെ പറയുന്ന കൂടുതൽ നിയന്ത്രണങ്ങൾ കൂടി ഉണ്ടായിരിക്കുന്നതാണ്.

അതായത്:—

(ക) ഏതെങ്കിലും സ്ത്രീയെ സംബന്ധിച്ച് 54-ാം വകുപ്പിൻെറ വ്യവസ്ഥകളിൽനിന്ന് യാതൊരു ഒഴിവാക്കലും നല്കാവുന്നതല്ല;

(ഖ) യാതൊരു സ്ത്രീയും ഉച്ചയ്ക്കുമുമ്പ് 6 മണിക്കും ഉച്ചയ്ക്ക് പിമ്പ് 7 മണിക്കും ഇടയിലുള്ള സമയത്തല്ലാതെ ഏതെങ്കിലും ഫാക്ററിയിൽ നിയോജിക്കപ്പെടാൻ പാടുള്ളതല്ല:

എന്നാൽ, സ്റേററ് ഗവൺമെൻറിന്, ഔദ്യോഗികഗസററിൽ വിജ്ഞാപനം വഴി, ഏതെങ്കിലും തരം അല്ലെങ്കിൽ ഇനം ഫാക്ററികളെ സംബന്ധിച്ച്, (ഖ) ഖണ്ഡത്തിൽ പ്രതിപാദിച്ചിട്ടുള്ള പരിധികൾ വ്യത്യാസപ്പെടുത്താവുന്നതും, എന്നാൽ അത്, അങ്ങനെയുള്ള യാതൊരു വ്യത്യാസപ്പെടുത്തലും ഏതെങ്കിലും സ്ത്രീയുടെ ഉച്ചയ്ക്ക് പിമ്പ് 10 മണിക്കും ഉച്ചയ്ക്കുമുമ്പ് 5 മണിക്കുമിടയിലുള്ള നിയോജനത്തിന് പ്രാധികാരം നല്കാത്തവിധമായിരിക്കേണ്ടതുമാകുന്നു.

(ഗ) ആഴ്ചയിലെ ഒഴിവുദിവസത്തിനോ മറേറതെങ്കിലും ഒഴിവുദിവസത്തിനോ ശേഷമല്ലാതെ യാതൊരു ഷിഫ്ററ് മാററവും പാടുള്ളതല്ല.

(2) സ്റേററ് ഗവൺമെൻറിന് (1)-ാം ഉപവകുപ്പിൽ പ്രസ്താവിച്ചിട്ടുള്ള നിയന്ത്രണങ്ങളിൽനിന്ന് ഫിഷ്ക്യുയറിങ്ങ് അല്ലെങ്കിൽ ഫിഷ് കാനിങ്ങ് ഫാക്ററികളിൽ പ്രവൃത്തി ചെയ്യുന്ന സ്ത്രീകളെ ഏതെങ്കിലും അസംസ്കൃതപദാർത്ഥത്തിന് നാശനഷ്ടം ഉണ്ടാകുന്നതോ കേടുവരുത്തുന്നതോ തടയാൻ മുൻപറഞ്ഞ നിയന്ത്രണങ്ങളിൽ വിനിർദ്ദേശിക്കുന്ന മണിക്കൂറുകൾക്ക് അപ്പുറം സ്ത്രീകളെ നിയോജിക്കുന്നത് ആവശ്യമായിട്ടുള്ളിടത്ത്, സ്റേററ് ഗവൺമെൻറ് നിർണ്ണയിക്കുന്നിടത്തോളവും നിർണ്ണയിക്കുന്ന ഉപാധികൾക്ക് വിധേയമായും, ഒഴിവാക്കാൻ വ്യവസ്ഥ ചെയ്യുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പിൻകീഴിലുണ്ടാക്കുന്ന ചട്ടങ്ങൾ ഒരിക്കൽ മൂന്നു വർഷത്തിലധികമല്ലാത്ത കാലം പ്രാബല്യത്തിലിരിക്കുന്നതാണ്.

## അദ്ധ്യായം VII

### ചെറുപ്രായത്തിലുള്ള ആളുകളുടെ നിയോജനം

67. ചെറുപ്രായത്തിലുള്ള കുട്ടികളുടെ നിയോജനം നിരോധിക്കുന്നത്.—അൻെറ പതിന്നാലാമത്തെ വയസ്സു പൂർത്തിയാക്കിയിട്ടില്ലാത്ത യാതൊരു കുട്ടിയോടും, ഏതെങ്കിലും ഫാക്ററിയിൽ പ്രവൃത്തി ചെയ്യാൻ ആവശ്യപ്പെടുകയോ കുട്ടിയെ അതിന് അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

68. പ്രായപൂർത്തിയായവരല്ലാത്ത തൊഴിലാളികൾ ടോക്കണുകൾ കൊണ്ടു നടക്കണമെന്ന്.—തന്റെ പതിന്നാലാമത്തെ വയസ്സു പൂർത്തിയാക്കിയിട്ടുള്ള കുട്ടിയോടോ പ്രായപൂർത്തിയാകാത്തയ ആളോടോ ഏതെങ്കിലും ഫാക്ടറിയിൽ പ്രവൃത്തി ചെയ്യാൻ,—

(ക) അയാളെ സംബന്ധിച്ച് 69-ാം വകുപ്പിൻ കീഴിൽ നല്കപ്പെട്ടിട്ടുള്ള ഒരു യോഗ്യതാ സർട്ടിഫിക്കററ് ആ ഫാക്ടററിയുടെ മാനേജരുടെ സൂക്ഷിപ്പിൽ ഉണ്ടായിരിക്കുകയും;

(ഖ) അങ്ങനെയുള്ള കുട്ടിയോ പ്രായപൂർത്തിയാകാത്തയ ആളോ അയാൾ പ്രവൃത്തി ചെയ്യുന്ന സമയത്ത്, അങ്ങനെയുള്ള സർട്ടിഫിക്കററിനെക്കുറിച്ച് സൂചന നല്കുന്ന ഒരു ടോക്കൺ കൊണ്ടുനടക്കുകയോ, ചെയ്യാത്തപക്ഷം ആവശ്യപ്പെടുകയോ അയാളെ അതിന് അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

69. യോഗ്യതാ സർട്ടിഫിക്കററുകൾ.—(1) ഫാക്ടററിയിലെ പ്രവൃത്തിക്ക് യോഗ്യതയുള്ളവനാണെന്ന് സർട്ടിഫൈ ചെയ്യപ്പെടുന്നുവെങ്കിൽ ഏതെങ്കിലും ചെറുപ്രായത്തിലുള്ള ആളെ ഒരു ഫാക്ടററിയിൽ നിയോജിക്കുന്നതാണെന്നുള്ള അതിന്റെ മാനേജർ ഒപ്പിട്ട ഒരു രേഖ സഹിതമുള്ള അങ്ങനെയുള്ള അയാളുടേയോ അയാളുടെ മാതാപിതാക്കൻമാരിൽ ഒരാളുടേയോ രക്ഷാകർത്താവിന്റേയോ അപേക്ഷയിൻമേലോ, അല്ലെങ്കിൽ ഏതെങ്കിലും ചെറുപ്രായത്തിലുള്ള ആൾ പ്രവൃത്തി ചെയ്യാൻ ആഗ്രഹിക്കുന്ന ഒരു ഫാക്ടററിയുടെ മാനേജരുടെ അപേക്ഷയിൻമേലോ സർട്ടിഫൈ ചെയ്യുന്ന സർജൻ അങ്ങനെയുള്ള ആളെ പരിശോധിക്കുകയും ഫാക്ടററിയിലെ പ്രവൃത്തിക്കുള്ള അയാളുടെ യോഗ്യത തിട്ടപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(2) സർട്ടിഫൈ ചെയ്യുന്ന സർജന്, പരിശോധനയ്ക്കുശേഷം, അങ്ങനെയുള്ള ചെറുപ്രായത്തിലുള്ള ആൾക്ക്—

(ക) ആ ചെറുപ്രായത്തിലുള്ള ആൾ അയാളുടെ പതിന്നാലാമത്തെ വയസ്സു പൂർത്തിയാക്കിയിട്ടുണ്ടെന്നും, നിർണ്ണയിക്കപ്പെടുന്ന ശാരീരികമാനകങ്ങൾ പ്രാപിച്ചിട്ടുണ്ടെന്നും ബോദ്ധ്യമാകുന്നുവെങ്കിൽ ഒരു ഫാക്ടററിയിൽ കുട്ടിയെന്ന നിലയിൽ പ്രവൃത്തി ചെയ്യാനുള്ള യോഗ്യതാ സർട്ടിഫിക്കററോ;

(ഖ) ആ ചെറുപ്രായത്തിലുള്ള ആൾ അയാളുടെ പതിനഞ്ചാമത്തെ വയസ്സു പൂർത്തിയാക്കിയിട്ടുണ്ടെന്നും, ഒരു ഫാക്ടററിയിൽ ഒരു മുഴുവൻ ദിവസത്തെ പ്രവൃത്തിക്ക് യോഗ്യനാണെന്നും ബോദ്ധ്യമാകുന്നു വെങ്കിൽ ഒരുഫാക്ടററിയിൽ പ്രായപൂർത്തിയായ ആളെന്ന നിലയിൽ പ്രവൃത്തി ചെയ്യാനുള്ള ഒരു യോഗ്യതാ സർട്ടിഫിക്കററോ,

നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ നല്കുകയോ പുതുക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ ആ ചെറുപ്രായത്തിലുള്ള ആൾ, പ്രവൃത്തി ചെയ്യാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലത്തെക്കുറിച്ചും അയാൾ നിയോജിക്കപ്പെടുന്ന നിർമ്മാണപ്രക്രിയയെക്കുറിച്ചും തനിക്ക് നേരിട്ടുള്ള അറിവ് ഇല്ലാത്തപക്ഷം, സർട്ടിഫൈ ചെയ്യുന്ന സർജൻ, അങ്ങനെയുള്ള സ്ഥലം താൻ പരിശോധിക്കുന്നതുവരെ ഈ ഉപവകുപ്പിൻകീഴിൽ സർട്ടിഫിക്കററ് നല്കുകയോ പുതുക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ നല്കുകയോ പുതുക്കുകയോ ചെയ്യുന്ന യോഗ്യതാ സർട്ടിഫിക്കററ്—

(ക) അതിന്റെ തീയതിമുതൽ പന്ത്രണ്ടു മാസക്കാലത്തേയ്ക്കു മാത്രം സാധുവായിരിക്കുന്നതും;

(ഖ) ആ ചെറുപ്രായത്തിലുള്ള ആളെ നിയോജിക്കാവുന്ന പ്രവൃത്തിയുടെ പ്രകൃതം സംബന്ധിച്ചുള്ളതോ അല്ലെങ്കിൽ പന്ത്രണ്ടു മാസക്കാലം കഴിയുന്നതിനുമുമ്പ് ആ ചെറുപ്രായത്തിലുള്ള ആളെ പുനഃപരിശോധിക്കാൻ ആവശ്യപ്പെടുന്നതോ ആയ ഉപാധികൾക്ക് വിധേയമാക്കപ്പെടാവുന്നതും,

ആകുന്നു.

(4) (2)-ാം ഉപവകുപ്പിൻകീഴിൽ നല്കിയതോ പുതുക്കിയതോ ആയ ഏതെങ്കിലും സർട്ടിഫിക്കററു കിട്ടിയിട്ടുള്ള ആൾ അതിൽ പറഞ്ഞിട്ടുള്ള നിലയിൽ ഒരു ഫാക്ററിയിൽ പ്രവൃത്തി ചെയ്യാൻ തന്റെ അഭിപ്രായത്തിൽ മേലിൽ യോഗ്യനല്ലെങ്കിൽ സർട്ടിഫൈ ചെയ്ത സർജന് അത് പിൻവലിക്കാവുന്നതാണ്.

(5) സർട്ടിഫൈ ചെയ്യുന്ന സർജൻ ഒരു സർട്ടിഫിക്കറേറാ അല്ലെങ്കിൽ ആവശ്യപ്പെടുന്ന തരത്തിലുള്ള ഒരു സർട്ടിഫിക്കറേറാ നല്കാനോ പുതുക്കാനോ വിസമ്മതിക്കുകയോ അല്ലെങ്കിൽ ഒരു സർട്ടിഫിക്കററ് പിൻവലിക്കുകയോ ചെയ്യുന്നിടത്ത്, അപ്രകാരം ചെയ്യാൻ തനിക്കുള്ള കാരണങ്ങൾ ലിഖിതമായി പ്രസ്താവിക്കേണ്ടതാണെന്ന് ആ സർട്ടിഫിക്കററിനോ അതു പുതുക്കാനോ അപേക്ഷിക്കുവാൻ കഴിയുമായിരുന്ന ഏതെങ്കിലും ആൾ ആവശ്യപ്പെടുന്നുവെങ്കിൽ സർട്ടിഫൈ ചെയ്യുന്ന സർജൻ അപ്രകാരം ചെയ്യേണ്ടതാകുന്നു.

(6) ഏതെങ്കിലും ചെറുപ്രായത്തിലുള്ള ആളെ സംബന്ധിച്ച് ഈ വകുപ്പിൻകീഴിലെ ഒരു സർട്ടിഫിക്കററ് (3)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൽ പരാമർശിക്കുന്ന ഉപാധികൾക്കു വിധേയമായി, നല്കുകയോ പുതുക്കുകയോ ചെയ്യുന്നിടത്ത്, ആ ഉപാധികൾ അനുസരിച്ചല്ലാതെ ആ ചെറുപ്രായത്തിലുള്ള ആളോട് ഏതെങ്കിലും ഫാക്ററിയിൽ പ്രവൃത്തി ചെയ്യാൻ ആവശ്യപ്പെടുകയോ അയാളെ അതിന് അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(7) ഈ വകുപ്പിൻകീഴിലെ ഒരു സർട്ടിഫിക്കററിനു കൊടുക്കേണ്ട ഏതെങ്കിലും ഫീസ്, കൈവശക്കാരൻ നല്കേണ്ടതും ആ ചെറുപ്രായത്തിലുള്ള ആളിൽനിന്നോ അയാളുടെ മാതാപിതാക്കൻമാരിൽ നിന്നോ രക്ഷകർത്താവിൽ നിന്നോ വസൂലാക്കാൻ പാടുള്ളതല്ലാത്തതും ആകുന്നു.

70. പ്രായപൂർത്തിയാകാററായ ആൾക്ക് നല്കുന്ന യോഗ്യതാ സർട്ടിഫിക്കററിന്റെ പ്രഭാവം.—69-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻകീഴിൽ പ്രായപൂർത്തിയായ ആളായി ഫാക്ററിയിൽ പ്രവൃത്തി ചെയ്യാൻ യോഗ്യതാ സർട്ടിഫിക്കററ് നല്കപ്പെട്ടിരിക്കുകയും ഫാക്ററിയിൽ പ്രവൃത്തി ചെയ്യുന്ന സമയത്ത് ആ സർട്ടിഫിക്കററിനെക്കുറിച്ച് സൂചന നല്കുന്ന ടോക്കൺ കൊണ്ടുനടക്കുകയും ചെയ്യുന്ന പ്രായപൂർത്തിയാകാററായ ആൾ, (VI)-ം (VII)-ം അദ്ധ്യായങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കും പ്രായപൂർത്തിയായ ആളായി കരുതപ്പെടുന്നതാകുന്നു:

എന്നാൽ, പതിനേഴ് വയസ്സ് ആയിട്ടില്ലാത്ത അങ്ങനെയുള്ള യാതൊരു പ്രായപൂർത്തിയാകാററായ ആളും, ഏതെങ്കിലും ഫാക്ററിയിൽ രാത്രി പ്രവൃത്തി ചെയ്യാൻ നിയോജിക്കപ്പെടുകയോ അനുവദിക്കപ്പെടുകയോ ചെയ്യാൻ പാടുള്ളതല്ല.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്ക്, ''രാത്രി'' എന്നാൽ, ഉച്ചയ്ക്ക് പിമ്പ് പത്തു മണിക്കും ഉച്ചയ്ക്ക് മുമ്പ് ഏഴുമണിക്കും ഇടയിലുള്ള തുടർച്ചയായ ഏഴു മണിക്കൂർ എങ്കിലുമുള്ള ഇടവേള ഉൾക്കൊള്ളേണ്ട തുടർച്ചയായ പന്ത്രണ്ടു മണിക്കൂറെങ്കിലും ഉള്ള കാലയളവ് എന്നർത്ഥമാകുന്നു.

(2) മുൻപറഞ്ഞ (ഖ) ഖണ്ഡത്തിൻകീഴിൽ പ്രായപൂർത്തിയായ ആളെന്ന നിലയിൽ ഫാക്ടറിയിൽ പ്രവൃത്തി ചെയ്യാൻ യോഗ്യതാ സർട്ടിഫിക്കററ് നല്കപ്പെട്ടിട്ടില്ലാത്ത പ്രായപൂർത്തിയാകാറായ ആരം അയാളുടെ വയസ്സ് എന്തായിരുന്നാലും, ഈ ആക്ററിന്റെ എല്ലാ ആവശ്യങ്ങൾക്കും കുട്ടിയായി കരുതപ്പെടുന്നതാകുന്നു.

71. <u>കുട്ടികൾക്കുള്ള പ്രവൃത്തി മണിക്കൂറുകൾ.</u>—(1) യാതൊരു കുട്ടിയും—

(ക) ഏതെങ്കിലും ദിവസം നാലര മണിക്കൂറിലധികമോ;

(ഖ) രാത്രി സമയത്തോ,

ഏതെങ്കിലും ഫാക്ടററിയിൽ പ്രവൃത്തി ചെയ്യാൻ നിയോജിക്കപ്പെടുകയോ അനുവദിക്കപ്പെടുകയോ ചെയ്യാൻ പാടുള്ളതല്ല.

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്ക്, "രാത്രി" എന്നാൽ, ഉച്ചയ്ക്ക് പിമ്പ് പത്തു മണിക്കും ഉച്ചയ്ക്കുമുമ്പ് ആറു മണിക്കും ഇടയിലുള്ള ഇടവേള ഉൾക്കൊള്ളേണ്ട തുടർച്ചയായ പന്ത്രണ്ടു മണിക്കൂറെങ്കിലും ഉള്ള കാലയളവ് എന്നർത്ഥമാകുന്നു.

(2) ഒരു ഫാക്ടററിയിൽ നിയോജിക്കപ്പെടുന്ന എല്ലാ കുട്ടികളുടേയും പ്രവൃത്തിക്കാലയളവ് രണ്ടു ഷിഫ്ററുകളായി പരിമിതിപ്പെടുത്തേണ്ടതും അവ പരസ്പര വ്യാപിയാവുകയോ ഓരോന്നും അഞ്ചു മണിക്കൂറിൽ അധികം വ്യാപിക്കുന്നതാവുകയോ ചെയ്യാൻ പാട ല്ലാത്തതും ആകുന്നു; ഓരോ കുട്ടിയും റിലേകളിൽ ഒന്നിൽമാത്രം നിയോജിക്കപ്പെടേണ്ടതും, അത് ചീഫ് ഇൻസ്പെക്ടററുടെ മുൻകൂട്ടിയുള്ള ലിഖിതമായ അനുവാദത്തോടുകൂടിയല്ലാതെ മുപ്പതു ദിവസക്കാലത്തിൽ ഒന്നിലധികം തവണ മാററാൻ പാടില്ലാത്തതും ആകുന്നു.

(3) 52-ാം വകുപ്പിലെ വ്യവസ്ഥകൾ കുട്ടികളായ തൊഴിലാളികൾക്കു കൂടി ബാധകമാകുന്നതും ഏതെങ്കിലും കുട്ടിയെ സംബന്ധിച്ച് ആ വകുപ്പിലെ വ്യവസ്ഥകളിൽനിന്നുള്ള യാതൊരു ഒഴിവാക്കലും അനുവദിക്കാവുന്നതല്ലാത്തതും ആകുന്നു.

(4) യാതൊരു കുട്ടിയോടും, ഏതെങ്കിലും ഫാക്ടററിയിൽ ആ കുട്ടി മറെറാരു ഫാക്ടററിയിൽ പ്രവൃത്തി ചെയ്തു കഴിഞ്ഞിട്ടുള്ള ഏതെങ്കിലും ദിവസം പ്രവൃത്തി ചെയ്യാൻ ആവശ്യപ്പെടുകയോ ആ കുട്ടിയെ അതിന് അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

72. <u>കുട്ടികൾക്കുള്ള പ്രവൃത്തിക്കാലയളവുകളുടെ നോട്ടീസ്.</u>—(1) കുട്ടികൾ നിയോജിക്കപ്പെടുന്ന ഏതൊരു ഫാക്ടററിയിലും, കുട്ടികളോട് പ്രവൃത്തി ചെയ്യാൻ ആവശ്യപ്പെടുകയോ അവരെ അതിന് അനുവദിക്കുകയോ ചെയ്യാവുന്ന കാലയളവുകൾ ഓരോ ദിവസത്തേക്കും വ്യക്തമായി കാണിച്ചുകൊണ്ടുള്ള കുട്ടികൾക്കുള്ള പ്രവൃത്തിക്കാലയളവുകളുടെ ഒരു നോട്ടീസ് 108-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രദർശിപ്പിക്കുകയും ശരിയായി നിലനിറുത്തുകയും ചെയ്യേണ്ടതാകുന്നു.

(2) (1)-ാം ഉപവകുപ്പ് ആവശ്യപ്പെടുന്ന നോട്ടീസിൽ കാണിക്കുന്ന കാലയളവുകൾ, 61-ാം വകുപ്പിൽ പ്രായപൂർത്തിയായ തൊഴിലാളികൾക്കായി പ്രതിപാദിച്ചിട്ടുള്ള സംപ്രദായം അനുസരിച്ച് മുൻകൂട്ടി നിജപ്പെടുത്തേണ്ടതും ആ കാലയളവുകൾ പ്രവൃത്തി ചെയ്യുന്ന കുട്ടികൾ 71-ാം വകുപ്പിലെ വ്യവസ്ഥകളിൽ ഏതെങ്കിലും ഉല്ലംഘിച്ചുകൊണ്ട് പ്രവൃത്തി ചെയ്യുകയല്ല എന്നവിധം ഉള്ളവയായിരിക്കേണ്ടതും ആണ്.

(3) 61–ാം വകുപ്പിലെ (8)–ം (9)–ം (10)–ം ഉപവകുപ്പുകളിലെ വ്യവസ്ഥകഠം, ഈ വകുപ്പിലെ (1)–ാം ഉപവകുപ്പ് ആവശ്യപ്പെടുന്ന നോട്ടീസിനുകൂടി ബാധകമാകുന്നതാണ്.

73. കുട്ടികളായ തൊഴിലാളികളുടെ രജിസ്ററർ.—(1) കുട്ടികഠം നിയോജിക്കപ്പെടുന്ന ഏതൊരു ഫാക്ററിയുടേയും മാനേജർ,

(ക) ആ ഫാക്ററിയിലെ ഓരോ കുട്ടിയായ തൊഴിലാളിയുടേയും പേരും;

(ഖ) അയാളുടെ പ്രവൃത്തിയുടെ പ്രകൃതവും;

(ഗ) അയാളെ ഉഠംപ്പെടുത്തിയിരിക്കുന്ന ഗ്രൂപ്പ് വല്ലതുമുണ്ടെങ്കിൽ അതും;

(ഘ) അയാളുടെ ഗ്രൂപ്പ് ഷിഫ്ററുകളായി പ്രവൃത്തി ചെയ്യുന്നിടത്ത് അയാളെ ഏത് റിലേയിലേക്കാണ് വച്ചിട്ടുള്ളത്, അതും;

(ങ) 69–ാം വകുപ്പിൻകീഴിൽ നല്കപ്പെട്ടിട്ടുള്ള അയാളുടെ യോഗ്യതാ സർട്ടിഫിക്കററിന്റെ നമ്പരും;

കാണിക്കുന്ന കുട്ടികളായ തൊഴിലാളികളുടെ ഒരു രജിസ്ററർ വച്ചുപോരേണ്ടതും, അതു പ്രവൃത്തിമണിക്കൂറുകളിലോ ആ ഫാക്ററിയിൽ ഏതെങ്കിലും പ്രവൃത്തി നടത്തിക്കൊണ്ടുപോകുമ്പോഴോ എല്ലാ സമയത്തും, ഇൻസ്പെക്ററർക്ക് ലഭ്യമായിരിക്കേണ്ടതും ആകുന്നു.

(2) സ്റേററ് ഗവൺമെൻറിന്, കുട്ടികളായ തൊഴിലാളികളുടെ രജിസ്റററിന്റെ ഫോറവും അതു വച്ചുപോരേണ്ട വിധവും അതു സൂക്ഷിച്ചു വയ്ക്കേണ്ട കാലാവധിയും നിർണ്ണയിക്കാവുന്നതാണ്.

74. പ്രവൃത്തിമണിക്കൂറുകഠം 72–ാം വകുപ്പിൻകീഴിലെ നോട്ടീസിനും 73–ാം വകുപ്പിൻകീഴിലെ രജിസ്റററിനും അനുരൂപമായിരിക്കണമെന്ന്.—ഏതെങ്കിലും ഫാക്ററിയിൽ യാതൊരു കുട്ടിയും, ഫാക്ററിയിൽ പ്രദർശിപ്പിക്കുന്ന കുട്ടികഠംക്കുള്ള പ്രവൃത്തിക്കാലയളവ് സംബന്ധിച്ച നോട്ടീസും, ഫാക്ററിയുടെ, കുട്ടികളായ തൊഴിലാളികളുടെ രജിസ്റററിൽ ആ കുട്ടിയുടെ പേരിന് നേരെയായി മുമ്പുതന്നെ ചേർത്തിട്ടുള്ള ഉഠംക്കുറിപ്പുകളും അനുസരിച്ചല്ലാതെ നിയോജിക്കപ്പെടാൻ പാടുള്ളതല്ല.

75. മെഡിക്കൽ പരിശോധനയ്ക്ക് ആവശ്യപ്പെടാനുള്ള അധികാരം.—ഒരു ഇൻസ്പെക്ററർക്ക്,

(ക) ഒരു ഫാക്ററിയിൽ യോഗ്യതാ സർട്ടിഫിക്കററ് കൂടാതെ പ്രവൃത്തി ചെയ്യുന്ന ഏതെങ്കിലും ആഠം ചെറുപ്രായത്തിലുള്ള ആളാണെന്നോ; അല്ലെങ്കിൽ

(ഖ) ഒരു ഫാക്ററിയിൽ യോഗ്യതാ സർട്ടിഫിക്കറേറാടുകൂടി പ്രവൃത്തി ചെയ്യുന്ന ചെറുപ്രായത്തിലുള്ള ഒരാഠം അതിൽ പ്രസ്താവിച്ചിട്ടുള്ള നിലയിൽ പ്രവൃത്തി ചെയ്യാൻ മേലിൽ യോഗ്യനല്ലെന്നോ,

അഭിപ്രായമുള്ളിടത്ത്, ഇൻസ്പെക്ററർക്ക്, അതതുസംഗതിപോലെ, അങ്ങനെയുള്ള ആളേയോ ചെറുപ്രായത്തിലുള്ള ആളേയോ ഒരു സർട്ടിഫൈ ചെയ്യുന്ന സർജന്, പരിശോധിക്കേണ്ടതാണെന്ന് ആവശ്യപ്പെടുന്ന ഒരു നോട്ടീസ് ഫാക്ററിയുടെ മാനേജരുടെ മേൽ നടത്താവുന്നതും, അങ്ങനെയുള്ള ആളേയോ ചെറുപ്രായത്തിലുള്ള ആളേയോ, അപ്രകാരം പരിശോധിക്കുകയും അയാഠം 69–ാം വകുപ്പിൻകീഴിൽ, അതതു സംഗതിപോലെ, യോഗ്യതാ സർട്ടിഫിക്കറേറാ, പുതിയ യോഗ്യതാ സർട്ടിഫിക്കറേറാ നല്കുകയും

ചെയ്യുകയോ, അല്ലെങ്കിൽ അയാളെ പരിശോധിക്കുന്ന സർട്ടിഫൈ ചെയ്യുന്ന സർജൻ അയാറം ചെറുപ്രായത്തിലുള്ള ആറം ആണെന്ന് സർട്ടിഫൈ ചെയ്യുകയോ ചെയ്യുന്നതുവരെ അയാളെ ഏതെങ്കിലും ഫാക്ടറിയിൽ പ്രവൃത്തി ചെയ്യാൻ നിയോജിക്കുകയോ അനുവദിക്കുകയോ ചെയ്യാൻ പാടില്ലെന്ന് ഇൻസ്പെക്ടർ നിദേശിക്കുന്നുവെങ്കിൽ അപ്രകാരം ചെയ്യാൻ പാടില്ലാത്തതുമാകുന്നു.

76. ചട്ടങ്ങറം ഉണ്ടാക്കാനുള്ള അധികാരം.—സ്റേററ് ഗവൺമെൻറിന്,—

(ക) 69-ാം വകുപ്പിൻകീഴിൽ നല്കേണ്ട യോഗ്യതാ സർട്ടിഫിക്കററുകളുടെ ഫോറങ്ങറം നിർണ്ണയിക്കുകയും അസ്സൽ സർട്ടിഫിക്കററുകറം നഷ്ടപ്പെടുന്നതായാൽ ഡ്യൂപ്ലിക്കേററുകറം നല്കുന്നതിന് വ്യവസ്ഥ ചെയ്യുകയും, അങ്ങനെയുള്ള സർട്ടിഫിക്കററുകറംക്കും അവയുടെ പുതുക്കലുകറംക്കും, അങ്ങനെയുള്ള ഡ്യൂപ്ലിക്കേററുകറംക്കും ചാർജ്ജ് ചെയ്യാവുന്ന ഫീസ് നിജപ്പെടുത്തുകയും ചെയ്യുന്നതും;

(ഖ) ഫാക്ടറികളിൽ പ്രവൃത്തി ചെയ്യുന്ന കുട്ടികളും പ്രായപൂർത്തിയാകാറായവരും പ്രാപിച്ചിരിക്കേണ്ട ശാരീരിക മാനകങ്ങറം നിർണ്ണയിക്കുന്നതും;

(ഗ) സർട്ടിഫൈ ചെയ്യുന്ന സർജൻമാരുടെ ഈ അദ്ധ്യായത്തിൻകീഴിലെ നടപടിക്രമം ക്രമപ്പെടുത്തുന്നതും;

(ഘ) ഫാക്ടറികളിൽ ചെറുപ്രായത്തിലുള്ളവരുടെ നിയോജനം സംബന്ധിച്ച് സർട്ടിഫൈ ചെയ്യുന്ന സർജനോട് നിർവ്വഹിക്കുവാൻ ആവശ്യപ്പെടാവുന്ന മററു കർത്തവ്യങ്ങറം വിനിർദേശിക്കുകയും, അങ്ങനെയുള്ള കർത്തവ്യങ്ങറംക്ക് ചാർജ് ചെയ്യാവുന്ന ഫീസും, അതു കൊടുക്കേണ്ടത് ആരാണെന്നുള്ളതും നിജപ്പെടുത്തുകയും ചെയ്യുന്നതും,

ആയ ചട്ടങ്ങറം ഉണ്ടാക്കാവുന്നതാണ്.

77. മററു ചില നിയമ വ്യവസ്ഥകറംക്ക് തടസ്സമല്ലെന്ന്.—ഈ അദ്ധ്യായത്തിലെ വ്യവസ്ഥകറം കുട്ടികളുടെ നിയോജനം ആക്ററ്, 1938 (1938-ലെ 26)-ലെ വ്യവസ്ഥകറംക്ക് പുറമെയുള്ളവയും അവയ്ക്ക് ന്യൂനത വരുത്താത്തവയും ആയിരിക്കുന്നതാണ്.

## അദ്ധ്യായം VII

## കൂലിയോടുകൂടിയ വാർഷികാവധി

78. അദ്ധ്യായത്തിൻെറ ബാധകത.—(1) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകറം ഒരു തൊഴിലാളിക്ക്, മറേറതെങ്കിലും നിയമത്തിൻകീഴിലോ, അല്ലെങ്കിൽ ഏതെങ്കിലും അവാർഡിൻേറയോ, കരാറിൻേറയോ, സർവ്വീസ് കാൺട്രാക്ററിൻേറയോ നിബന്ധനകറംക്കു കീഴിലോ അവകാശമുണ്ടായേക്കാവുന്ന ഏതെങ്കിലും അവകാശത്തിന് ഭംഗം വരുന്നവിധം പ്രവർത്തിക്കുന്നതല്ല :

എന്നാൽ, അങ്ങനെയുള്ള അവാർഡോ കരാറോ സർവ്വീസ് കാൺട്രാക്ററോ, ഈ അദ്ധ്യായത്തിൽ വ്യവസ്ഥ ചെയ്യുന്നതിലും ദീർഘമായ കൂലിയോടുകൂടിയ വാർഷികാവധിക്കു വ്യവസ്ഥ ചെയ്യുമ്പോറം തൊഴിലാളിക്ക് അങ്ങനെയുള്ള കൂടുതൽ ദീർഘമായ വാർഷികാവധിക്കുമാത്രം അവകാശമുണ്ടായിരിക്കുന്നതാണ്.

(2) ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ, കേന്ദ്ര ഗവൺമെൻറിനാൽ ഭരിക്കപ്പെടുന്ന ഏതെങ്കിലും റയിൽവേയുടെ ഏതെങ്കിലും വർക്ക്ഷാപ്പിലുള്ളവരും കേന്ദ്ര ഗവൺമെൻറ് അംഗീകരിച്ച അവധി ചട്ടങ്ങളാൽ അനുശാസിതരുമായ തൊഴിലാളികൾക്ക് ബാധകമായിരിക്കുന്നതല്ല.

79. കൂലിയോടുകൂടിയ വാർഷികാവധി.—(1) ഒരു കലണ്ടർ വർഷത്തിൽ ഒരു ഫാക്ടറിയിൽ ഇരുന്നൂററിനാല്പത് ദിവസമോ അതിലധികമോ കാലം പ്രവൃത്തിചെയ്തിട്ടുള്ള ഏതൊരു തൊഴിലാളിക്കും പിൻകലണ്ടർ വർഷത്തിൽ—

(i) പ്രായപൂർത്തിയായ ആളാണെങ്കിൽ മുൻകലണ്ടർ വർഷത്തിൽ അയാൾ ചെയ്ത ഓരോ ഇരുപതുദിവസത്തെ പ്രവൃത്തിക്കും ഒരു ദിവസവും;

(ii) കുട്ടിയാണെങ്കിൽ, മുൻകലണ്ടർ വർഷത്തിൽ ആ കുട്ടി ചെയ്ത ഓരോ പതിനഞ്ചുദിവസത്തെ പ്രവൃത്തിക്കും ഒരു ദിവസവും,

എന്ന നിരക്കിൽ കണക്കാക്കിയ അത്രയും ദിവസത്തേക്ക് കൂലിയോടുകൂടിയ അവധി അനുവദിക്കേണ്ടതാകുന്നു.

വിശദീകരണം.—(1) ഈ ഉപവകുപ്പിൻെറ ആവശ്യത്തിലേക്ക്—

(ക) കരാറോ കാൺട്രാക്ടോ പ്രകാരമുള്ളതോ അല്ലെങ്കിൽ സ്ഥിരം ഉത്തരവുകൾക്ക് കീഴിൽ അനുവദിക്കാവുന്നതോ ആയ ഏതെങ്കിലും ലേ ആഫ്ദിവസങ്ങളും;

(ഖ) സ്ത്രീ തൊഴിലാളിയുടെ സംഗതിയിൽ പന്ത്രണ്ട് ആഴ്ചയിൽ കവിയാത്ത എത്രയെങ്കിലും ദിവസത്തേക്കുള്ള പ്രസവാവധിയും;

(ഗ) അവധി എടുക്കുന്ന വർഷത്തിൻെറ മുൻവർഷത്തിൽ ആർജ്ജിച്ചിട്ടുള്ള അവധിയും,

240 ദിവസമോ അതിലധികമോ ആയ ആ കാലം കണക്കു കൂട്ടുന്ന ആവശ്യത്തിലേക്ക് തൊഴിലാളി ഫാക്ടറിയിൽ പ്രവൃത്തി ചെയ്തിട്ടുള്ള ദിവസങ്ങളായി കരുതപ്പെടുന്നതും എന്നാൽ ഈ ദിവസങ്ങൾക്ക് അയാൾ അവധി ആർജ്ജിക്കുന്നതല്ലാത്തതും ആണ്.

വിശദീകരണം.—(2) ഈ ഉപവകുപ്പിൻ കീഴിൽ അനുവദനീയമായ അവധി, എല്ലാ ഒഴിവുദിവസങ്ങളും അവ അവധിക്കാലത്തിനിടയിൽ വരുന്നതോ അതിൻെറ ആദ്യമോ അവസാനമോ വരുന്നതോ ആയാലും, ഒഴിച്ചുനിറുത്തിയുള്ളതായിരിക്കുന്നതാണ്.

(2) തൻെറ സേവനം ജനുവരി ഒന്നാംതീയതി അല്ലാതെ ആരംഭിക്കുന്ന ഒരു തൊഴിലാളിക്ക്, താൻ ആ കലണ്ടർ വർഷത്തിൽ ബാക്കിയുള്ള ഒട്ടാകെ ദിവസങ്ങളിൽ മൂന്നിൽ രണ്ടുഭാഗം പ്രവൃത്തി ചെയ്തിട്ടുണ്ടെങ്കിൽ, അതതുസംഗതിപോലെ, (1)-ാം ഉപവകുപ്പ് (i)-ാം ഖണ്ഡത്തിലൊ ആ ഉപവകുപ്പ് (ii)-ാം ഖണ്ഡത്തിലൊ പ്രതിപാദിക്കുന്ന നിരക്കിൽ കൂലിയോടുകൂടിയ അവധിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

(3) ഒരു തൊഴിലാളി, വർഷത്തിൻെറ ഇടയ്ക്കുവച്ച് സേവനത്തിൽ നിന്ന് ഡിസ്ചാർജ് ചെയ്യപ്പെടുകയോ ഡിസ്മിസ് ചെയ്യപ്പെടുകയോ ചെയ്യുന്നുവെങ്കിൽ (1)-ാം ഉപവകുപ്പിലൊ (2)-ാം ഉപവകുപ്പിലൊ വിനിർദ്ദേശിക്കുന്നതും അവധി ആക്കുവാൻ അയാൾക്ക് അവകാശമുണ്ടാക്കുന്നതുമായ മുഴുവൻ കാലയളവും അയാൾ പ്രവൃത്തി ചെയ്തിട്ടില്ലെന്നിരുന്നാലും അയാൾക്ക് (1)-ാം ഉപവകുപ്പിൽ പ്രതിപാദിക്കുന്ന നിരക്കിൽ കൂലിയോടുകൂടിയ അവധിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

(4) ഈ വകുപ്പിൻകീഴിൽ അവധി കണക്കാക്കുന്നതിന് അവധിയുടെ പകുതി ദിവസത്തേയോ അതിലധികമോ ആയ ഭിന്നിതം ഒരു മുഴുവൻ ദിവസത്തെ അവധിയായി പരിഗണിക്കേണ്ടതും പകുതി ദിവസത്തിൽ കുറഞ്ഞ ഭിന്നിതം വിട്ടുകളയേണ്ടതും ആകുന്നു.

(5) ഒരു തൊഴിലാളി, ഏതെങ്കിലും കലണ്ടർവർഷത്തിൽ, അതതു സംഗതിപോലെ, (1)–ാം ഉപവകുപ്പിനോ (2)–ാം ഉപവകുപ്പിനോ കീഴിൽ തനിക്ക് അനുവദിക്കപ്പെടുന്ന അവധി മുഴുവനും എടുക്കുന്നില്ലെങ്കിൽ അയാൾ എടുത്തിട്ടില്ലാത്ത ഏതെങ്കിലും അവധി, പിന്നത്തെ കലണ്ടർവർഷത്തിൽ അയാൾക്ക് അനുവദിക്കേണ്ട അവധിയോടു കൂട്ടേണ്ടതാകുന്നു:

എന്നാൽ, പിന്നത്തെ വർഷത്തിലേക്ക് എടുത്തെഴുതാവുന്ന അവധി ദിവസങ്ങളുടെ ആകെ എണ്ണം, പ്രായപൂർത്തിയായ ആളുടെ സംഗതിയിൽ മുപ്പതിലും, കുട്ടിയുടെ സംഗതിയിൽ നാല്പതിലും കവിയാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, കൂലിയോടുകൂടിയ അവധിക്ക് അപേക്ഷിച്ചിരിക്കുകയും എന്നാൽ (8)–ം (9)–ം ഉപവകുപ്പുകളിൽ പ്രതിപാദിക്കുന്ന ഏതെങ്കിലും സ്കീം അനുസരിച്ച് അങ്ങനെ അവധി നല്കപ്പെടാതിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും തൊഴിലാളിക്ക്, ആ എടുത്തിട്ടില്ലാത്ത അവധി യാതൊരു പരിമിതിയും കൂടാതെ എടുത്തെഴുതുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(6) ഒരു തൊഴിലാളിക്ക്, കലണ്ടർ വർഷത്തിൽ തനിക്ക് അനുവദിക്കപ്പെടാവുന്ന അവധി മുഴുവനുമോ, അതിൻെറ ഏതെങ്കിലും ഭാഗമോ എടുക്കുന്നതിന് തൻെറ അവധി ആരംഭിക്കണമെന്ന് താൻ ആഗ്രഹിക്കുന്ന ദിവസത്തിന് പതിനഞ്ചിലും കുറയാത്ത ദിവസങ്ങൾക്കു മുമ്പ് ഏതെങ്കിലും സമയത്ത് ഫാക്ടറിയുടെ മാനേജരോട് ലിഖിതമായി അപേക്ഷിക്കാവുന്നതാണ്:

എന്നാൽ, അയാൾ വ്യാവസായികത്തർക്കങ്ങൾ ആക്ററ്, 1947 (1947–ലെ 14) 2–ാം വകുപ്പ് (ഡ) ഖണ്ഡത്തിൽ നിർവ്വചിച്ചതുപോലെയുള്ള ഒരു പൊതുജനോപയോഗിതാ സർവ്വീസിൽ നിയോജിക്കപ്പെട്ടിട്ടുള്ളതാണെങ്കിൽ, ആ അപേക്ഷ തൻെറ അവധി ആരംഭിക്കണമെന്ന് താൻ ആഗ്രഹിക്കുന്ന ദിവസത്തിന് മുപ്പതിലും കുറയാത്ത ദിവസങ്ങൾക്ക് മുമ്പ് നല്കേണ്ടതാകുന്നു:

എന്നുമാത്രമല്ല, ഏതെങ്കിലും വർഷത്തിൽ അവധി എടുക്കാവുന്ന തവണകൾ മൂന്നിൽ കവിയാൻ പാടുള്ളതല്ല.

(7) ഒരു തൊഴിലാളി രോഗാവസ്ഥയിലായ കാലത്തേക്ക് തനിക്ക് കിട്ടാനുള്ള കൂലിയോടുകൂടിയതുമായ അവധി എടുക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അയാൾക്ക് അങ്ങനെയുള്ള അവധി, അവധിക്കുള്ള അപേക്ഷ, 6–ാം ഉപവകുപ്പിൽ വിനിർദേശിക്കുന്ന സമയത്തിനുള്ളിൽ കൊടുക്കുന്നില്ലെങ്കിലും അനുവദിക്കേണ്ടതാകുന്നു; അങ്ങനെയുള്ള സംഗതിയിൽ 81-ാം വകുപ്പിൻ കീഴിൽ അനുവദനീയമായ വിധമുള്ളകൂലി, അവധിക്കുള്ള അപേക്ഷയുടെ തീയതി മുതൽ പതിനഞ്ചുദിവസമോ പൊതുജനോപയോഗിതാ സർവ്വീസിൻെറ സംഗതിയിൽ മുപ്പതുദിവസമോ കഴിയുന്നതിനുമുമ്പായി കൊടുക്കേണ്ടതാകുന്നു.

(8) പ്രവൃത്തി തുടർന്നുപോകുന്നത് ഉറപ്പുവരുത്താൻ വേണ്ടി ഫാക്ടറിയുടെ കൈവശക്കാരനോ മാനേജർക്കോ, വ്യാവസായികത്തർക്കങ്ങൾ ആക്ററ്, 1947 (1947-ലെ 14) 3-ാം വകുപ്പിൻ കീഴിൽ ഏർപ്പെടുത്തിയ ഫാക്ടറിയുടെ വർക്സ് കമ്മിററിയുമായോ അല്ലെങ്കിൽ മറേറതെങ്കിലും ആക്ററിൻകീഴിൽ ഏർപ്പെടുത്തിയ സദൃശമായ കമ്മിററിയുമായോ യോജിച്ചുകൊണ്ടോ, അല്ലെങ്കിൽ ഫാക്ടറിയിൽ അങ്ങനെയുള്ള വർക്സ്കമ്മിററിയോ സദൃശമായ കമ്മിററിയോ ഇല്ലെങ്കിൽ, ആ ഫാക്ടറിയിലെ തൊഴിലാളികളുടെ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വരണം ചെയ്യപ്പെട്ട പ്രതിനിധികളുമായി

യോജിച്ചുകൊണ്ടോ, ലിഖിതമായ ഒരു സ്കീം ചീഫ് ഇൻസ്പെക്റ്ററുടെ വശം ഏല്പിക്കാവുന്നതും ഈ വകുപ്പിൻകീഴിൽ അനുവദിക്കാവുന്ന അവധി നല്കുന്നത് ആ സ്കീം പ്രകാരം ക്രമപ്പെടുത്താവുന്നതും ആണ്.

(9) (8)-ാംഉപവകുപ്പിൻ കീഴിൽ ഏല്പിക്കുന്ന സ്കീം ഫാക്റ്ററിയിലെ ശ്രദ്ധയാകർഷിക്കത്തക്കതും സൗകര്യമുള്ളതുമായ ഏതെങ്കിലും സ്ഥലങ്ങളിൽ പ്രദർശിപ്പിക്കേണ്ടതും, അത് പ്രാബല്യത്തിൽ വരുന്ന തീയതിമുതൽ പന്ത്രണ്ടുമാസക്കാലത്തേയ്ക്ക് പ്രാബല്യത്തിലിരിക്കുന്നതും, അതിനുശേഷം മാനേജർക്ക്, അതത് സംഗതിപോലെ, വർക്സ്കമ്മിറ്റിയോടോ സദൃശമായ കമ്മിറ്റിയോടൊ യോജിച്ചുകൊണ്ടോ, അല്ലെങ്കിൽ (8)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചതുപോലെയുള്ള തൊഴിലാളികളുടെ പ്രതിനിധികളുമായി യോജിച്ചുകൊണ്ടോ, ഒരിക്കൽ പന്ത്രണ്ടുമാസമായ കൂടുതൽ കാലത്തേക്ക് രൂപഭേദത്തോടുകൂടിയോ അല്ലാതെയോ പുതുക്കാവുന്നതും, പുതുക്കുന്നതിനുമുമ്പ് ചീഫ് ഇൻസ്പെക്റ്റർക്ക് പുതുക്കൽ നോട്ടീസ് അയച്ചുകൊടുക്കേണ്ടതും ആകുന്നു.

(10) അവധിക്കുള്ള (6)-ാംഉപവകുപ്പിലെ വ്യവസ്ഥകരം ലംഘിക്കാത്ത അപേക്ഷ, അതു നിരസിക്കുന്നത് (8)-ം (9)-ം ഉപവകുപ്പുകളിൻ കീഴിൽ തൽസമയം പ്രവർത്തനത്തിലിരിക്കുന്ന സ്കീം അനുസരിച്ചായിരിക്കാത്തപക്ഷം, നിരസിക്കാൻ പാടുള്ളതല്ല.

(11) അതതു സംഗതിപോലെ, (1)-ാം ഉപവകുപ്പിലോ (2)-ാംഉപവകുപ്പിനോ കീഴിൽ അവധിക്ക് അവകാശമുള്ള ഒരു തൊഴിലാളിയുടെ നിയോജനം, അയാരം തനിക്ക് അവകാശമുള്ള മുഴുവൻ അവധിയും എടുക്കുന്നതിനുമുമ്പായി കൈവശക്കാരൻ അവസാനിപ്പിക്കുകയാണെങ്കിലോ, അല്ലെങ്കിൽ അങ്ങനെയുള്ള അവധിക്ക് അപേക്ഷിക്കുകയും അതു അനുവദിക്കാതിരിക്കുകയും ചെയ്തിരിക്കെ, തൊഴിലാളി ആ അവധി എടുക്കുന്നതിനു മുമ്പായി തന്റെ നിയോജനം വിട്ടു പോവുകയാണെങ്കിലോ, ഫാക്റ്ററിയുടെ കൈവശക്കാരൻ, അയാരംക്ക് ആ എടുത്തിട്ടില്ലാത്ത അവധി സംബന്ധിച്ച് 80-ാം വകുപ്പിൻകീഴിൽ കൊടുക്കേണ്ട തുക കൊടുക്കേണ്ടതും, അങ്ങനെ കൊടുക്കുന്നത് കൈവശക്കാരൻ തൊഴിലാളിയുടെ നിയോജനം അവസാനിപ്പിക്കുന്നിടത്ത്, അങ്ങനെ അവസാനിപ്പിക്കുന്നതിന് ശേഷമുള്ള രണ്ടാമത്തെ പ്രവൃത്തിദിവസം കഴിയുന്നതിനു മുമ്പും തൊഴിലാളി തന്റെ നിയോജനം വിട്ടുപോകുന്നിടത്ത്, അടുത്ത ശമ്പള ദിവസവും അല്ലെങ്കിൽ അതിനുമുമ്പും ആയിരിക്കേണ്ടതും ആണ്.

(12) ഡിസ്ചാർജ്ജിനോ ഡിസ്മിസ്സലിനോ മുമ്പായി നല്കേണ്ട ഏതെങ്കിലും നോട്ടീസ്സിന്റെ കാലയളവു കണക്കുകൂട്ടുന്നതിൽ ഒരു തൊഴിലാളിയുടെ, എടുത്തിട്ടില്ലാത്ത അവധി പരിഗണിക്കാൻ പാടുള്ളതല്ല.

80. <u>അവധിക്കാലത്തെ കൂലി.</u>—(1) 79-ാംവകുപ്പിൻകീഴിൽ തനിക്ക് അനുവദിക്കുന്ന അവധിക്ക് ഒരു തൊഴിലാളി ഓവർടൈമും ബോണസ്സും ഒഴിച്ചുനിറുത്തിക്കൊണ്ടും, എന്നാൽ ക്ഷാമബത്തയും തൊഴിലാളിക്ക് ഭക്ഷ്യധാന്യങ്ങളും മററു സാധനങ്ങളും സൗജന്യമായി വില്ക്കുന്നതിലൂടെ സിദ്ധിക്കുന്ന ആനുകൂല്യത്തിന് സമാനമായ പണം ഉരംപ്പെടുത്തിക്കൊണ്ടും ഉള്ള അയാളുടെ അവധിക്ക് തൊട്ടുമുമ്പുള്ള മാസത്തിൽ അയാരം പ്രവൃത്തി ചെയ്ത ദിവസങ്ങളിലെ മുഴുവൻ സമയത്തെ ഒട്ടാകെയുള്ള ആർജ്ജനങ്ങളുടെ പ്രതിദിന ശരാശരിക്ക് തുല്യമായ നിരക്കിൽ കൂലികൊടുക്കേണ്ടതാകുന്നു.

(2) ഭക്ഷ്യധാന്യങ്ങളും മററു സാധനങ്ങളും തൊഴിലാളിക്ക് സൗജന്യ നിരക്കിൽ വില്ക്കുന്നതിലൂടെ സിദ്ധിക്കുന്ന ആനുകൂല്യ ഗുണത്തിന് സമാനമായ പണം, ഒരു മാനക കുടുംബത്തിന് അനുവദിക്കാവുന്ന ഭക്ഷ്യധാന്യങ്ങളുടേയും മററു സാധനങ്ങളുടേയും പരമാവധി അളവിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്നത്ര പ്രാവശ്യം കണക്കുകൂട്ടേണ്ടതാകുന്നു.

വിശദീകരണം.—(1) "മാനകകുടുംബം" എന്നാൽ, ഒരു തൊഴിലാളിയും, അയാളുടെ അല്ലെങ്കിൽ അയാളുടെ ഭാര്യയും അല്ലെങ്കിൽ ഭർത്താവും, പതിന്നാലു വയസ്സിൽ താഴെയുള്ള രണ്ടു കുട്ടികളും അടങ്ങുന്നതും, ആകെ മൂന്ന് പ്രായ പൂർത്തി ഉപഭോഗയൂണിററുകൾ വേണ്ടതുമായ കുടുംബം എന്നർത്ഥമാകുന്നു.

വിശദീകരണം.—(2) "പ്രായപൂർത്തി ഉപഭോഗയൂണിററ്" എന്നാൽ, പതിന്നാലുവയസ്സിന് മീതെയുള്ള ഒരു പുരുഷന്റെ ഉപഭോഗയൂണിററ് എന്നർത്ഥമാകുന്നതും, പതിന്നാലുവയസ്സിന് മീതെയുള്ള സ്ത്രീയുടേയും പതിന്നാലുവയസ്സിന് താഴെയുള്ള കുട്ടിയുടേയും ഉപഭോഗയൂണിററ് ഒരു പ്രായപൂർത്തി ഉപഭോഗയൂണിററിന്റെ യഥാക്രമം 8-ം 6-ം തോതിൽ കണക്കാക്കേണ്ടതുമാണ്.

(3) സ്റേററ് ഗവൺമെൻറിന്—

(ക) ഭക്ഷ്യധാന്യങ്ങളും മററു സാധനങ്ങളും തൊഴിലാളിക്ക് സൗജന്യനിരക്കിൽ വില്ക്കുന്നതിലൂടെ സിദ്ധിക്കുന്ന ആനുകൂല്യത്തിന് സമാനമായ പണം കണക്കുകൂട്ടേണ്ട രീതിയും ;

(ഖ) ഈ വകുപ്പിലെ വ്യവസ്ഥകൾ അനുസരിക്കുന്നത് ഉറപ്പുവരുത്തേണ്ടതിലേക്ക് ഫാക്ടറിയിൽ വച്ചുപോരേണ്ട രജിസ്ററുകളും,

നിർണ്ണയിക്കുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

81. ചില സംഗതികളിൽ മുൻകൂറായി പണം കൊടുക്കുന്നത്.—പ്രായപൂർത്തിയായ ആളുടെ സംഗതിയിൽ നാലു ദിവസത്തിൽ കുറയാതേയും, കുട്ടിയുടെ സംഗതിയിൽ അഞ്ചുദിവസത്തിൽ കുറയാതേയും അവധി അനുവദിച്ചിട്ടുള്ള തൊഴിലാളിക്ക്, അയാളുടെ അവധി ആരംഭിക്കുന്നതിനുമുമ്പ്, അനുവദിച്ചിട്ടുള്ള അവധിക്കാലത്തേക്ക് കിട്ടാനുള്ള കൂലി കൊടുക്കേണ്ടതാകുന്നു.

82. കിട്ടിയിട്ടില്ലാത്ത കൂലി വസൂലാക്കുന്ന രീതി.—ഈ അദ്ധ്യായത്തിൻ കീഴിൽ നിയോജകൻ കൊടുക്കേണ്ടതും, എന്നാൽ അയാൾ കൊടുത്തിട്ടില്ലാത്തതുമായ ഏതെങ്കിലും തുക, കൂലി കൊടുക്കൽ ആക്ററ്, 1936 (1936-ലെ 4)-ലെ വ്യവസ്ഥകൾക്ക് കീഴിൽ കാലതാമസം വരുത്തിയ കൂലിയായി വസൂലാക്കാവുന്നതായിരിക്കുന്നതാണ്.

83. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—സ്റേററ് ഗവൺമെൻറിന്, നിർണ്ണയിക്കപ്പെടുന്ന വിവരങ്ങൾ അടങ്ങുന്ന രജിസ്ററുകൾ വച്ചുപോരാൻ ഫാക്ടറികളിലെ മാനേജർമാരോട് നിദേശിക്കുന്നതും, ആ രജിസ്ററുകൾ ഇൻസ്പെക്ടർമാരുടെ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെടുന്നതും ആയ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

84. ഫാക്ടറികളെ ഒഴിവാക്കാനുള്ള അധികാരം.—സ്റേററ് ഗവൺമെൻറിന് അതിന്റെ അഭിപ്രായത്തിൽ ഒരു ഫാക്ടറിയിലെ തൊഴിലാളികൾക്ക് ബാധകമായ അവധി ചട്ടങ്ങൾ, ഈ അദ്ധ്യായത്തിൽ വ്യവസ്ഥ ചെയ്യുന്നവയെക്കാൾ ആനുകൂല്യം കുറഞ്ഞവയല്ലെന്ന് ബോദ്ധ്യപ്പെടുന്നിടത്ത്, അവ അതിന് ലിഖിതമായ ഉത്തരവുവഴി, അതിൽ വിനിർദ്ദേശിക്കുന്ന ഉപാധികൾക്ക് വിധേയമായി, ഈ അദ്ധ്യായത്തിലെ എല്ലാ വ്യവസ്ഥകളിൽനിന്നുമോ അവയിൽ ഏതിൽനിന്നെങ്കിലുമോ ആ ഫാക്ടറിയെ ഒഴിവാക്കാവുന്നതാണ്.

## അദ്ധ്യായം IX

### പ്രത്യേക വ്യവസ്ഥകൾ

85. ചില കെട്ടിടപരിസരങ്ങൾക്ക് ആക്റ്റ് ബാധകമാക്കാനുള്ള അധികാരം.—(1) സ്റ്റേററ് ഗവൺമെൻറിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററിലെ എല്ലാ വ്യവസ്ഥകളുമോ അവയിൽ ഏതെങ്കിലുമോ ഒരു നിർമ്മാണപ്രക്രിയ, യന്ത്രശക്തിയുടെ സഹായത്തോടുകൂടിയോ അല്ലാതേയോ നടത്തിക്കൊണ്ടുപോകുന്നതോ, അല്ലെങ്കിൽ സാധാരണമായി അപ്രകാരം നടത്തിക്കൊണ്ടുപോകാറുള്ളതോ ആയ ഏതെങ്കിലും സ്ഥലത്തിന്—

(i) ആ നിർമ്മാണപ്രക്രിയയിൽ നിയോജിക്കപ്പെടുന്ന ആളുകളുടെ എണ്ണം യന്ത്രശക്തിയുടെ സഹായത്തോടുകൂടി പ്രവർത്തിക്കുന്നതാണെങ്കിൽ, പത്തിലും, യന്ത്രശക്തിയുടെ സഹായത്തോടുകൂടിയല്ലാതെ പ്രവർത്തിക്കുന്നതാണെങ്കിൽ ഇരുപതിലും കുറവായിരിക്കുകയോ; അല്ലെങ്കിൽ

(ii) അതിൽ പ്രവർത്തിക്കുന്ന ആളുകൾ, അതിൻെറ ഉടമസ്ഥനാൽ നിയോജിക്കപ്പെടുന്നവരല്ലാത്തവരും, എന്നാൽ അങ്ങനെയുള്ള ഉടമസ്ഥൻെറ അനുവാദത്തോടുകൂടിയോ, അയാളുമായുള്ള കരാറിൻകീഴിലോ പ്രവർത്തിക്കുന്നവരും ആയിരിക്കുകയോ,

ചെയ്യുന്നുവെന്നിരുന്നാലും ബാധകമായിരിക്കുന്നതാണെന്ന് പ്രഖ്യാപിക്കാവുന്നതാണ്:

എന്നാൽ, അതിന്, ആ നിർമ്മാണപ്രക്രിയ ഉടമസ്ഥൻ തൻെറ കുടുംബത്തിൻെറ സഹായത്തോടുകൂടി മാത്രം നടത്തിക്കൊണ്ടുപോകുന്നതായിരിക്കരുത്.

(2) ഒരു സ്ഥലം അപ്രകാരം പ്രഖ്യാപിക്കപ്പെട്ടതിനുശേഷം, അത് ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക് ഫാക്ററിയായി കരുതപ്പെടുന്നതും, ഉടമസ്ഥൻ കൈവശക്കാരനായും അതിൽ പ്രവൃത്തി ചെയ്യുന്ന ഏതെങ്കിലും ആൾ, തൊഴിലാളിയായും കരുതപ്പെടുന്നതും ആകുന്നു.

വിശദീകരണം.—ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക് ''ഉടമസ്ഥനി''ൽ, കെട്ടിടപരിസരങ്ങളുടെ പാട്ടത്തിന് (വാടകയ്ക്ക്) വാങ്ങുന്നയാളോ, അതിൻെറ കൈവശപണയക്കാരനോ ഉൾപ്പെടുന്നതാകുന്നു.

86. പൊതുസ്ഥാപനങ്ങളെ ഒഴിവാക്കാനുള്ള അധികാരം.—സ്റ്റേററ് ഗവൺമെൻറിന് ഒരു നിർമ്മാണപ്രക്രിയ നടത്തിക്കൊണ്ടുപോകുന്നതും വിദ്യാഭ്യാസത്തിൻേറയോ പരിശീലനത്തിൻേറയോ പരിഷ്ക്കരണത്തിൻേറയോ ആവശ്യങ്ങൾക്കായി നിലനിറുത്തിപ്പോരുന്ന ഒരു പബ്ലിക് സ്ഥാപനത്തോട് ചേർന്നതുമായ ഏതെങ്കിലും വർക്ക്ഷാപ്പിനേയോ പ്രവൃത്തി സ്ഥലത്തേയോ ഈ ആക്ററിലെ എല്ലാ വ്യവസ്ഥകളിലും നിന്നുമോ, അവയിൽ ഏതിൽനിന്നെങ്കിലുമോ, ആവശ്യകമാണെന്ന് കരുതുന്ന ഉപാധികൾക്ക് വിധേയമായി, ഒഴിവാക്കാവുന്നതാണ്:

എന്നാൽ, പ്രവൃത്തിമണിക്കൂറുകളും ഒഴിവു ദിവസങ്ങളും സംബന്ധിച്ച വ്യവസ്ഥകളിൽനിന്ന് യാതൊരു ഒഴിവാക്കലും, സ്ഥാപനത്തിൻെറ നിയന്ത്രണമുള്ള ആളുകൾ, അതിൽ നിയോജിക്കപ്പെടുന്നവരോ ഹാജരാകുന്നവരോ, അതിലെ അന്തേവാസികളോ ആയ ആളുകളുടെ നിയോജനത്തിൻെറ മണിക്കൂറുകളും, ആഹാരത്തിനുള്ള ഇടവേളകളും, ഒഴിവു ദിവസങ്ങളും ക്രമപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി സ്റ്റേററ് ഗവൺമെൻറിൻെറ അംഗീകാരത്തിന്, സമർ

പ്പിക്കുകയും, ആ പദ്ധതിയിലെ വ്യവസ്ഥകൾ ഈ ആക്ററിന്റെ തൽസ്ഥാനീയവ്യവസ്ഥകളേക്കാൾ ആനുകൂല്യം കുറഞ്ഞവയല്ലെന്ന് സ്റേററ് ഗവൺമെൻറിന് ബോദ്ധ്യപ്പെടുകയും ചെയ്യാത്തപക്ഷം, അനുവദിക്കാൻ പാടുള്ളതല്ല.

87. അപായകരമായ പ്രവർത്തനങ്ങൾ.—ഒരു ഫാക്ററിയിൽ നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും പ്രവർത്തനം, അതിൽ നിയോജിക്കപ്പെടുന്ന ആളുകളെ ശാരീരികക്ഷതിയോ വിഷബാധയോ രോഗമോ ഉണ്ടാകാനുള്ള ഗൗരവമുള്ള സാദ്ധ്യതയ്ക്ക് വിധേയരാക്കുന്നുണ്ടെന്ന് അഭിപ്രായമുള്ളിടത്ത്, സ്റേററ് ഗവൺമെൻറിന്, ആ പ്രവർത്തനം നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും ഫാക്ററിക്കോ, തരം അല്ലെങ്കിൽ ഇനം ഫാക്ററികൾക്കോ ബാധകമാകുന്നതും,—

(ക) ആ പ്രവർത്തനം വിനിർദ്ദേശിക്കുകയും അത് അപായകരമായതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നതോ;

(ഖ) സ്ത്രീകളേയോ പ്രായപൂർത്തിയാകാറായവരേയോ കുട്ടികളേയോ ആ പ്രവർത്തനത്തിൽ നിയോജിക്കുന്നത് നിരോധിക്കുകയോ പരിമിതിപ്പെടുത്തുകയോ ചെയ്യുന്നതോ;

(ഗ) ആ പ്രവർത്തനത്തിൽ നിയോജിക്കപ്പെടുന്നവരോ നിയോജനം തേടുന്നവരോ ആയ ആളുകളുടെ ആനുകാലികമായ മെഡിക്കൽ പരിശോധനയ്ക്ക് വ്യവസ്ഥ ചെയ്യുകയും, അങ്ങനെയുള്ള നിയോജനത്തിനു യോഗ്യതയുള്ളവരായി സർട്ടിഫൈ ചെയ്യപ്പെടുന്നവരല്ലാത്ത ആളുകളുടെ നിയോജനം നിരോധിക്കുകയും ചെയ്യുന്നതോ;

(ഘ) ആ പ്രവർത്തനത്തിലോ, അതു നടത്തിക്കൊണ്ടുപോകുന്ന സ്ഥലങ്ങളുടെ സമീപത്തോ, നിയോജിക്കപ്പെടുന്ന എല്ലാ ആളുകളുടേയും രക്ഷയ്ക്ക് വ്യവസ്ഥചെയ്യുന്നതോ;

(ങ) ആ പ്രവർത്തനം സംബന്ധിച്ച് ഏതെങ്കിലും വിനിർദ്ദിഷ്ടമായ പദാർത്ഥങ്ങളുടേയോ പ്രക്രിയകളുടേയോ ഉപയോഗം നിരോധിക്കുകയോ പരിമിതിപ്പെടുത്തുകയോ നിയന്ത്രിക്കുകയോ ചെയ്യുന്നതോ,

ആയതും ആയ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

88. ചില അപകടങ്ങൾ സംബന്ധിച്ച നോട്ടീസ്.— ഏതെങ്കിലും ഫാക്ററിയിൽ, മരണം സംഭവിപ്പിക്കുകയോ, അല്ലെങ്കിൽ ക്ഷതിയേല്ക്കുന്ന ആളെ അപകടത്തിന് തൊട്ട് പിമ്പ് മുതൽ നാല്പത്തെട്ടു മണിക്കൂറോ അതിലധികമോ മണിക്കൂറുകൾ പ്രവൃത്തിചെയ്യുന്നതിൽനിന്ന് തടയാൻ കാരണമായ ഏതെങ്കിലും ശാരീരിക ക്ഷതി ഏല്പിക്കുകയോ ചെയ്യുന്നതോ, അല്ലെങ്കിൽ ഇതിലേക്കായി നിർണ്ണയിക്കുന്ന പ്രകൃതത്തിലുള്ളതോ ആയ ഒരു അപകടം ഉണ്ടാക്കുന്നിടത്ത്, ആ ഫാക്ററിയുടെ മാനേജർ, അതിനെക്കുറിച്ചുള്ള നോട്ടീസ് നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനങ്ങൾക്കും ഫാറത്തിലും സമയത്തിനുള്ളിലും അയച്ചുകൊടുക്കേണ്ടതാകുന്നു.

89. ചില രോഗങ്ങളെക്കുറിച്ചുള്ള നോട്ടീസ്.—(1) ഫാക്ററിയിലെ ഏതെങ്കിലും തൊഴിലാളിക്ക് പട്ടികയിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും രോഗം ബാധിക്കുന്നിടത്ത്, ആ ഫാക്ററിയുടെ മാനേജർ അതിനെക്കുറിച്ച് നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനങ്ങൾക്കും ഫാറത്തിലും സമയത്തിനുള്ളിലും നോട്ടീസ് അയക്കേണ്ടതാകുന്നു.

(2) ഏതെങ്കിലും ചികിൽസകൻ, ഫാക്ററിയിൽ നിയോജിക്കപ്പെട്ടിരിക്കുകയോ നിയോജിക്കപ്പെട്ടിരുന്നിരിക്കുകയോ ചെയ്യുന്നവനും, പട്ടികയിൽ

വിനിർദ്ദേശിക്കുന്ന ഏതെങ്കിലും രോഗം ഉള്ളവനോ, ഉള്ളവനാണെന്ന് ചികിൽസകൻ വിശ്വസിക്കുന്നവനോ ആയിരിക്കുകയും ചെയ്യുന്ന ഒരാളെ ശുശ്രൂഷിക്കുന്നുവെങ്കിൽ, ആ ചികിൽസകൻ ചീഫ് ഇൻസ്പെക്ററുടെ ആഫീസിലേക്ക്,—

(ക) രോഗിയുടെ പേരും പൂർണ്ണമായ പോസ്ററൽ മേൽവിലാസവും,

(ഖ) രോഗിയ്ക്ക് എന്തുരോഗമുള്ളതായാണ് താൻ വിശ്വസിക്കുന്നത് എന്നുള്ളതും,

(ഗ) രോഗി നിയോജിക്കപ്പെട്ടിട്ടുള്ളതോ ഒടുവിൽ നിയോജിക്കപ്പെട്ടിരുന്നതോ ആയ ഫാക്ററിയുടെ പേരും മേൽവിലാസവും,

പ്രസ്താവിക്കുന്ന ലിഖിതമായ ഒരു റിപ്പോർട്ട് കാലതാമസം കൂടാതെ അയച്ചു കൊടുക്കേണ്ടതാകുന്നു.

(3) (2)-ാം ഉപവകുപ്പിൻകീഴിലുള്ള റിപ്പോർട്ട്, ആ ആരക്ക് പട്ടികയിൽ വിനിർദ്ദേശിക്കുന്ന രോഗം ഉണ്ടെന്നുള്ള സർട്ടിഫൈചെയ്യുന്ന സർജന്റെ സർട്ടിഫിക്കററിനാലോ, മററുവിധത്തിലോ ചീഫ് ഇൻസ്പെക്ററർക്ക് ബോദ്ധ്യമാകുംവണ്ണം, സ്ഥിരീകരിക്കപ്പെടുന്നിടത്ത്, ചീഫ് ഇൻസ്പെക്ററർ ആ ചികിൽസകന് നിർണ്ണയിക്കപ്പെടുന്ന ഫീസ് കൊടുക്കേണ്ടതും, അപ്രകാരം കൊടുക്കുന്ന ഫീസ്, ഏതു ഫാക്ററിയിൽവച്ചാണോ ആ ആരക്ക് ആ രോഗം ബാധിച്ചത്, ആ ഫാക്ററിയുടെ കൈവശക്കാരനിൽനിന്ന് ഭൂമിക്കര കുടിശ്ശികയെന്നപോലെ വസൂലാക്കേണ്ടതുമാകുന്നു.

(4) ഏതെങ്കിലും ചികിൽസകൻ (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകരം അനുസരിക്കാതിരിക്കുന്നുവെങ്കിൽ, അയാരം അമ്പതുരൂപയോളമാകാവുന്ന പിഴശിക്ഷനല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

90. <u>അപകടത്തിന്റേയോ രോഗത്തിന്റേയോ കേസ്സുകളിൽ അന്വേഷണ വിചാരണയ്ക്കു നിദേശിക്കാനുള്ള അധികാരം.</u>— (1) ഒരു ഫാക്ററിയിൽ ഉണ്ടാകുന്ന ഏതെങ്കിലും അപകടത്തിന്റെ കാരണങ്ങളെക്കുറിച്ചോ, അല്ലെങ്കിൽ പട്ടികയിൽ വിനിർദ്ദേശിക്കുന്ന ഒരു രോഗം ഒരു ഫാക്ററിയിൽ വച്ചു ബാധിച്ചിട്ടുള്ളതോ ബാധിച്ചിട്ടുള്ളതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കേസ്സിനെക്കുറിച്ചോ അന്വേഷണവിചാരണ നടത്താനായി ക്ഷമതയുള്ള ഒരാളെ നിയമിക്കുന്നത്, അപ്രകാരം ചെയ്യുന്നതു സമീചീനമാണെന്ന് കരുതുന്നുവെങ്കിൽ, സ്റേറ് ഗവൺമെന്റിന് അപ്രകാരം ചെയ്യാവുന്നതും, കൂടാതെ അങ്ങനെയുള്ള അന്വേഷണവിചാരണയിൽ അസ്സസ്സർമാരായി പ്രവർത്തിക്കാൻ നിയമപരിജ്ഞാനമോ പ്രത്യേക പരിജ്ഞാനമോ ഉള്ള ഒന്നോ അതിലധികമോ ആളുകളെ നിയമിക്കാവുന്നതും ആണ്.

(2) ഈ വകുപ്പിൻകീഴിൽ അന്വേഷണവിചാരണ നടത്താൻ നിയമിക്കപ്പെടുന്ന ആരക്ക്, സാക്ഷികളെ ഹാജരാക്കിക്കുകയും രേഖകളും ലക്ഷ്യവസ്തുക്കളും ഹാജരാക്കാൻ നിർബന്ധിക്കുകയും ചെയ്യുന്ന ആവശ്യങ്ങരക്കുവേണ്ടി സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൻ കീഴിൽ ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും, അന്വേഷണവിചാരണയുടെ ആവശ്യങ്ങരക്ക് ആവശ്യകമായി വരുന്നിടത്തോളം ഈ ആക്ററിൻകീഴിൽ ഇൻസ്പെക്ററർക്കുള്ള അധികാരങ്ങളിൽ ഏതെങ്കിലും പ്രയോഗിക്കാവുന്നതും, ഏതെങ്കിലും വിവരം നല്കുവാൻ അന്വേഷണവിചാരണചെയ്യുന്ന ആരം ആവശ്യപ്പെടുന്ന ഏതൊരാളും ഇൻഡ്യൻ ശിക്ഷാനിയമസംഹിത, (1860-ലെ 45) 176-ാം വകുപ്പിന്റെ അർത്ഥത്തിൽ അപ്രകാരം ചെയ്യാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനാണെന്ന് കരുതപ്പെടുന്നതും ആകുന്നു.

(3) ഈ വകുപ്പിൻകീഴിൽ അന്വേഷണവിചാരണ നടത്തുന്ന ആൾ, അതതുസംഗതിപോലെ, അപകടത്തിൻേറയോ രോഗത്തിൻേറയോ കാരണങ്ങളും തൽസംബന്ധമായ ഏതെങ്കിലും പരിതഃസ്ഥിതികളും പ്രസ്താവിച്ചു കൊണ്ടും, ആ ആൾക്കോ അസസ്സർമാരിൽ ആർക്കെങ്കിലുമോ, ചെയ്യുന്നതു യുക്തമെന്ന് തോന്നുന്ന ഏതെങ്കിലും അഭിപ്രായപ്രകടനങ്ങൾ ചേർത്തു കൊണ്ടും സ്റേററ്ഗവൺമെൻറിന് റിപ്പോർട്ട് കൊടുക്കേണ്ടതാകുന്നു.

(4) സ്റേററ്ഗവൺമെൻറിന്, യുക്തമെന്ന് തോന്നുന്നുവെങ്കിൽ, ഈ വകുപ്പിൻകീഴിൽ കൊടുക്കുന്ന ഏതെങ്കിലും റിപ്പോർട്ടോ അതിൽനിന്നുള്ള ഏതെങ്കിലും എക്സ്ട്രാക്ററോ പ്രസിദ്ധപ്പെടുത്തിക്കാവുന്നതാണ്.

(5) സ്റേററ്ഗവൺമെൻറിന്, ഈ വകുപ്പിൻ കീഴിലുള്ള അന്വേഷണ വിചാരണകളിലെ നടപടി ക്രമങ്ങൾ ക്രമപ്പെടുത്തുന്നതിനു ചട്ടങ്ങൾ ഉണ്ടാക്കാ വുന്നതാണ്.

91. <u>സാമ്പിളുകൾ എടുക്കാനുള്ള അധികാരം</u>.— (1) ഇൻസ്പെക്ററർക്ക് ഫാക്ററിയുടെ സാധാരണ പ്രവൃത്തി മണിക്കൂറുകളിൽ ഏതു സമയത്തും ഫാക്ററിയുടെ കൈവശക്കാരനേയോ മാനേജരേയോ അല്ലെങ്കിൽ തൽസമയം ഫാക്ററിയുടെ ചാർജ്ജുള്ളതായി കരുതപ്പെടുന്ന മററ് ആളേയോ അറിയിച്ച തിനുശേഷം, ആ ഫാക്ററിയിൽ ഉപയോഗിക്കുന്നതോ ഉപയോഗിക്കാൻ ഉദ്ദേ ശിക്കുന്നതോ ആയ ഏതെങ്കിലും പദാർത്ഥങ്ങളുടെ മതിയായത്ര സാമ്പിൾ, അങ്ങനെയുള്ള ഉപയോഗം—

(ക) ഇൻസ്പെക്ററരുടെ വിശ്വാസത്തിന്, ഈ ആക്ററിലേയോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയോ വ്യവസ്ഥകളിൽ ഏതെങ്കിലും ലംഘിച്ചുകൊണ്ടുള്ളതോ, അല്ലെങ്കിൽ

(ഖ) ഇൻസ്പെക്ററരുടെ അഭിപ്രായത്തിൽ ഫാക്ററിയിലെ തൊഴി ലാളികൾക്ക് ശാരീരികക്ഷതിയോ അവരുടെ ആരോഗ്യത്തിന് ക്ഷതിയോ ഉളവാക്കുവാൻ ഇടയുള്ളതോ,

ആണെന്നിരിക്കിൽ, ഇതിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്നരീതിയിൽ എടുക്കാവുന്നതാണ്.

(2) ഇൻസ്പെക്ററർ (1)-ാം ഉപവകുപ്പിൻകീഴിൽ സാമ്പിൾ എടുക്കു ന്നിടത്ത്, അയാൾ, ആ ഉപവകുപ്പിൻകീഴിൽ അറിയിക്കപ്പെട്ട ആൾ മനഃപൂർവ്വം സ്വയം ഹാജരാകാതിരിക്കാത്തപക്ഷം, അയാളുടെ സാന്നിദ്ധ്യത്തിൽവച്ച്, ആ സാമ്പിൾ മൂന്നുഭാഗങ്ങളായി വിഭജിക്കുകയും, അവ ഫലപ്രദമായി മുദ്ര വയ്ക്കുകയും, അനുയോജ്യമായി അടയാളപ്പെടുത്തുകയും ചെയ്യേണ്ടതും, അവ യിൻമേൽ അങ്ങനെയുള്ള ആളുടെ സ്വന്തം മുദ്രയും അടയാളവും ചേർക്കാൻ അയാളെ അനുവദിക്കേണ്ടതും ആകുന്നു.

(3) ഈ വകുപ്പിൻകീഴിൽ എടുക്കുന്ന സാമ്പിൾ വിഭജിക്കാനും മുദ്രവയ്ക്കാനും അടയാളപ്പെടുത്താനുമുള്ള ഉപകരണങ്ങൾ നല്കാൻ, ഇൻസ്പെക്ററർ ആവശ്യപ്പെടുന്നുവെങ്കിൽ മുൻപറഞ്ഞതുപോലെ അറിയിക്ക പ്പെട്ടിട്ടുള്ള ആൾ അപ്രകാരം ചെയ്യേണ്ടതാകുന്നു.

(4) ഇൻസ്പെക്ററർ—

(ക) സാമ്പിളിൻെറ ഒരു ഭാഗം (1)-ാം ഉപവകുപ്പിൻകീഴിൽ അറിയിക്ക പ്പെട്ടിട്ടുള്ള ആൾക്ക് ഉടനടി നല്കുകയും;

(ഖ) രണ്ടാമത്തെഭാഗം വിശ്ലേഷണത്തിനും അതിൻമേലുള്ള റിപ്പോർട്ടി നുമായി ഗവൺമെൻറ് അനാലിസ്ററിന് ഉടനടി അയച്ചുകൊടു ക്കുകയും;

(ഗ) മൂന്നാമത്തെഭാഗം, ആ പദാർത്ഥം സംബന്ധിച്ച്, നടപടികൾ എന്തെങ്കിലുമുണ്ടെങ്കിൽ, അത് ഏതു കോടതിമുമ്പാകെയാണോ ആരംഭിക്കപ്പെടുന്നത്, ആ കോടതിയിൽ ഹാജരാക്കുന്നതിനായി വച്ചുപോരുകയും,

ചെയ്യേണ്ടതാകുന്നു.

(5) ഈ വകുപ്പിൻകീഴിൽ വിശ്ലേഷണത്തിനും റിപ്പോർട്ടിനുമായി തനിക്കു അയച്ചിട്ടുള്ള ഏതെങ്കിലും പദാർത്ഥത്തിൻമേലുള്ള ഏതെങ്കിലും ഗവൺമെൻറ് അനാലിസ്ററിൻെറ കൈയൊപ്പോടുകൂടിയ റിപ്പോർട്ടാണെന്നു കരുതപ്പെടാവുന്ന ഏതെങ്കിലും രേഖ, ആ പദാർത്ഥം സംബന്ധിച്ച് നടപടി ആരംഭിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും നടപടികളിൽ തെളിവായി ഉപയോഗിക്കാവുന്നതാണ്.

## അദ്ധ്യായം X

## ദണ്ഡനങ്ങളും നടപടിക്രമവും

92. <u>കുററങ്ങൾക്കുള്ള സാമാന്യദണ്ഡനം.</u>— ഈ ആക്ററിൽ മററുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെയും, 93-ാം വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായും, ഏതെങ്കിലും ഫാക്ടറിയിലോ ഫാക്ടറി സംബന്ധിച്ചോ ഈ ആക്ററിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിലേയോ, അതിൻകീഴിൽ നല്കിയിട്ടുള്ള ഏതെങ്കിലും ലിഖിതമായ ഉത്തരവിലേയോ വ്യവസ്ഥകളിൽ ഏതിൻെറയെങ്കിലും ഏതെങ്കിലും ഉല്ലംഘനം ഉണ്ടെങ്കിൽ, ഫാക്ടറിയുടെ കൈവശക്കാരൻ, മാനേജർ എന്നിവരിൽ ഓരോരുത്തനും, കുററത്തിന് അപരാധിയാകുന്നതും, മൂന്നുമാസത്തോളമാകാവുന്ന തടവുശിക്ഷയോ അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും, ആ ഉല്ലംഘനം കുററസ്ഥാപനത്തിനുശേഷം തുടരുന്നുവെങ്കിൽ, ഉല്ലംഘനം അപ്രകാരം തുടരുന്ന ഓരോ ദിവസത്തേക്കും, എഴുപത്തഞ്ചുരൂപയോളമാകാവുന്ന കൂടുതൽ പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും ആകുന്നു.

93. <u>ചില പരിത:സ്ഥിതികളിൽ കെട്ടിട പരിസരങ്ങളുടെ ഉടമസ്ഥൻെറ ഉത്തരവാദിത്വം.</u>—(1) ഏതെങ്കിലും കെട്ടിടപരിസരങ്ങളിൽ വെവ്വേറെയുള്ള കെട്ടിടങ്ങൾ വെവ്വേറെയുള്ള ഫാക്ടറികളുടെ ഉപയോഗത്തിനായി വ്യത്യസ്ത കൈവശക്കാർക്ക് വാടകയ്ക്ക് കൊടുക്കുന്നിടത്ത്, കെട്ടിട പരിസരങ്ങളുടെ ഉടമസ്ഥൻ, സമീപറോഡുകൾ, അഴുക്കുചാൽ, ജലവിതരണം, വെളിച്ചം, ശുചീകരണം മുതലായ പൊതുവായുള്ള സൗകര്യങ്ങളും സേവനങ്ങളും ഏർപ്പെടുത്തുകയും സംരക്ഷിച്ചുപോരുകയും ചെയ്യാൻ ഉത്തരവാദി ആകുന്നു.

(2) സ്റേററ് ഗവൺമെൻറിൻെറ നിയന്ത്രണത്തിന് വിധേയമായി, ചീഫ് ഇൻസ്പെക്ടർക്ക് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതു സംബന്ധിച്ച് കെട്ടിടപരിസരങ്ങളുടെ ഉടമസ്ഥന് ഉത്തരവുകൾ നല്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(3) ഏതെങ്കിലും കെട്ടിട പരിസരത്തിൽ നിരപേക്ഷിതമോ സ്വയം സംപൂർണ്ണമോ ആയ നിലകളോ ഫ്ളാററുകളോ, വെവ്വേറെയുള്ള ഫാക്ടറികളുടെ ഉപയോഗത്തിനായി വ്യത്യസ്ത കൈവശക്കാർ വാടകയ്ക്ക് കൊടുക്കുന്നിടത്ത്, കെട്ടിട പരിസരങ്ങളുടെ ഉടമസ്ഥൻ—

(i) കക്കൂസ്സുകൾക്കും മൂത്രപ്പുരകൾക്കും, കഴുകാനുള്ള സൗകര്യങ്ങൾക്കും ഉള്ള പൊതുവായ ജലവിതരണം നിലനിറുത്തുന്നതു സംബന്ധിച്ചിടത്തോളം, ആവശ്യങ്ങളും;

(ii) ഉടമസ്ഥന്റെ വകയായിട്ടുള്ളതും, ഒരു കൈവശക്കാരന്റെ സൂക്ഷിപ്പിലേയ്ക്കോ ഉപയോഗത്തിനോ വിനിർദ്ദിഷ്ടമായി ഭരമേല്പിക്കപ്പെട്ടിട്ടില്ലാത്തതുമായ മെഷിനറിയും പ്ലാൻറും കെട്ടിയടയ്ക്കുന്നതും;

(iii) നിലകളിലേക്കും ഫ്ളാററുകളിലേക്കും ഉള്ള നിരപായമായ പ്രവേശനമാർഗ്ഗങ്ങളും, കോവണികളുടേയും ഇടനാഴികളുടേയും സംരക്ഷണവും ശുചിത്വവും ;

(iv) അഗ്നിബാധയുണ്ടായാലുള്ള മുൻ കരുതലുകളും ;

(v) ഹോയ്സ്ററുകളുടേയും ലിഫ്ററുകളുടേയും സംരക്ഷണവും;

(vi) ആ കെട്ടിടപരിസരങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള മറേറതെങ്കിലും പൊതുവായ സൗകര്യങ്ങളുടെ സംരക്ഷണവും,

സംബന്ധിച്ചുള്ള ഈ ആക്ററിലെ വ്യവസ്ഥകളുടെ ഏതെങ്കിലും ഉല്ലംഘനത്തിന് ഫാക്ടറിയുടെ കൈവശക്കാരനോ മാനേജരോ ആയിരുന്നാലെന്നപോലെ ഉത്തരവാദിയായിരിക്കുന്നതാണ്.

(4) സ്റേററ് ഗവൺമെൻറിന്റെ നിയന്ത്രണത്തിനു വിധേയമായി ചീഫ് ഇൻസ്പെക്ററർക്ക് (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതു സംബന്ധിച്ച് കെട്ടിട പരിസരങ്ങളുടെ ഉടമസ്ഥന് ഉത്തരവുകൾ നല്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(5) ഉടമസ്ഥന്റെ ഉത്തരവാദിത്വം സംബന്ധിച്ചുള്ള (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ, ഏതെങ്കിലും കെട്ടിടപരിസരങ്ങളിൽ പൊതുവായുള്ള കക്കൂസ്സുകളോടും മൂത്രപ്പുരകളോടും കഴുകാനുള്ള സൗകര്യങ്ങളോടും കൂടിയ നിരപേക്ഷിതമായ മുറികൾ വെവ്വേറെയുള്ള ഫാക്ടററികളായി ഉപയോഗിക്കാനായി വ്യത്യസ്ത കൈവശക്കാർക്ക് വാടകയ്ക്കുകൊടുക്കുന്നിടത്ത് ബാധകമാകുന്നതാണ്:

എന്നാൽ, ഉടമസ്ഥൻ കക്കൂസ്സുകളും മൂത്രപ്പുരകളും കഴുകാനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തുന്നതും സംരക്ഷിക്കുന്നതും സംബന്ധിച്ച് വേണ്ടതായി പറയുന്നവ അനുസരിക്കുന്നതിനുകൂടി ഉത്തരവാദിയായിരിക്കുന്നതാണ്.

(6) സ്റേററ് ഗവൺമെൻറിന്റെ നിയന്ത്രണത്തിനു വിധേയമായി, ചീഫ് ഇൻസ്പെക്ററർക്ക് 46-ാം വകുപ്പിലേയോ 48-ാം വകുപ്പിലേയോ വ്യവസ്ഥകൾ നടപ്പാക്കുന്നതു സംബന്ധിച്ച്, (5)-ാം ഉപവകുപ്പിൽ പരാമർശിച്ച കെട്ടിടപരിസരങ്ങളുടെ ഉടമസ്ഥന് ഉത്തരവുകൾ നല്കാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(7) ഏതെങ്കിലും കെട്ടിടപരിസരങ്ങളിൽ ഒരു മുറിയുടേയോ ഷെഡ്ഡിന്റേയോ ഭാഗങ്ങൾ വെവ്വേറെയുള്ള ഫാക്ടററികളുടെ ഉപയോഗത്തിനായി വ്യത്യസ്ത കൈവശക്കാർക്ക് വാടകയ്ക്കു കൊടുക്കുന്നിടത്ത്, കെട്ടിടപരിസരങ്ങളുടെ ഉടമസ്ഥൻ താഴെ പറയുന്ന വ്യവസ്ഥകളുടെ ഏതെങ്കിലും ഉല്ലംഘനത്തിന് ഉത്തരവാദി ആയിരിക്കുന്നതാണ്.

(i) 14-ം, 15-ം, വകുപ്പുകൾ ഒഴികെ III-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ;

(ii) 22, 23, 27, 34, 35, 36 എന്നീവകുപ്പുകൾ ഒഴികെ IV-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ :

എന്നാൽ, 21, 24, 32, എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ സംബന്ധിച്ച് ഉടമസ്ഥന്റെ ഉത്തരവാദിത്വം, അങ്ങനെയുള്ള വ്യവസ്ഥകൾ അതിന്റെ നിയന്ത്രണത്തിൻകീഴിലുള്ള കാര്യങ്ങളെ സംബന്ധിക്കുന്നിടത്തോളം മാത്രമായിരിക്കുന്നതാണ് :

എന്നുമാത്രമല്ല, കൈവശക്കാരന്റെ വകയായിട്ടുള്ളതോ അയാരംക്ക് നല്കിയിട്ടുള്ളതോ, ആയ പ്ലാന്റും മെഷിനറിയും സംബന്ധിച്ചുള്ള IV-ാം അദ്ധ്യായത്തിലെ വ്യവസ്ഥകരം അനുസരിക്കുന്നതിന് അയാരം ഉത്തരവാദിയായിരിക്കുന്നതാണ്.

(iii) 42-ാം വകുപ്പിലെ വ്യവസ്ഥകരം.

(8) സ്റേററ് ഗവൺമെൻറിന്റെ നിയന്ത്രണത്തിന്നു വിധേയമായി, ചീഫ് ഇൻസ്പെക്ടർക്ക്, (7)-ാം ഉപവകുപ്പിലെ വ്യവസ്ഥകരം നടപ്പാക്കുന്നതു സംബന്ധിച്ച് കെട്ടിടപരിസരങ്ങളുടെ ഉടമസ്ഥന്, ഉത്തരവുകരം നല്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(9) നിയോജിക്കപ്പെടുന്ന തൊഴിലാളികളുടെ ഒട്ടാകെയുള്ള സംഖ്യ ഈ ആക്ററിലെ വ്യവസ്ഥകളിൽ ഏതിന്റെയെങ്കിലും ആവശ്യങ്ങരംക്കായി കണക്ക് കൂട്ടുമ്പോരം (5)-ം (7)-ം ഉപവകുപ്പുകരം സംബന്ധിച്ച് ആ പരിസരങ്ങരം മുഴുവൻ ഒററ ഫാക്ററിയായി കരുതപ്പെടുന്നതാകുന്നു.

94. മുൻകുററസ്ഥാപനത്തിനു ശേഷമുള്ള വർദ്ധിച്ച ദണ്ഡനം.— 92-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും ആരം, അതേ വ്യവസ്ഥയുടെ ഉല്ലംഘനം ഉരംക്കൊള്ളുന്ന ഒരു കുററത്തിന് വീണ്ടും അപരാധിയാകുന്നുവെങ്കിൽ, അയാരം, പിന്നീടുള്ള കുററസ്ഥാപനത്തിൻമേൽ, ആറുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു:

എന്നാൽ, ശിക്ഷ നല്കപ്പെടുന്ന കുററം ചെയ്തതിന് രണ്ടു വർഷത്തിലധികം മുമ്പ് ചെയ്ത ഏതെങ്കിലും കുററസ്ഥാപനം, ഈ വകുപ്പിന്റെ ആവശ്യങ്ങരംക്ക് പരിഗണനയ്ക്ക് എടുക്കുന്നതല്ല.

95. ഇൻസ്പെക്ററെ തടസ്സപ്പെടുത്തുന്നതിനുള്ള ദണ്ഡനം.— ഈ ആക്റേറാ ആക്ററിൻകീഴിലോ നല്കുന്ന ഏതെങ്കിലും അധികാരം പ്രയോഗിക്കുന്നതിൽ ഇൻസ്പെക്ററെ മനഃപൂർവ്വം തടസ്സപ്പെടുത്തുകയോ, അല്ലെങ്കിൽ ഈ ആക്റേറാ അതിൻ കീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളോ അനുസരിച്ച്, വച്ചുപോരുന്നതും തന്റെ കസ്ററഡിയിലുള്ളതുമായ ഏതെങ്കിലും രജിസ്ററുകളോ മററു രേഖകളോ ഇൻസ്പെക്ടർ ആവശ്യപ്പെടുമ്പോരം ഹാജരാക്കാതിരിക്കുകയോ, അല്ലെങ്കിൽ ഇൻസ്പെക്ററുടെ മുമ്പാകെ ഹാജരാകുന്നതിൽ നിന്നോ അയാളാൽ വിസ്തരിക്കപ്പെടുന്നതിൽ നിന്നോ ഒരു ഫാക്ററിയിലെ ഏതെങ്കിലും തൊഴിലാളിയെ ഒളിപ്പിക്കുകയോ തടയുകയോ ചെയ്യുകയോ ചെയ്യുന്ന ഏതൊരാളും, മൂന്നു മാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

96. 91-ാം വകുപ്പിൻകീഴിലുള്ള വിശ്ലേഷണത്തിന്റെ ഫലങ്ങരം അന്യായമായി വെളിപ്പെടുത്തുന്നതിനുള്ള ശിക്ഷ.— ഈ ആക്ററിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററത്തിനുള്ള പ്രാസിക്യൂഷന്റെ ആവശ്യങ്ങരംക്ക് ആവശ്യകമായിടത്തോളം ഒഴികെ, 91-ാം വകുപ്പിൻകീഴിൽ ചെയ്യുന്ന വിശ്ലേഷണത്തിന്റെ ഫലങ്ങരം പ്രസിദ്ധപ്പെടുത്തുകയോ ഏതെങ്കിലും ആരംക്ക് വെളിപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും മൂന്നു മാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

97. തൊഴിലാളികളാലുള്ള കുററങ്ങരം.— (1) 111-ാം വകുപ്പിലെ വ്യവസ്ഥകരംക്ക് വിധേയമായി,

ഒരു ഫാക്ററിയിൽ നിയോജിക്കപ്പെടുന്ന ഏതെങ്കിലും തൊഴിലാളി, തൊഴിലാളികളുടെ മേൽ ഏതെങ്കിലും കർത്തവ്യമോ ബാദ്ധ്യതയോ ചുമത്തുന്ന ഈ ആക്ററിലേയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളിലേയോ ഉത്തരവുകളിലേയോ ഏതെങ്കിലും വ്യവസ്ഥ ഉല്ലംഘിക്കുന്നുവെങ്കിൽ, അയാരം ഇരുപതു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) ഒരു തൊഴിലാളി (1)-ാം ഉപവകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററത്തിന് കുററസ്ഥാപനം ചെയ്യുന്നിടത്ത്, ഫാക്ററിയുടെ കൈവശക്കാരനോ മാനേജരോ, അതു തടയുവാൻ അയാരം ന്യായമായ എല്ലാ നടപടികളും എടുക്കാതിരുന്നുവെന്ന് തെളിയിക്കാത്തപക്ഷം, ആ ഉല്ലംഘനം സംബന്ധിച്ചുള്ള കുററത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതല്ല.

98. വ്യാജമായ യോഗ്യതാ സർട്ടിഫിക്കററ് ഉപയോഗിക്കുന്നതിനുള്ള ദണ്ഡനം. 70-ാം വകുപ്പിൻകീഴിൽ മറെറാരാരംക്ക് നല്കപ്പെട്ട ഒരു സർട്ടിഫിക്കററ്, ആ വകുപ്പിൻകീഴിൽ തനിക്ക് നല്കപ്പെട്ട യോഗ്യതാസർട്ടിഫിക്കററായി ബോധപൂർവ്വം ഉപയോഗിക്കുകയോ ഉപയോഗിക്കുവാൻ ശ്രമിക്കുകയോ ചെയ്യുകയോ അല്ലെങ്കിൽ അങ്ങനെയുള്ള സർട്ടിഫിക്കററ് സമ്പാദിച്ചിരിക്കേ, അത് മറെറാരാളാൽ ഉപയോഗിക്കപ്പെടാനോ ഉപയോഗിക്കപ്പെടാനുള്ള ശ്രമം നടത്തുവാനോ ബോധപൂർവ്വം അനുവദിക്കുകയോ ചെയ്യുന്ന ഏതൊരാളും, ഒരുമാസത്തോളമാകാവുന്ന തടവുശിക്ഷയോ അൻപതു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

99. കുട്ടിയുടെ ഇരട്ട നിയോജനം അനുവദിക്കുന്നതിനുള്ള ദണ്ഡനം.— ഒരു കുട്ടി ഫാക്ററിയിൽ താൻ മറേറതെങ്കിലും ഫാക്ററിയിൽ പ്രവൃത്തിചെയ്തുകഴിഞ്ഞിട്ടുള്ള ഏതെങ്കിലും ദിവസം പ്രവൃത്തി ചെയ്യുന്നുവെങ്കിൽ, ആ കുട്ടിയുടെ മാതാവോ പിതാവോ രക്ഷാകർത്താവോ, അല്ലെങ്കിൽ ആ കുട്ടിയുടെ കസ്ററഡിയോ നിയന്ത്രണമോ ഉള്ളവനോ, ആ കുട്ടിയുടെ കൂലിയിൽനിന്ന് ഏതെങ്കിലും നേരിട്ടുള്ള ഗുണം ലഭിക്കുന്നവനോ ആയ ആളോ ആ കുട്ടി അപ്രകാരം പ്രവൃത്തി ചെയ്തത് അങ്ങനെയുള്ള മാതാവിൻേറയോ പിതാവിൻേറയോ രക്ഷാകർത്താവിൻേറയോ ആളുടേയോ സമ്മതമോ മൗനാനുവാദമോ കൂടാതെയാണെന്ന് കോടതിക്ക് തോന്നാത്തപക്ഷം, അൻപതു രൂപയോളമാകാവുന്ന പിഴശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

100. ചില സംഗതികളിൽ കൈവശക്കാരനെ തീരുമാനിക്കൽ.—

(1) ഫാക്ററിയിലെ കൈവശക്കാരൻ, ഫേമോ, വ്യക്തികളുടെ മററു സമാജമോ ആയിരിക്കുന്നിടത്ത്, അതിൻെറ പങ്കാളികളായ വ്യക്തികളിലോ പങ്കാളികളായ അംഗങ്ങളിലോ ഏതൊരുത്തനും, ഫാക്ററിയുടെ കൈവശക്കാരൻ ശിക്ഷിക്കപ്പെടാവുന്ന ഏതു കുററത്തിനും, ഈ അദ്ധ്യായത്തിൻകീഴിൽ പ്രാസിക്യൂട്ട് ചെയ്യപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാവുന്നതാണ്:

എന്നാൽ, ആ ഫേമിനോ സമാജത്തിനോ ഇൻഡ്യയിൽ താമസമുള്ള അതിൻെറ അംഗങ്ങളിൽ ഒരാളെ ഈ അദ്ധ്യായത്തിൻെറ ആവശ്യങ്ങരംക്കായി ഫാക്ററിയുടെ കൈവശക്കാരനായി നാമനിർദ്ദേശം ചെയ്തിട്ടുണ്ടെന്ന് ഇൻസ്പെക്ടർക്ക് നോട്ടീസ് നല്കാവുന്നതും,
അങ്ങനെയുള്ള ആരം, അയാരം അപ്രകാരം താമസമുള്ളിടത്തോളം കാലം, അയാളുടെ നാമനിർദ്ദേശം റദ്ദാക്കിക്കൊണ്ട് തുടർന്നുള്ള നോട്ടീസ് ഇൻസ്പെക്ടർക്ക് കിട്ടുന്നതുവരേയോ, അയാരം ആ ഫേമിൻേറയോ സമാജത്തിൻേറയോ പങ്കാളിയോ അംഗമോ അല്ലാതായിത്തീരുന്നതുവരേയോ, ഈ അദ്ധ്യായത്തിൻെറ ആവശ്യങ്ങരംക്കായി ഫാക്ററിയുടെ കൈവശക്കാരനായി കരുതപ്പെടുന്നതും ആകുന്നു.

(2) ഫാക്ററിയുടെ കൈവശക്കാരൻ കമ്പനി ആയിരിക്കുന്നിടത്ത്, അതിന്റെ ഡയറക്ററർമാരിൽ ഏതൊരുത്തനും അല്ലെങ്കിൽ സ്വകാര്യക്കമ്പനിയുടെ സംഗതിയിൽ, അതിന്റെ ഓഹരി ഉടമകളിൽ ഏതൊരുത്തനും, ഫാക്ററിയുടെ കൈവശക്കാരൻ ശിക്ഷിക്കപ്പെടാവുന്ന ഏതു കൃത്യത്തിനും ഈ അദ്ധ്യായത്തിൻകീഴിൽ പ്രാസിക്യൂട്ട് ചെയ്യപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാവുന്നതാണ്:

എന്നാൽ ആ കമ്പനിക്ക്, ഒരു ഡയറക്ററരോ അല്ലെങ്കിൽ സ്വകാര്യക്കമ്പനിയുടെ സംഗതിയിൽ ഒരു ഓഹരിയുടമയോ ആയവനും, ഈ രണ്ടു സംഗതികളിൽ ഏതിലും, ഇൻഡ്യയിൽ താമസമുള്ളവനുമായ ആളെ ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്കായി ഫാക്ററിയുടെ കൈവശക്കാരനായി നാമനിർദ്ദേശം ചെയ്തിട്ടുണ്ടെന്ന് ഇൻസ്പെക്ടർക്ക് നോട്ടീസ് നല്കാവുന്നതും, അതതു സംഗതിപോലെ, അങ്ങനെയുള്ള ഡയറക്ററരോ ഓഹരിയുടമയോ അയാൾ അപ്രകാരം താമസമുള്ളിടത്തോളം കാലം, അയാളുടെ നാമനിർദ്ദേശം റദ്ദാക്കിക്കൊണ്ട് തുടർന്നുള്ള നോട്ടീസ് ഇൻസ്പെക്ടർക്ക് കിട്ടുന്നതുവരേയോ, അയാൾ ഡയറക്ററരോ ഓഹരിയുടമയോ അല്ലാതായിത്തീരുന്നതുവരേയോ, ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾക്കായി ഫാക്ററിയുടെ കൈവശക്കാരനായി കരുതപ്പെടുന്നതാകുന്നു.

(3) 93-ാം വകുപ്പിൽ പരാമർശിച്ച ഏതെങ്കിലും കെട്ടിടപരിസരങ്ങളുടേയോ കെട്ടിടത്തിന്റേയോ ഉടമസ്ഥൻ, ഒരു വ്യക്തി അല്ലാത്തിടത്ത്, ഈ വകുപ്പിലെ വ്യവസ്ഥകൾ, ഫാക്ററികളിലെ വ്യക്തികളല്ലാത്ത കൈവശക്കാർക്ക് ബാധകമാകുന്നതുപോലെ, അങ്ങനെയുള്ള ഉടമസ്ഥന് ബാധകമാകുന്നതാണ്.

101. ചില സംഗതികളിൽ കൈവശക്കാരനേയോ മാനേജരേയോ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിവാക്കൽ.— ഫാക്ററിയുടെ കൈവശക്കാരനോ മാനേജരോ ഈ ആക്ററിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തിന് ചാർജ് ചെയ്യപ്പെടുന്നിടത്ത്, അയാൾ മുറപ്രകാരം പരാതി കൊടുക്കുന്നതിൻമേലും യഥാർത്ഥ കുററക്കാരനാണെന്ന് താൻ ആരോപിക്കുന്ന മറേറതെങ്കിലും ആളെ, ചാർജ്ജിന്റെ ഹീയറിങ്ങിന് നിശ്ചയിച്ചിട്ടുള്ള സമയത്ത്, കോടതി മുമ്പാകെ വരുത്തുന്നതിനുള്ള തന്റെ ഉദ്ദേശ്യത്തെക്കുറിച്ച് പ്രാസിക്യൂട്ടർക്ക് മൂന്ന് മുഴുവൻ ദിവസത്തിൽ കുറയാത്ത ലിഖിതമായ നോട്ടീസ് കൊടുക്കുന്നതിൻമേലും അപ്രകാരം വരുത്താവുന്നതും, കുററം ചെയ്തതു തെളിയിക്കപ്പെട്ടതിനു ശേഷം, അതതു സംഗതിപോലെ, കൈവശക്കാരനോ മാനേജരോ കോടതിക്ക് ബോദ്ധ്യപ്പെടുന്നവിധം—

(ക) ഈ ആക്ററ് നടപ്പാക്കൽ പ്രാവർത്തികമാക്കാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടുണ്ടെന്നും;

(ഖ) തന്റെ സമ്മതമോ മൗനാനുവാദമോ കൂടാതെയാണ്, മുൻപറഞ്ഞ മറേറയാൾ പ്രശ്നത്തിലുള്ള കുററം ചെയ്തതെന്നും,

തെളിയിക്കുന്നുവെങ്കിൽ, ആ മറേറ ആൾ ആ കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെടുന്നതും, അയാൾ ആ ഫാക്ററിയിലെ കൈവശക്കാരനോ മാനേജരോ ആയിരുന്നാലെന്നപോലെയുള്ള ശിക്ഷയ്ക്ക് അർഹനായിരിക്കുന്നതും, അതതു സംഗതിപോലെ, കൈവശക്കാരനോ മാനേജരോ അങ്ങനെയുള്ള കുററം സംബന്ധിച്ച് ഈ ആക്ററിൻകീഴിലുള്ള ഏതെങ്കിലും ഉത്തരവാദിത്വത്തിൽ നിന്ന് ഡിസ്ചാർജ് ചെയ്യപ്പെടുന്നതുമാകുന്നു:

എന്നാൽ, മുൻപറഞ്ഞതുപോലെ തെളിയിക്കാൻ മുതിരുന്നതിൽ, അതതു സംഗതിപോലെ, ഫാക്ററിയുടെ കൈവശക്കാരന്നോ മാനേജരോ ശപഥത്തിൻമേൽ വിസ്തരിക്കപ്പെടാവുന്നതും, അയാളുടെ തെളിവും, താങ്ങായി അയാൾ

വിളിക്കുന്ന ഏതെങ്കിലും സാക്ഷിയുടെ തെളിവും യഥാർത്ഥ കുററക്കാരനാണെന്ന് അയാൾ ആരോപിക്കുന്ന ആൾക്ക് വേണ്ടിയുള്ള എതിർ വിസ്താരത്തിനും പ്രാസിക്യൂട്ടറാലുള്ള എതിർ വിസ്താരത്തിനു വിധേയമായിരിക്കുന്നതും ആണ്. എന്നുമാത്രവുമല്ല യഥാർത്ഥ കുററക്കാരനാണെന്ന് കൈവശക്കാരനോ മാനേജരോ ആരോപിക്കുന്ന ആളെ ചാർജ്ജിന്റെ ഹീയറിങ്ങിന് നിശ്ചയിച്ചിട്ടുള്ള സമയത്ത്, കോടതി മുമ്പാകെ വരുത്താൻ കഴിയാതിരിക്കുന്നുവെങ്കിൽ, കോടതി ഹീയറിങ്ങ്, അതതു സമയം മൂന്നുമാസക്കാലത്തിൽ കവിയാതെ നീട്ടിവയ്ക്കേണ്ടതും, എന്നിട്ടും മുൻപറഞ്ഞ കാലത്തിന്റെ അവസാനത്തിൽ യഥാർത്ഥ കുററക്കാരനാണെന്ന് ആരോപിക്കപ്പെട്ടിട്ടുള്ള ആളെ കോടതി മുമ്പാകെ വരുത്തുവാൻ കഴിയുന്നില്ലെങ്കിൽ, കോടതി, കൈവശക്കാരനോ മാനേജർക്കോ എതിരായുള്ള ചാർജ്ജ് കേൾക്കാനുള്ള നടപടി തുടരേണ്ടതും, കുററം തെളിയിക്കപ്പെടുന്നുവെങ്കിൽ കൈവശക്കാരനേയോ മാനേജരേയോ കുററസ്ഥാപനം ചെയ്യേണ്ടതും ആകുന്നു.

102. <u>ഉത്തരവുകൾ പാസ്സാക്കാനുള്ള കോടതിയുടെ അധികാരം.</u>— (1) ഫാക്ററിയുടെ കൈവശക്കാരനോ മാനേജരോ ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെടുന്നിടത്ത്, ഏതെങ്കിലും ശിക്ഷ നല്കുന്നതിന്നുപുറമേ കോടതിക്ക്, ലിഖിതമായ ഉത്തരവുവഴി, അതിൽ വിനിർദ്ദേശിക്കുന്ന കാലത്തിനുള്ളിൽ, അതു യുക്തമെന്ന് തോന്നുന്നുവെങ്കിലും, അതിലേയ്ക്കുള്ള അപേക്ഷയിൻമേലും കോടതിക്ക് അതതുസമയം ദീർഘിപ്പിക്കാവുന്നതാണ്.

ഏതു കാര്യങ്ങൾ സംബന്ധിച്ചാണോ കുററം ചെയ്യപ്പെട്ടിട്ടുള്ളത്, ആ കാര്യങ്ങൾ പരിഹരിക്കുന്നതിന്ന്, വിനിർദ്ദേശിക്കുന്ന നടപടികൾ എടുക്കുവാൻ അയാളോട് ആവശ്യപ്പെടാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഉത്തരവു ചെയ്യുന്നിടത്ത്, അതതു സംഗതിപോലെ, ഫാക്ററിയുടെ കൈവശക്കാരനോ മാനേജരോ ആ കുററം തുടരുന്നതുസംബന്ധിച്ച് കോടതി അനുവദിച്ചിട്ടുള്ള കാലത്തിനുള്ളിലോ ദീർഘിപ്പിച്ചിട്ടുള്ള കാലം വല്ലതുമുണ്ടെങ്കിൽ അതിനുള്ളിലോ ഈ ആക്ററിൻകീഴിൽ ഉത്തരവാദിയായിരിക്കുന്നതല്ലാത്തതും, എന്നാൽ അതതു സംഗതിപോലെ, അങ്ങനെയുള്ള കാലമോ ദീർഘിപ്പിച്ച കാലമോ അവസാനിക്കുമ്പോൾ, കോടതിയുടെ ഉത്തരവ് പൂർണ്ണമായും അനുസരിക്കപ്പെട്ടിട്ടില്ലെങ്കിൽ, അതതുസംഗതിപോലെ, കൈവശക്കാരനോ മാനേജരോ തുടർന്ന് കുററം ചെയ്തതായി കരുതപ്പെടുന്നതും, കോടതിക്ക് ആ കുററത്തിന് ആറു മാസത്തോളമാകാവുന്ന തടവുശിക്ഷ അനുഭവിക്കാനോ അല്ലെങ്കിൽ അങ്ങനെ അവസാനിച്ചതിനുശേഷം ആ ഉത്തരവ് അനുസരിക്കപ്പെടാതിരിക്കുന്ന ഏതൊരു ദിവസത്തിനും നൂറു രൂപയോളമാകാവുന്ന പിഴ ഒടുക്കുവാനോ അല്ലെങ്കിൽ മുൻപറഞ്ഞതുപോലെയുള്ള തടവുശിക്ഷ അനുഭവിക്കുകയും മുൻപറഞ്ഞതുപോലെയുള്ള പിഴ ഒടുക്കുകയും രണ്ടും ചെയ്യുവാനോ ഉള്ള ശിക്ഷ വിധിക്കാവുന്നതും ആകുന്നു.

103. <u>നിയോജനം സംബന്ധിച്ച അനുമാനം.</u>— പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയോ മെഷിനറി ചലിച്ചുകൊണ്ടിരിക്കുകയോ ചെയ്യുമ്പോൾ, ആഹാരത്തിനോ വിശ്രമത്തിനോ ഉള്ള ഇടവേളകളിലല്ലാതെ ഏതെങ്കിലും സമയത്ത് ഒരാൾ ഫാക്ററിയിൽ കാണപ്പെടുന്നുവെങ്കിൽ, അയാൾ, വിപരീതമായതു തെളിയിക്കപ്പെടുന്നതുവരെ, ഈ ആക്ററിന്റേയും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളുടേയും ആവശ്യങ്ങൾക്ക്, ആ സമയത്ത് ആ ഫാക്ററിയിൽ നിയോജിക്കപ്പെട്ടിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

104. <u>വയസ്സ് സംബന്ധിച്ച് തെളിയിക്കേണ്ട ഭാരം.</u>— (1) ഏതെങ്കിലും കൃത്യമോ കൃത്യവിലോപമോ, ഒരാൾ ഒരു നിശ്ചിത വയസ്സിന് താഴെയാ

ണെങ്കിൽ, ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററം ആവുകയും കോടതിയുടെ അഭിപ്രായത്തിൽ അങ്ങനെയുള്ള ആരം പ്രഥമദൃഷ്ട്യാ അങ്ങനെയുള്ള വയസ്സിനുതാഴെയായിരിക്കുകയും ചെയ്യുമ്പോരം അങ്ങനെയുള്ള ആരം, അങ്ങനെയുള്ള വയസ്സിന് താഴെയല്ല എന്ന് തെളിയിക്കേണ്ട ഭാരം പ്രതിക്കായിരിക്കുന്നതാണ്.

(2) ഒരു തൊഴിലാളിയെ താൻ നേരിട്ടു പരിശോധിച്ചിട്ടുണ്ടെന്നും, അയാരം പ്രഖ്യാപനത്തിൽ പ്രസ്താവിക്കുന്ന വയസ്സിന് താഴെയാണ് എന്ന് താൻ വിശ്വസിക്കുന്നുവെന്നും ഉള്ള, അയാളെ സംബന്ധിച്ച് ഒരു സർട്ടിഫൈ ചെയ്യുന്ന ഒരു സർജൻെറ ലിഖിതമായ പ്രഖ്യാപനം ഈ ആക്ററിൻേറയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളുടേയും ആവശ്യങ്ങരംക്ക് ആ തൊഴിലാളിയുടെ വയസ്സിൻെറ തെളിവായി സ്വീകരിക്കപ്പെടുന്നതാകുന്നു.

105. കുററങ്ങരം നടപടിക്കെടുക്കൽ.—(1) യാതൊരു കോടതിയും ഈ ആക്ററിൻകീഴിലെ ഏതെങ്കിലും കുററം ഇൻസ്പെക്ടററുടേതോ, ഇൻസ്പെക്ടററുടെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയതോ ആയ ലിഖിതമായ പരാതിയിൻമേൽ, അല്ലാതെ നടപടിക്കെടുക്കുവാൻ പാടുള്ളതല്ല.

(2) പ്രസിഡൻസി മജിസ്ട്രേററിൻേറയോ ഒന്നാംക്ലാസ്സ് മജിസ്ട്രേററിൻേറയോ കോടതിയുടെ താഴെയുള്ള യാതൊരു കോടതിയും ഈ ആക്ററിൻകീഴിൽ ശിക്ഷിപ്പെടാവുന്ന ഏതെങ്കിലും കുററം വിചാരണ ചെയ്യാൻ പാടുള്ളതല്ല.

106. പ്രാസിക്യൂഷനുകരംക്കുള്ള കാലഹരണം.—യാതൊരു കോടതിയും ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം, അതിനെക്കുറിച്ചുള്ള പരാതി പറയപ്പെടുന്ന കുററം ചെയ്യൽ ഇൻസ്പെക്ടററുടെ അറിവിൽവന്ന തീയതിയുടെ മൂന്നുമാസത്തിനുള്ളിൽ കൊടുക്കാത്തപക്ഷം, നടപടിക്കെടുക്കാൻ പാടുള്ളതല്ല.

എന്നാൽ, കുററം ഇൻസ്പെക്ടറർചെയ്ത ലിഖിതമായ ഉത്തരവ് അനുസരിക്കാതിരിക്കൽ ആയിരിക്കുന്നിടത്ത്, അതിനെക്കുറിച്ചുള്ള പരാതി കുററം ചെയ്തതായി പറയപ്പെടുന്ന തീയതിയുടെ ആറുമാസത്തിനുള്ളിൽ കൊടുക്കാവുന്നതാണ്.

## അദ്ധ്യായം XI

### അനുപൂരകം

107. അപ്പീലുകരം.—(1) ഈ ആക്ററിൻെറ വ്യവസ്ഥകരംക്കുകീഴിൽ ഇൻസ്പെക്ടററുടെ ലിഖിതമായ ഉത്തരവു നടത്തപ്പെട്ട ഫാക്ടററി മാനേജർക്കോ അല്ലെങ്കിൽ ഫാക്ടററിയുടെ കൈവശക്കാരനോ, ഉത്തരവു നടത്തിയതിൻെറ മുപ്പതുദിവസത്തിനുള്ളിൽ, അതിനെതിരായി, നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനത്തിന് അപ്പീൽ ചെയ്യാവുന്നതും, അങ്ങനെയുള്ള അധികാരസ്ഥാനത്തിന് ഇതിലേക്ക് സ്റേററ് ഗവൺമെൻറ് ഉണ്ടാക്കുന്ന ചട്ടങ്ങരംക്ക് വിധേയമായി, ആ ഉത്തരവു സ്ഥിരപ്പെടുത്തുകയോ രൂപഭേദപ്പെടുത്തുകയോ മറിച്ചുവിധിക്കുകയോ ചെയ്യാവുന്നതും ആണ്.

(2) സ്റേററ് ഗവൺമെൻറ് ഇതിലേക്ക് ഉണ്ടാക്കുന്ന ചട്ടങ്ങരംക്ക് വിധേയമായി, (അസസ്സർമാരുടെ സഹായത്തോടുകൂടി കേരംക്കാൻ പാടില്ലാത്തതരം അപ്പീലുകരം സ്റേററ് ഗവൺമെൻറിന് നിർണ്ണയിക്കാവുന്നതാണ്) അപ്പീൽ അധികാരസ്ഥാനത്തിന് അസസ്സർമാരുടെ സഹായത്തോടുകൂടി

അപ്പീൽ കേരംക്കാവുന്നതും, അപ്പീൽ ഹർജി ആവശ്യപ്പെടുന്നുവെങ്കിൽ അപ്രകാരം കേരംക്കേണ്ടതും, ആ അസസ്സർമാരിൽ ഒരാരം അപ്പീൽ അധികാരസ്ഥാനത്താലും മറേറയാരം നിർണ്ണയിക്കപ്പെടാവുന്നതും ബന്ധപ്പെട്ട വ്യവസായത്തെ പ്രതിനിധാനം ചെയ്യുന്ന നികായത്താലും, നിയമിക്കപ്പെടേണ്ടതുമാകുന്നു:

എന്നാൽ, അപ്പീലിൻെറ ഹീയറിങ്ങിന് നിജപ്പെടുത്തിയ സമയത്തിനുമുൻപ് യാതൊരു അസസ്സറും, അങ്ങനെയുള്ള നികായത്താൽ നിയമിക്കപ്പെടാതിരിക്കുകയോ അല്ലെങ്കിൽ അപ്രകാരം നിയമിക്കപ്പെട്ട അസസ്സർ അങ്ങനെയുള്ള സമയത്ത് ഹീയറിങ്ങിൽ ഹാജരാകാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, അങ്ങനെ ഹാജരാകാതിരുന്നത് മതിയായ കാരണത്താലാണെന്ന് ബോദ്ധ്യപ്പെടാത്ത പക്ഷം, അപ്പീലധികാരസ്ഥാനത്തിന് അങ്ങനെയുള്ള അസസ്സറുടെ സഹായം കൂടാതെയോ, അല്ലെങ്കിൽ യുക്തമെന്ന് തോന്നുന്നെങ്കിൽ, യാതൊരു അസസ്സർമാരുടേയും സഹായംകൂടാതേയോ, അപ്പീൽ കേരംക്കാനുള്ള നടപടി തുടരാവുന്നതാണ്.

(3) സ്റേററ് ഗവൺമെൻറ് ഇതിലേക്ക് ഉണ്ടാക്കുന്ന ചട്ടങ്ങരംക്ക് വിധേയമായും, ഭാഗികമായി അനുസരിക്കുന്നതോ താത്കാലികനടപടികരം സ്വീകരിക്കുന്നതോ സംബന്ധിച്ച് ഏതെങ്കിലും സംഗതിയിൽ ചുമത്തുന്നതു യുക്തമെന്ന് അപ്പീലധികാരസ്ഥാനത്തിന് തോന്നുന്ന ഉപാധികരംക്ക് വിധേയമായും, അപ്പീൽ അധികാരസ്ഥാനത്തിന് യുക്തമെന്ന് തോന്നുന്നുവെങ്കിൽ, അപ്പീൽത്തീരുമാനംവരെ, അപ്പീൽചെയ്യപ്പെട്ട ഉത്തരവ് സസ്പെൻഡ് ചെയ്യാവുന്നതാണ്.

108. നോട്ടീസുകരം പ്രദർശിപ്പിക്കുന്നത്.—(1) ഏതെങ്കിലും ഫാക്ററിയിൽ പ്രദർശിപ്പിക്കണമെന്ന് ഈ ആക്ററോ അതിൻകീഴിലോ ആവശ്യപ്പെടുന്ന നോട്ടീസുകരംക്ക് പുറമെ, ഏതൊരു ഫാക്ററിയിലും, ഈ ആക്ററിൻേറയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളുടേയും നിർണ്ണയിക്കപ്പെടുന്ന ചുരുക്കങ്ങരം അടങ്ങുന്ന നോട്ടീസും കൂടാതെ, ഇൻസ്പെക്ററുടേയും സർട്ടിഫൈ ചെയ്യുന്ന സർജ്ജൻേറയും പേരും മേൽവിലാസവും പ്രദർശിപ്പിക്കേണ്ടതാകുന്നു.

(2) ഒരു ഫാക്ററിയിൽ പ്രദർശിപ്പിക്കണമെന്ന് ഈ ആക്ററോ അതിൻകീഴിലോ ആവശ്യപ്പെടുന്ന എല്ലാ നോട്ടീസുകളും ഇംഗ്ലീഷിലും, ഫാക്ററിയിലെ ഭൂരിപക്ഷം തൊഴിലാളികരംക്കും മനസ്സിലാകുന്ന ഒരു ഭാഷയിലും ആയിരിക്കേണ്ടതും, അവ ഫാക്ററിയുടെ മുഖ്യ പ്രവേശനദ്വാരത്തിലോ അതിനടുത്തോ, ശ്രദ്ധയാകർഷിക്കത്തക്കതും സൗകര്യമുള്ളതും ആയ വല്ല സ്ഥലത്തും പ്രദർശിപ്പിക്കേണ്ടതും, വ്യക്തമായതും വായിക്കാവുന്നതുമായ സ്ഥിതിയിൽ നിലനിറുത്തേണ്ടതുമാകുന്നു.

(3) ചീഫ് ഇൻസ്പെക്ടർക്ക് ഏതെങ്കിലും ഫാക്ററിയിലെ തൊഴിലാളികളുടെ ആരോഗ്യമോ രക്ഷയോ ക്ഷേമമോ സംബന്ധിച്ച് മറേറതെങ്കിലും നോട്ടീസോ ചുമർ പരസ്യമോ ഫാക്ററിയിൽ പ്രദർശിപ്പിക്കേണ്ടതാണെന്ന് ഫാക്ററിയുടെ മാനേജർക്ക് നടത്തുന്ന ലിഖിതമായ ഉത്തരവുവഴി ആവശ്യപ്പെടാവുന്നതാണ്.

109. നോട്ടീസുകരം നടത്തുന്നത്.—സ്റേററ് ഗവൺമെൻറിന്, ഫാക്ററികളുടെ ഉടമസ്ഥൻമാർക്കോ കൈവശക്കാർക്കോ മാനേജർമാർക്കോ ഈ ആക്ററിൻകീഴിലെ നടത്തുന്നതിൻെറ രീതി നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങരം ഉണ്ടാക്കാവുന്നതാണ്.

110. റിട്ടേണുകരം.—സ്റേററ് ഗവൺമെൻറിന്, അതിൻെറ അഭിപ്രായത്തിൽ ഈ ആക്ററിൻെറ ആവശ്യങ്ങരംക്ക് വേണ്ടതായ, അപ്പപ്പോരം ഉള്ളതോ ആനുകാലികമായതോ ആയ റിട്ടേണുകരം സമർപ്പിക്കാൻ ഫാക്ററികളുടെ

ഉടമസ്ഥൻമാരോടോ കൈവശക്കാരോടോ മാനേജർമാരോടോ ആവശ്യപ്പെടുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

111. തൊഴിലാളികളുടെ കടപ്പാടുകൾ.—(1) ഫാക്ററിയിലെ യാതൊരു തൊഴിലാളിയും—

(ക) ഒരു ഫാക്ററിയിൽ, അതിലെ തൊഴിലാളികളുടെ ആരോഗ്യമോ രക്ഷയോ ക്ഷേമമോ ഉറപ്പുവരുത്തുന്ന ആവശ്യങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉപകരണത്തിലോ സൗകര്യത്തിലോ മററു സാധനങ്ങളിലോ മനഃപൂർവ്വം കൈകടത്തുകയോ അവ ദുരുപയോഗപ്പെടുത്തുകയോ ചെയ്യുകയും;

(ഖ) തനിക്കോ മററുള്ളവർക്കോ അപായം ഉളവാക്കാനിടയുള്ള ഏതെങ്കിലും മനഃപൂർവ്വവും ന്യായമായ കാരണംകൂടാതേയും ചെയ്യുകയും;

(ഗ) ഒരു ഫാക്ററിയിൽ അതിലെ തൊഴിലാളികളുടെ ആരോഗ്യമോ രക്ഷയോ ഉറപ്പുവരുത്തുന്ന ആവശ്യങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുള്ള ഉപകരണമോ മററു സാധനമോ ഉപയോഗിക്കാൻ മനഃപൂർവ്വം ഉപേക്ഷ വരുത്തുകയും;

ചെയ്യാൻ പാടുള്ളതല്ല.

(2) ഒരു ഫാക്ററിയിൽ നിയോജിക്കപ്പെടുന്ന ഏതെങ്കിലും തൊഴിലാളി, ഈ വകുപ്പിലെ വ്യവസ്ഥകളിൽ ഏതെങ്കിലുമോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടമോ, ഉത്തരവോ ഉല്ലംഘിക്കുന്നുവെങ്കിൽ, അയാൾ മൂന്നു മാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ നൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

112. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള സാമാന്യാധികാരം.—സ്റേററ് ഗവൺമെൻറിന് ഈ ആക്ററിലെ വ്യവസ്ഥകളിൽ ഏതിൻെറയെങ്കിലും കീഴിൽ നിർണ്ണയിക്കപ്പെടേണ്ടതോ അല്ലെങ്കിൽ ഈ ആക്ററിൻെറ ആവശ്യങ്ങൾ ഫലത്തിൽ വരുത്തുന്നതിന് സമീചീനമാണെന്ന് പരിഗണിക്കപ്പെടുന്നതോ ആയ ഏതെങ്കിലും വിഷയത്തിന് വ്യവസ്ഥചെയ്യുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

113. നിദേശങ്ങൾ കൊടുക്കാനുള്ള കേന്ദ്രത്തിൻെറ അധികാരങ്ങൾ.—കേന്ദ്രഗവൺമെൻറിന്, ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ഒരു സ്റേററ് ഗവൺമെൻറിന് നിദേശങ്ങൾ കൊടുക്കാവുന്നതാണ്.

114. സൗകര്യങ്ങൾക്ക് ചാർജ്ജില്ലെന്ന്.—46–ാം വകുപ്പിൻെറ വ്യവസ്ഥകൾക്ക് വിധേയമായി, ഈ ആക്ററിലെ വ്യവസ്ഥകൾക്ക് കീഴിൽ കൈവശക്കാരൻ ഏർപ്പെടുത്തേണ്ട ഏതെങ്കിലും ഏർപ്പാടുകൾക്കോ സൗകര്യങ്ങൾക്കോ അല്ലെങ്കിൽ നല്കേണ്ട ഏതെങ്കിലും കോപ്പുകൾക്കോ ഉപകരണങ്ങൾക്കോ ഏതെങ്കിലും തൊഴിലാളിയിൽനിന്ന് യാതൊരു ഫീസും അല്ലെങ്കിൽ ചാർജ്ജും വസൂലാക്കാൻ പാടുള്ളതല്ല.

115. ചട്ടങ്ങളുടെ പ്രസിദ്ധീകരണം.—ഈ ആക്ററിൻകീഴിൽ ഉണ്ടാക്കുന്ന എല്ലാ ചട്ടങ്ങളും ഔദ്യോഗികഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്ക് വിധേയമായിരിക്കുന്നതും, സാമാന്യ ഖണ്ഡങ്ങൾ ആക്ററ്, 1897 (1897–ലെ 10) 23–ാം വകുപ്പ് (3)–ാം ഖണ്ഡത്തിൻകീഴിൽ വിനിർദേശിക്കേണ്ട തീയതി നിർദേശിക്കപ്പെട്ട ചട്ടങ്ങളുടെ കരട് പ്രസിദ്ധപ്പെടുത്തിയ തീയതിമുതൽ മൂന്നുമാസത്തിനപ്പുറമായിരിക്കേണ്ടതും ആകുന്നു.

116. ഗവൺമെൻറിൻെറ ഫാക്ററികൾക്ക് ആക്ററ് ബാധകമാകുന്നത്.—മററുവിധത്തിൽ വ്യവസ്ഥചെയ്യാത്തപക്ഷം, ഈ ആക്ററ് കേന്ദ്രഗവൺമെൻറിൻേറയോ ഏതെങ്കിലും സ്റേററ് ഗവൺമെൻറിൻേറയോ വകയായ ഫാക്ററികൾക്ക് ബാധകമാകുന്നതാണ്.

117. ഈ ആക്ററിൻകീഴിൽ പ്രവർത്തിക്കുന്ന ആളുകൾക്കുള്ള സംരക്ഷണം.—ഈ ആക്ററിൻകീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്നതോ അല്ലെങ്കിൽ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തിനെങ്കിലും, ഏതെങ്കിലും ആൾക്കെതിരായി യാതൊരു വ്യവഹാരവും പ്രാസിക്യൂഷനും അല്ലെങ്കിൽ മററു നിയമനടപടിയും നിലനില്ക്കുന്നതല്ല.

118. വിവരം വെളിപ്പെടുത്തുന്നതിനുള്ള നിയന്ത്രണം.—(1) യാതൊരു ഇൻസ്പെക്ററും നിർമ്മാണപരമോ വാണിജ്യപരമോ ആയ ഏതെങ്കിലും ബിസിനസ്സോ ഏതെങ്കിലും പ്രവർത്തനപ്രക്രിയയോ സംബന്ധിച്ച് തൻെറ ഔദ്യോഗികകർത്തവ്യങ്ങൾക്കിടയിൽ തൻെറ അറിവിൽ വരുന്ന ഏതെങ്കിലും വിവരം, സേവനത്തിൽ ആയിരിക്കുമ്പോഴോ സേവനത്തിൽനിന്ന് വിട്ടതിനുശേഷമോ ഈ ആക്ററ് നടപ്പാക്കുന്നതു സംബന്ധിച്ചോ ആക്ററിൻെറ ആവശ്യങ്ങൾക്കായോ അല്ലാതെ, വെളിപ്പെടുത്താൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിലെ യാതൊന്നും, അങ്ങനെയുള്ള ബിസിനസ്സിൻേറയോ പ്രക്രിയയുടേയോ ഉടമസ്ഥൻെറ ലിഖിതമായ മുൻ സമ്മതത്തോടുകൂടി ചെയ്യുന്നതോ, അല്ലെങ്കിൽ ഈ ആക്ററിന് അനുസൃതമായ (മാദ്ധ്യസ്ഥ്യം ഉൾപ്പെടെയുള്ള) ഏതെങ്കിലും നിയമ നടപടിയുടേയോ ഈ ആക്ററിന് അനുസൃതമായോ അല്ലാതെയോ എടുക്കുന്ന ഏതെങ്കിലും ക്രിമിനൽ നടപടിയുടേയോ, ആവശ്യങ്ങൾക്കുള്ളതോ അല്ലെങ്കിൽ മുൻപറഞ്ഞതുപോലെയുള്ള നടപടികളുടെ ഏതെങ്കിലും റിപ്പോർട്ടിൻെറ ആവശ്യങ്ങൾക്കുള്ളതോ ആയ ഏതെങ്കിലും വിവരം വെളിപ്പെടുത്തലിന് ബാധകമാകുന്നതല്ല.

(3) ഏതെങ്കിലും ഇൻസ്പെക്ററർ, (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഉല്ലംഘിക്കുന്നുവെങ്കിൽ അയാൾ ആറുമാസത്തോളമാകാവുന്ന കാലത്തേക്കുള്ള തടവുശിക്ഷയോ ആയിരംരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

119. (1938-ലെ 26-ാം ആക്ററ് 3-ാം വകുപ്പിൻെറ ഭേദഗതി) ഭേദഗതിയും റദ്ദാക്കലും ആക്ററ്, 1950 (1950-ലെ 35) വകുപ്പ് 2-ഉം പട്ടിക 1-നാലും റദ്ദാക്കപ്പെട്ടു.

120. റദ്ദാക്കലും ഒഴിവാക്കലും.—ഈ വകുപ്പിന് അനുബന്ധമാക്കിയിരിക്കുന്ന അനുസൂചികയിൽ പറഞ്ഞിട്ടുള്ള അധിനിയമങ്ങൾ ഇതിനാൽ റദ്ദാക്കിയിരിക്കുന്നു:

എന്നാൽ, മുൻപറഞ്ഞ അധിനിയമങ്ങൾക്ക് കീഴിൽ ചെയ്യപ്പെട്ടിട്ടുള്ളതും ഈ ആക്ററ് അപ്പോൾ പ്രാബല്യത്തിൽ ഉണ്ടായിരുന്നുവെങ്കിൽ അതിൻകീഴിൽ ചെയ്യാൻ കഴിയുമായിരുന്നതുമായ എന്തെങ്കിലും ഈ ആക്ററിൻകീഴിൽ ചെയ്തതായി കരുതപ്പെടുന്നതാകുന്നു.

അനുസൂചിക.—(റദ്ദാക്കപ്പെട്ട അധിനിയമങ്ങൾ) ഭേദഗതിയും റദ്ദാക്കലും ആക്ററ്, 1950 (1950-ലെ 35) വകുപ്പ് 2-ഉം പട്ടിക 1-നാലും റദ്ദാക്കപ്പെട്ടു.

## പട്ടിക

(89–ം, 90–ം വകുപ്പുകൾ നോക്കുക)

നോട്ടീസ് കൊടുക്കേണ്ട രോഗങ്ങളുടെ ലിസ്റ്റ്

1. ഏതെങ്കിലും ഈയക്കൂട്ടോ യൗഗികമോ ഉൾപ്പെടെയുള്ള ഈയവിഷബാധയോ അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ.
2. ലെഡ് ടെട്രാ–ഏഥിൽ വിഷബാധ.
3. ഫാസ്ഫറസ് വിഷബാധ അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ.
4. മെർക്കുറി വിഷബാധ അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ.
5. മാൻഗനീസ് വിഷബാധ അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ.
6 ആഴ്സനിക് വിഷബാധ അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ.
7. നൈട്രസ് ധൂമംകൊണ്ടുള്ള വിഷബാധ.
8. കാർബൺഡൈ സൽഫയിഡ് വിഷബാധ.
9. ബെൻസീനിന്റെ ഏതെങ്കിലും സജാതീയങ്ങളാലോ, അല്ലെങ്കിൽ അവയുടെ നൈട്രോ വ്യുൽപന്നങ്ങളാലോ അമിഡോ വ്യുൽപന്നങ്ങളാലോ ഉള്ള വിഷബാധ ഉൾപ്പെടെയുള്ള ബെൻസീൻ വിഷബാധ അല്ലെങ്കിൽ തജ്ജന്യരോഗാവസ്ഥ.
10. ക്രോം അൾസറേഷൻ അല്ലെങ്കിൽ തജ്ജന്യരോഗാ പസ്ഥ.
11. ആന്ത്രാക്സ്.
12. സിലികോസിസ്.
13. ഹാലോജനുകളാലോ അല്ലെങ്കിൽ അലിഫാററിക് പരമ്പരയിലുള്ള ഹൈഡ്രോകാർബണുകളുടെ ഹാലോജൻ വ്യുത്പന്നങ്ങളാലോ ഉള്ള വിഷബാധ.
14. (ക) റേഡിയം അല്ലെങ്കിൽ മററു റേഡിയോ ആക്ററീവ് പദാർത്ഥങ്ങളോ,

    (ഖ) എക്സ്റേകളോ,

    കാരണമായി ഉണ്ടാകുന്ന രോഗവിജ്ഞാനീയ ലക്ഷണങ്ങൾ.
15. ചർമ്മത്തിന്റെ പ്രൈമറി എപ്പിത്തെലിയോ മാററസ് കാൻസർ.
16. ടാക്സിക് അനീമിയാ.
17. വിഷപദാർത്ഥങ്ങൾമൂലമുള്ള ടാക്സിക്ജാണ്ടിസ്.